# സത്യദൂതൻ

2018 മാർച്ച് | ലക്കം 3

വില ₹ 30



## ഇസ്‌ലാമും അനാഥകളും

### സ്വന്തം കുട്ടികൾക്ക് മുമ്പിൽ മുട്ടുവിറക്കുന്ന അമേരിക്ക

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below






The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2018 മാർച്ച്
ഹി.ശ.1398 - അമാൻ
1439 ജ. ആഖർ - റജബ്
പുസ്തകം 90 ലക്കം 3
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം

**ലഘു ഖുർആൻ അദ്ധ്യായങ്ങളുടെ അളവറ്റ അനുഗ്രഹങ്ങൾ**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 16-02-2018ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**12**

**മുഹമ്മദ് നബി(സ) യുടെ വൈവാഹിക ജീവിതം: ആത്മസമർപ്പണത്തിന്റെ സമുജ്ജ്വല സാക്ഷ്യം**

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**15**

**റിച്ചാർഡ് ഡാക്കിൻസ് വിമർശിക്കപ്പെടുന്നു - 2**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**19**

**മലക്കുകൾ - 6**
**മലക്കും മനുഷ്യനും: ആരാണ് ശ്രേഷ്ഠൻ?**

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**26**

**ഇസ്‌ലാമും അനാഥകളും**

ഇബ്നു മഹ്ദി

**32**

**ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ - 17**

ഇബ്നു വഫ കോഴിക്കോട്

**39**

കുറിപ്പുകൾ

**സ്വന്തം കുട്ടികൾക്ക് മുമ്പിൽ മുട്ടുവിറക്കുന്ന അമേരിക്ക**

മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



ഞങ്ങളുടെ നാഥാ, ഞങ്ങളുടെ ഇണകളിൽ നിന്നും ഞങ്ങളുടെ സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ പ്രദാനം ചെയ്യേണമേ, ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ മാതൃകയാക്കേണമേ. (അൽഫുർഖാൻ 25:75).



## നബിവചനം

നബി (സ) പറയുന്നു:
ഒരു പിതാവിനും തന്റെ സന്തതിക്ക്, നല്ല ശിക്ഷണത്തെക്കാൾ മഹത്തായ ഒരു സമ്മാനം നൽകാൻ കഴിയുകയില്ല. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം



കുട്ടികളെ ശകാരിക്കേണ്ടതും അനിവാര്യമാണ്. അവരെ വികൃതി കാണിക്കുന്ന സമയത്ത് തന്നെ അതിൽ നിന്ന് വിലക്കിയില്ലെങ്കിൽ മുതിർന്നു കഴിഞ്ഞാൽ അവരുടെ പര്യവസാനം ശുഭമായിരിക്കില്ല. ചെറുപ്പത്തിൽ കുട്ടികളെ മര്യാദ പഠിപ്പിച്ചാൽ അവർക്ക് നല്ലവണ്ണം ഓർമ്മ നിൽക്കും. കാരണം ആ സമയത്ത് അവരുടെ ഓർമ്മശക്തി കൂടുതലായിരിക്കും. (മൽഫൂദാത്)

എഡിറ്റോറിയൽ

# സന്താന പരിപാലനം

മനുഷ്യശിശുവിന് ശാരീരികമായും ആത്മീയമായും ബുദ്ധിപരമായും വൈകാരികമായും സാമൂഹികമായും വളരാനുള്ള പോഷണവും പ്രോത്സാഹനവും രക്ഷിതാക്കൾ നൽകുന്നതിനെയാണ് സന്താന പരിപാലനം (Parenting) എന്ന് പറയുന്നത്. ആധുനിക കാലത്ത് ഇത് വ്യക്തമായ ആസൂത്രണത്തോടെ ജാഗ്രതപൂർവം നിർവഹിക്കേണ്ട കാര്യമാണ്. മനുഷ്യനെ ദൈവം സൃഷ്ടിച്ചത് അവനെ ആരാധിക്കാനാണ് എന്നതാണ് നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം. മനുഷ്യജീവിതം ഏതുനിമിഷവും പൊലിഞ്ഞു പോകാവുന്ന ഒന്നാണ് എന്ന അവബോധം വിവേകമുദിക്കുന്ന നാളിൽ തന്നെ കുട്ടികളിൽ അങ്കുരിപ്പിക്കണം. മനുഷ്യന് ജീവിതത്തിൽ രണ്ട് കടമകളാണ് നിർവഹിക്കാനുള്ളത്. ഒന്ന് ഹുഖൂക്കുല്ലാഹ് (അല്ലാഹുവിനോടുള്ള കടമ - ആരാധന, ദൈവസ്മരണ വ്രതാനുഷ്ഠാനം, സക്കാത്ത്, ഹജ്ജ് മുതലായ മതപരമായ ദൈവത്തോടുള്ള കടമകൾ, രണ്ട് അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ. (ഹുഖൂഖുൽ ഇബാദ്- നല്ല മകനും/മകളും ആയിരിക്കുക, നല്ല ഭർത്താവും/ ഭാര്യയുമായിരിക്കുക, നല്ല പൗരനും നല്ല അയൽക്കാരനും നല്ല സ്നേഹിതനുമായിരിക്കുക.)

സന്താന പരിപാലന കാര്യത്തിൽ വിശുദ്ധ ഖുർആനും റസൂൽ തിരുമേനി(സ) യും വാഗ്ദത്ത മസീഹും (അ) കാലത്തിന്റെ ഖലീഫമാരും നൽകുന്ന ഉപദേശങ്ങൾ നാം മാർഗദർശനമായി സ്വീകരിക്കണം. ഏറ്റവും സുപ്രധാനമായ വശം രക്ഷിതാക്കന്മാർ സ്വയം തന്നെ കുട്ടികൾക്ക് ഒരു മാതൃകയായിത്തീരണം എന്നതാണ്. ചെറുപ്രായത്തിൽ വാക്കുകളേക്കാൾ കുട്ടികളെ ആകർഷിക്കുക കർമങ്ങളാണ്. രക്ഷിതാക്കൾ സത്ക്കർമങ്ങളുടെ മാതൃകകളായി കുട്ടികൾക്ക് മുമ്പിൽ ജീവിക്കണം. കുട്ടികൾ അവരുടെ അനുകർത്താക്കളും ഒരർഥത്തിലുള്ള ആരാധകരുമാണ്. സത്യം, നീതി, ദയ, അനുകമ്പ, സഹാനുഭൂതി, ധനത്യാഗം, മുതിർന്നവരോടുള്ള ബഹുമാനം, പരോപകാരം, ആഢംബരത്തോടും പൊങ്ങച്ചത്തോടുമുള്ള വിരക്തി, മനുഷ്യരെല്ലാവരും ഒന്നാണെന്ന സമഭാവനയോടെയുള്ള പെരുമാറ്റം, ലളിത ജീവിതത്തിന്റെ ഔന്നത്യം, വിട്ടുവീഴ്ച, രക്തബന്ധങ്ങളെ മാനിക്കൽ, മാപ്പ് മുതലായ മൂല്യങ്ങളിലധിഷ്ഠിതമായ കർമങ്ങൾ രക്ഷിതാക്കന്മാർ കുട്ടികൾക്ക് മുമ്പിൽ ജീവിച്ച് മാതൃകകാട്ടുകയും ഉചിതമായ അവസരങ്ങളിൽ നല്ല ഉപദേശങ്ങൾ നൽകുകയും വേണം.

കുട്ടികളുടെ കൗമാര വിദ്യാഭ്യാസകാലം രക്ഷിതാക്കന്മാർ ഏറ്റവും ശ്രദ്ധ ചെലുത്തേണ്ട കാലമാണ്. വിശുദ്ധ ഖുർആൻ ചെറുപ്രായത്തിൽ തന്നെ പരമാവധി അർഥസഹിതം ഹൃദിസ്ഥമാക്കിയാൽ അത് ഒരു മനുഷ്യന്റെ ജീവിതകാലം മുഴുവൻ സൽപന്ഥാവിലേക്ക് വഴികാട്ടും. വിശുദ്ധ ഖുർആന്റെ ഈ അത്ഭുതസിദ്ധിയെ പറ്റി ഓരോ രക്ഷിതാവും ബോധവാനായിരിക്കണം.

ആധുനിക കാലത്ത് വിജ്ഞാനമാണ് അധികാരവും സമ്പത്തും ശക്തിയും. ഇതൊരു ശക്തമായ മത്സരവേദിയാണ് എന്ന ബോധത്തോടെ മക്കൾക്ക് വിജ്ഞാനം ആർജിക്കുന്ന കാര്യത്തിൽ രക്ഷിതാക്കന്മാർ ജാഗരൂഗരായിരിക്കണം. കുട്ടികളുടെ സ്കൂളുമായും അവരുടെ അദ്ധ്യാപകരും സുഹൃത്തുക്കളുമായും നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കേണ്ടതാണ്. വായനാശീലം ഉണ്ടാക്കാനും എല്ലാ വിജ്ഞാനങ്ങളും ആർജിക്കാനും ഉത്ക്കടമായ ആഗ്രഹം ബോധപൂർവം കുട്ടികളിൽ ഉണ്ടാക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. കുട്ടികൾ ആർജിക്കുന്ന വിജ്ഞാനങ്ങൾ ഖുർആനിക ജ്ഞാനങ്ങളു ടെ അടിസ്ഥാനത്തിൽ ചിന്തിക്കുന്ന ശീലവും ഉണ്ടാക്കണം. അത് പോലെ മൊബൈൽ, മൾട്ടിമീഡിയ ഉപയോഗത്തിൽ ചെറുപ്രായത്തിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തണം. സച്ചരിതരും നന്മ ചെയ്യുന്ന സാമൂഹിക സംഘടനകളുമായി (ഖുദ്ദാമുൽ അഹ്മദിയ്യ, അത്ഫാൽ അഹ്മദിയ്യ, നാസിറാത്തുൽ അഹ്മദിയ്യാ) സഹകരിച്ച് പ്രവർത്തിക്കാൻ കുട്ടികൾക്ക് പ്രോത്സാഹനം നൽകണം.

പല വീടുകളിലും ആൺകുട്ടികൾക്ക് പ്രത്യേക പരിഗണനയും പെൺകുട്ടികൾക്ക് അവഗണന യുമാണ് ലഭിക്കുന്നത്. ഇത് റസൂൽ തിരുമേനി (സ) അങ്ങേയറ്റം വെറുപ്പ് പ്രകടിപ്പിച്ച കാര്യമാണ്. തുല്യപരിഗണനയാണ് വേണ്ടത്. പെൺകുട്ടികളെ വളർത്തി നല്ലനിലയിൽ എത്തിക്കുന്നവനാണ് സ്വർഗാവകാശി എന്നാണ് നബി (സ) തിരുമേനി ഊന്നിപ്പറഞ്ഞത്. സന്താനങ്ങൾക്ക് വേണ്ടി മാതാപിതാക്കൾ നടത്തുന്ന വേദനയും ആത്മാർഥതയും നിറഞ്ഞ പ്രാർഥന അല്ലാഹു നിരുപാധികം സ്വീകരിക്കും എന്നാണ് റസൂൽ തിരുമേനി(സ) പറഞ്ഞത്. അത്കൊണ്ട് മക്കൾക്ക് വേണ്ടി നിരന്തരം പ്രാർഥിച്ചു കൊണ്ടിരിക്കൽ ഒരു നല്ല രക്ഷിതാവിന്റെ അടയാളമാണ്. ഖുർആന്റെ ഒരു പ്രാർഥന ഇപ്രകാരമാണ്. ***'ഞങ്ങളുടെ നാഥാ, ഞങ്ങളുടെ ഇണകളിൽ നിന്നും ഞങ്ങളുടെ സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ പ്രദാനം ചെയ്യേണമേ, ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ മാതൃകയാക്കേണമേ'(അൽഫുർഖാൻ 25:75).***



ഹദ്റത്ത് അഹ്മദ് (അ)

# നബി (സ) തിരുമേനി യുടെ അനാഥ ബാല്യം

അബൂതാലിബിനെ സംബന്ധിച്ച് അല്ലാഹു എനക്കറിയിച്ചുതന്ന വൃത്താന്തത്തിൽനിന്ന് അദ്ദേഹത്തിന്റെ സഹാനുഭൂതിയും സഹതാപവും വെളിപ്പെടുന്നുണ്ട്. പക്ഷേ, ആ അനുകമ്പ നബി(സ) തിരുമേനിയുടെ നുബുവ്വത്തിന്റെ ദിവ്യതേജസ്സും സ്ഥൈര്യത്തിന്റെ വിളങ്ങുന്ന അടയാളങ്ങളും ദർശിച്ചുകൊണ്ട് പിൽകാലത്ത് ഉണ്ടായിട്ടുള്ളതാണെന്ന് പൂർണ സ്പഷ്ടതയോടെ തെളിയുന്നു. നമ്മുടെ നേതാവും യജമാനനുമായ നബി(സ) തിരുമേനി നാല്പത് വയസ്സ് വരെയുള്ള ആയുസ്സിന്റെ വലിയൊരു ഭാഗം ദാരിദ്ര്യത്തിലും വ്യസനാവസ്ഥയിലും അനാഥത്വത്തിലുമാണ് കഴിച്ചുകൂട്ടിയിരുന്നത്. ഒരു ബന്ധുവോ മിത്രമോതന്നെ ആ ഏകാന്തവാസകാലത്ത് നബി(സ) തിരുമേനിക്ക് ബന്ധുത്വത്തിന്റെയും മിത്രഭാവത്തിന്റെയും അവകാശങ്ങൾ നൽകിയിയിരുന്നില്ല. ഏതുവരെയെന്നാൽ, ആ ആത്മീയലോകത്തിന്റെ ചക്രവർത്തി തന്റെ ശൈശവകാലത്ത് അഗതിക്കുഞ്ഞുങ്ങളെ പോലെ ചില വനവാസികളും നാടോടികളുമായ സ്ത്രീകൾക്ക് ഏല്പിച്ചുകൊടുക്കപ്പെടുകയാണുണ്ടായത്. അതേ അശരണതയുടേയും ദാരിദ്ര്യത്തിന്റേയും അവസ്ഥയിലാണ് **'സർവസൃഷ്ടികുലോത്തമൻ'** തന്റെ പാൽ കുടിക്കുന്ന പ്രായം പൂർത്തിയാക്കിയത്. പിന്നീട് തിരിച്ചറിവിന്റെ കാലത്തെത്തിയപ്പോൾ ആരോരുമില്ലാത്ത അനാഥരും അശരണരുമായ പൈതങ്ങളെ പോലെ ആ വനവാസികൾ അവരുടെ ആടുകളെ മേയ്ക്കുന്ന ചുമതല ആ **"സകലലോകങ്ങളാലും സേവിക്കപ്പെടേണ്ട"** മഹാനുഭാവന്റെ തോളിലിട്ടു. ആ അരിഷ്ടതയുടെ നാളുകളിൽ തുച്ഛമായ ധാന്യങ്ങളും ആട്ടിൻപാലുമല്ലാതെ മറ്റൊന്നും ഭക്ഷണമായി ലഭിച്ചിരുന്നില്ല. വയസ്സ് പക്വതയുടെ ഘട്ടത്തിലെത്തിയപ്പോൾ നബി(സ) തിരുമേനി ഒന്നാംതരം സൗന്ദര്യവും വശ്യതയും നിറഞ്ഞുതുളുമ്പുന്ന ആളായിരുന്നിട്ടും ഏതെങ്കിലും പിതൃവ്യനോ മറ്റാരുമോ തന്നെ അങ്ങയുടെ വിവാഹത്തിന്റെ ഭാഗത്തേക്ക് ചിന്തിച്ചത് പോലുമില്ല. എന്നാൽ ഇരുപത്തിയഞ്ചാം വയസ്സിൽ യാദൃച്ഛികമായി കേവലം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മക്കയിലെ ഒരു ധനാഢ്യയായ സ്ത്രീ നബി(സ) തിരുമേനിയെ തനിക്കായി സ്വയം ഇഷ്ടപ്പെട്ടുകൊണ്ട് വിവാഹം കഴിക്കുകയായിരുന്നു. ആ സമയത്ത് നബി(സ) തിരുമേനിയുടെ യഥാർഥ പിതൃസഹോദരങ്ങളായിരുന്ന അബൂതാലിബ്, ഹംസ, അബ്ബാസ് എന്നിവരൊക്കെ അവിടെ ഉണ്ടായിരുന്നു എന്നതാണ് എത്രയും ആശ്ചര്യജനകമായ വസ്തുത. പ്രത്യേകിച്ച് അബൂതാലിബ് മക്കയിലെ നേതാവും തന്റെ ഗോത്രത്തിന്റെ തലവനുമായിരുന്നു. ഭൗതിക ആസ്തിയും സമ്പത്തും പ്രൗഢിയും വേണ്ടുവോളം ഉണ്ടായിരുന്നു. എന്നാൽ അവരുടെയെല്ലാം ധനസമൃദ്ധിയുടെ അവസ്ഥയിൽ നബി(സ) തിരുമേനിയുടെ ആ ദിനങ്ങൾ പട്ടിണിയിലും പരിവട്ടത്തിലും നിർധനാവസ്ഥയിലുമാണ് കടന്നുപോയത്. ഏതുവരെയെന്നാൽ നാടോടികളുടെ ആടുകൾ മേയ്ക്കുന്ന അവസ്ഥയോളമെത്തി. ഈ വേദനാജനകമായ അവസ്ഥ കണ്ടിട്ട് ഒരാളുടെയും അശ്രു പൊഴിഞ്ഞിരുന്നില്ല.

നബി(സ) തിരുമേനി യൗവനദശയിലെത്തിയപ്പോൾ പിതൃവ്യരിലാർക്കുംതന്നെ, നമ്മളും ഇവന്റെ പിതൃസ്ഥാനത്തുള്ളവരും വൈവാഹികവും മറ്റ് അവശ്യ കാര്യങ്ങളെ കുറിച്ച് ആലോചിക്കേണ്ടവരുമാണെന്ന ചിന്തയുണ്ടായില്ല. അതേസമയം അവരുടെയും മറ്റു ഉറ്റബന്ധുക്കളുടേയുമൊക്കെ വീടുകളിലാണെങ്കിൽ പെൺകുട്ടികൾ ഉണ്ടായിരുന്നുതാനും.


ഇവിടെ സ്വാഭാവികമായും ഒരു ചോദ്യമുയരുന്നു, ജനങ്ങളിൽ നിന്ന് ഇത്രയും നിർദാക്ഷിണ്യം എങ്ങനെ വെളിപ്പെട്ടു? യഥാർഥത്തിൽ അതിനൊരുത്തരമുണ്ട്, നമ്മുടെ യജമാനരായ തിരുതങ്ങളെ (സ) അവർ കണ്ടത് അഗതിയും മാതാപിതാക്കളില്ലാത്ത ഒരു അനാഥനായ നിർധന ബാലനുമായിട്ടായിരുന്നു. അവൻ യാതോരുവിധ കൂട്ടുകെട്ടുസംഘങ്ങളില്ലാത്ത ദരിദ്രനാണ്. അവന്റെ കൈകളിൽ ഒന്നും തന്നെയില്ല. ഇവ്വിധം കഷ്ടതകൾ പേറുന്ന ഒരുത്തനോട് സഹാനുഭൂതി കാണിച്ചിട്ടെന്ത് പ്രയോജനം? അവനെ തന്റെ മരുമകനായി സ്വീകരിക്കുകയാണെങ്കിൽ അതു തന്റെ മകളെ നാശത്തിലേക്ക് തള്ളിവിടലാകും. എന്നാൽ അവൻ ഒരു രാജകുമാരനും, ലോകത്തുള്ള അഖില ഖജനാവുകളുടേയും താക്കോലുകൾ ഏൽപ്പിക്കപ്പെടേണ്ട ആത്മീയ രാജാധിരാജനുമായിരുന്നുവെന്ന് അവർ അറിഞ്ഞില്ല.

(ഫുട്ട് നോട്ട്, ഇസാലെ ഔഹാം പേ. 111 114)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 16-02-2018 ന് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വി.വ: മുഹമ്മദ് ഇസ്മായിൽ ആലപ്പുഴ.

# ലഘു ഖുർആൻ അദ്ധ്യായങ്ങളുടെ അളവറ്റ അനുഗ്രഹങ്ങൾ

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്ന് വാദിക്കുന്ന ഒരു മുഅ്മിൻ, തന്നെ അവൻ ഇബാദത്തിനായി സൃഷ്ടിച്ചിരിക്കുന്നുവെന്ന കാര്യം ഓർമ വെക്കേണ്ടതാണ്. **വമാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലി യഅ്ബുദൂൻ** എന്ന് അവൻ പറഞ്ഞതുപോലെ! ജിന്നിനേയും ഇൻസിനേയും എന്നെ ആരാധിക്കുന്നതിനുവേണ്ടിയാണ് ഞാൻ സൃഷ്ടിച്ചിട്ടുള്ളത്. തുർന്ന് അല്ലാഹു നമുക്ക് ഇബാദത്തിന്റെ രീതിയും പറഞ്ഞുതന്നു. അതിൽ കർമപരമായ ഭാഗവുമുണ്ട്. അതായത് ബാഹ്യമായ അനക്കമടക്കങ്ങളും ദുആകളുടെ വാക്കുകളുമുണ്ട്. അതിന് 'ദിക്ർ' എന്നും പറയാവുന്നതാണ്. നമസ്കാരത്തിൽ ഈ രണ്ടു കാര്യവുമുണ്ട്. അതായത് ബാഹ്യമായ ചലനങ്ങളും ദിക്റും ദുആകളുമുണ്ട്. പക്ഷേ, നമസ്കാരത്തിനു പുറമെയും ദിക്റുചൊല്ലകയും ദുആ ഇരക്കുകയും അല്ലാഹുവിനെ ഓർക്കുകയും ചെയ്യുക എന്നത് ഒരു മുഅ്മിന്റെ ജോലിയാണ്. വിശുദ്ധ ഖുർആനിൽത്തന്നെ അല്ലാഹു ധാരാളം ദുആകൾ വിവിധ നബിമാരെ ഉദ്ധരിച്ച് പറഞ്ഞിട്ടുണ്ട്. അത് നമുക്ക് നമസ്കാരത്തിലും ചൊല്ലാവുന്നതാണ്. നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും 'ദിക്ർ' എന്ന നിലയിലും ചൊല്ലാവുന്നതാണ്. തങ്ങൾക്ക് ഇന്ന ബുദ്ധിമുട്ടുണ്ടെന്നും ഇന്ന പ്രയാസമുണ്ടെന്നും ജപിച്ചുകൊണ്ടു നടക്കുന്നതിനും തങ്ങളുടെ ബുദ്ധിമുട്ടും പ്രയാസവും അകലുന്നതിനും എന്തെങ്കിലും ദുആയോ ദിക്റോ പറഞ്ഞു തരിക എന്നും ആളുകൾ കത്തുകളിലെഴുതാറുണ്ട്. പൊതുവെ നമസ്കാരത്തിലേക്ക് ശ്രദ്ധിക്കാനും സുജൂദുകളിൽ ദുആ ചെയ്യാനും നമസ്കാരത്തിൽ ദുആ ഇരക്കാനും നിങ്ങളുടെ അല്ലാഹുവിനോടു സഹായം തേടാനുമാണ് ഞാൻ അവർക്ക് എഴുതാറുള്ളത്. പക്ഷേ, ഇന്ന് ഞാൻ ഒരു ദിക്റിനെ കുറിച്ചും പറയാനാഗ്രഹിക്കുകയാണ്. അത് നബി(സ)തിരുമേനിയുടെ സുന്നത്തുമാണ്. അല്ലാഹുവിൽനിന്ന് ഇറങ്ങിയിട്ടുള്ള ദുആകളുമാണ്. അതിന്റെ ഉദ്ദേശ്യം മനസ്സിലാക്കി ചൊല്ലുന്നതുകൊണ്ട് അല്ലാഹുവിന്റെ തൗഹീദിനെ കുറിച്ചുള്ള ഗ്രാഹ്യം മനുഷ്യൻ മനസ്സിലാക്കുന്നതോടൊപ്പം അല്ലാഹുവിന്റെ സംരക്ഷണത്തിലും അഭയത്തിലും വരികയും എല്ലാത്തരം ശർറുകളിൽനിന്ന് സുരക്ഷിതനായിരിക്കുകയും ചെയ്യുന്നു. നബി(സ)തിരുമേനി നിത്യവും പതിവായി ഉറങ്ങുന്നതിനുമുൻപേ ഈ വചനങ്ങളും ദുആകളും ചൊല്ലുകയും തന്റെ സ്വഹാബത്തിനോട് ചൊല്ലാൻ ഉപദേശിക്കുകയും ചെയ്തിരുന്നു. ധാരാളം സ്ഥലങ്ങളിൽ ഈ ദുആകളുടേയും

ആയത്തുകളുടേയും പ്രാധാന്യം വിവരിക്കുകയും അതിന്റെ ഫലങ്ങൾ അവിടന്ന് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുള്ള നബി(സ) തിരുമേനിയുടെ സ്വന്തം കർമങ്ങളെക്കുറിച്ച് നിവേദനം വരുന്നുണ്ട്

നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ)തിരുമേനി എപ്പോഴും ഉറങ്ങുന്ന നേരത്ത് ആയത്തുൽ കുർസിയും സൂറത്തുൽ ഇഖ്‌ലാസും സൂറത്തുൽ ഫലഖും സൂറത്തുന്നാസും അതായത് വിശുദ്ധ ഖുർആനിലെ അവസാനത്തെ മൂന്നു സൂറത്തുകൾ മൂന്നു പ്രാവശ്യം ചൊല്ലി കൈകളിലൂതി തല മുതൽ തുടങ്ങി തന്റെ കൈകൾ എത്തുന്നഭാഗംവരെ ശരീരത്തിൽ തടവുമായിരുന്നു. ഏതൊരു ജോലിയാണോ അവിടന്ന് പതിവായി തുടർന്നുവന്നത് അല്ലെങ്കിൽ ചെയ്തിരുന്നത്, അത് അവിടത്തെ സുന്നത്തായിത്തീർന്നു. ഈ ജോലി മുസ്‌ലിംകളും ചെയ്യേണ്ടതാ ണ്. ഇക്കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ എല്ലാ സുന്നത്തും ചെയ്യുന്നതിലേക്ക് കൂടുതൽ മാർഗദർശനം നല്കിയിട്ടുള്ള ആളാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ). അതുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകിച്ചും നമ്മൾ കടന്നുപോയിക്കൊണ്ടിരിക്കുന്ന ഈ അവസ്ഥകളിൽ ദുആകളിലേക്കും നമസ്കാരങ്ങളിലേക്കും ദിക്റുകളിലേക്കും പ്രത്യേകമായ നിലയിൽ, കേവലം തങ്ങളുടെ ആത്മീയവും ഭൗതികവുമായ വ്യക്തിപരമായ ആവശ്യങ്ങൾക്കു വേണ്ടി ശ്രദ്ധകൊടുക്കാതെ ജമാഅത്തുപരമായിട്ടുള്ള ഫിത്നകളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനും, പ്രധാനപ്പെട്ട നിർബന്ധകടമയെന്നു മനസിലാക്കി ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ ദിക്റിന്റേയും ആയത്തുകളുടേയും പ്രാധാന്യം മറ്റു ചില ഹദീഥുകളിൽ നിന്നും ലഭിക്കുന്നുണ്ട്. അതു ഞാൻ നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. ആയത്തുൽ കുർസിയെ സംബന്ധമായി രണ്ടു ജുമുഅ മുമ്പേ ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. ഇന്ന് വിശുദ്ധ ഖുർആനിലെ അവസാന മൂന്നു സൂറത്തുകളെ കുറിച്ചാണ് സംസാരിക്കുന്നത്. നബി(സ)തിരുമേനി തന്റെ സ്വഹാബാക്കളെ ഈ സൂറത്തു ചൊല്ലുന്നതിനെ സംബന്ധിച്ച് ആവർത്തിച്ചാവർത്തിച്ച് വിവിധ രീതിയിൽ എങ്ങനെയാണ് ഉപദേശിച്ചത്.

അവസാന മൂന്നു സൂറത്തു ചൊല്ലി ശരീരത്തിൽ ഊതുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് ആയിശ(റ) ഒരു നിവേദനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. പറയുന്നു: 'ഓരോ രാത്രിയും നബി(സ)തിരുമേനി ഉറങ്ങാൻ കിടക്കുമ്പോൾ രണ്ടു കൈകളും കൂട്ടിപ്പിടിക്കുകയും പിന്നീട് അതിൽ ഊതുകയും **ഖുൽ ഹുവല്ലാഹു അഹദ് , ഖുൽ അഊദ് ബിറബ്ബിൽ ഫലഖ്, ഖുൽ അഊദു ബിറബ്ബിനാസ്** ചൊല്ലുകയും ചെയ്യുമായിരുന്നു. അതായത് ഈ മൂന്നു സൂറത്തുകൾ ചൊല്ലി, ഇരു കൈകളും ശരീരത്തിൽ തടവാൻ തുടങ്ങുമായിരുന്നു; ശരീരത്തിൽ കൈയെത്തും ഭാഗം വരെ മൂന്നു പ്രാവശ്യം അങ്ങനെ ചെയ്യുമായിരുന്നു.

നബി(സ)തിരുമേനി ഇത് എത്രമാത്രം കൃത്യനിഷ്ഠയോടെ ചെയ്തിരുന്നുവെന്നാൽ, നബി(സ) തിരുമേനിയുടെ അവസാനത്തെ രോഗാവസ്ഥയിൽ ഹദ്റത്ത് ആയിശ(റ)സ്വയം ദുആകൾ ചെയ്യുകയും അവിടത്തെ കൈകളിൽ ഊതി ആ കൈകൾതന്നെ അവിടത്തെ ശരീരത്തിൽ തടവിക്കുകയും ചെയ്യുമായിരുന്നു. നബി(സ)തിരുമേനി അതു പതിവായി ചെയ്തിരുന്നതുകൊണ്ടാണ് ഹദ്റത്ത് ആയിശ(റ)യ്ക്ക് ഈ വിചാരമുണ്ടായത്. അതിന്റെ അനുഗ്രഹത്തിന്റെ പ്രാധാന്യം ഹദ്റത്ത് ആയിശാ(റ) യിൽ നല്ല വണ്ണം വ്യക്തമാക്കപ്പെട്ടിരുന്നു.

ഈ സൂറത്തുകളുടെ അനുഗ്രഹവും പ്രാധാന്യവും എങ്ങനെയാണ് സ്വഹാബത്തിനു അവിടന്ന് ബോധ്യപ്പെടുത്തിക്കൊടുത്തത്. ഇതു സംബന്ധമായി ഹദ്റത്ത് ഉഖ്ബാ മിൻ ആമിർ(റ) വിവരിക്കുന്നു: നബി(സ)തിരുമേനിയെ ഞാൻ കണ്ടു. അവിടന്ന് മുന്നോട്ട് കടന്ന് എന്റെ കൈപിടിച്ചു. എന്നിട്ട് പറഞ്ഞു: ഉഖ്ബാ ബിൻ ആമീർ! ഞാൻ നിനക്ക് തൗറാത്തിലും ഇഞ്ചീലിലും സബൂറിലും വിശുദ്ധ ഖുർആനിലും ഇറക്കപ്പെട്ട സൂറത്തുകളിൽനിന്ന് ഉത്തമമായ മൂന്നു സൂറത്തുകളെക്കുറിച്ച് പറഞ്ഞുതരട്ടെയോ? ഞാൻ പറഞ്ഞു: അല്ലാഹു എന്നെ അങ്ങയിൽ തെണ്ടമാക്കട്ടെ, അല്ലാഹുവിന്റെ റസൂലേ! പറഞ്ഞു തന്നാലും. പിന്നീട് അവിടന്ന് **ഖുൽഹുവല്ലാഹു അഹദ്, ഖുൽ അഊദു ബിറബ്ബിൽ ഫലഖ്, ഖുൽ അഊദുബിറബ്ബിന്നാസ്** ചൊല്ലി കേൾപ്പിച്ചു. തുടർന്നു പറഞ്ഞു: ഏ ഉഖ്ബാ! താങ്കൾ ഇത് മറക്കരുത്. ഇതു ചൊല്ലാതെ ഒരു രാത്രിയും കടന്നുപോകാൻ വിടരുത്. ഉഖബാ പറയുന്നു: നബി(സ)തിരുമേനി ഇതു പറഞ്ഞതു മുതൽ ഞാനിത് മറന്നിട്ടില്ല. ഇതു ചൊല്ലാതെ ഒരു രാത്രിയും കടന്നുപോകാൻ വിട്ടിട്ടുമില്ല.

ഹദ്റത്ത് അബൂ സഈദ് ഖുദ്‌രീ(റ)നിവേദനം: ഒരാൾ **ഖുൽ ഹുവല്ലാഹു അഹദ്** ചൊല്ലുന്നത് ഒരു വ്യക്തി കേട്ടു, അയാളത് ആവർത്തിച്ചാവർത്തിച്ച് ഓതുകയായിരുന്നു. നേരം വെളുത്തപ്പോൾ ആ വ്യക്തി നബി(സ) തിരുമേനിയുടെ അടുത്തുവന്നു എല്ലാ കാര്യങ്ങളും പറഞ്ഞു; ആ വ്യക്തി അതിനെ കുറവോ ചെറുതോ ആയി മനസിലാക്കുകയായിരുന്നു. അതുകൊണ്ടാണ് പരാതി എന്ന നിലയിൽ പറഞ്ഞത്. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു; ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ! ഇത് ഖുർആനിന്റെ മൂന്നിലൊരു ഭാഗത്തിനു സമമാണ്. ഹദ്റത്ത് അബൂസഈദ് ഖുദ്‌രി ഇതിനനു

ബന്ധമായി ഒരു സ്ഥലത്ത് ഇങ്ങനെ വിശദീകരിച്ചു പറയുന്നു: നബി(സ) തിരുമേനി തന്റെ സ്വഹാബാക്കളോടു പറഞ്ഞു: ഒരു രാത്രിയിൽ വിശുദ്ധഖുർആനിന്റെ മൂന്നിലൊരു ഭാഗം ഓതാൻ പറ്റിയ ആരെങ്കിലും നിങ്ങളിലുണ്ടോ: ഇക്കാര്യം സ്വഹാബാക്കൾക്ക് അസഹ്യമായി തോന്നി. അവർ പറഞ്ഞു: യാ റസൂലല്ലാഹ്! രാത്രിയിൽ വിശുദ്ധഖുർആനിന്റെ മൂന്നിലൊന്ന് ഓതാൻ ഞങ്ങളിൽ ആർക്കാണ് കഴിയുക? നബി(സ) തിരുമേനി പറഞ്ഞു: **ഖുൽഹുവല്ലാഹു അഹദ്, അല്ലാഹുസ്സ്വമദ്** അതായത് സൂറ ഇഖ്ലാസ് വിശുദ്ധ ഖുർആനിന്റെ മൂന്നിലൊന്നാണ്.

നബി(സ) തിരുമേനി ഇത് ഖുർആനിന്റെ മൂന്നിലൊരുഭാഗമെന്നു പറഞ്ഞത് എന്തിനാണ്? കാരണം അല്ലാഹു വിശുദ്ധ ഖുർആനിനെ തൗഹീദ് സ്ഥാപിക്കുന്നതിനും നിലനിറുത്തുന്നതിനുമാണ് ഇറക്കിയിട്ടുള്ളത്. ഈ സൂറത്തിൽ വളരെ വ്യക്തമായും എല്ലാം ഉൾക്കൊള്ളുന്ന നിലയിലും വാക്കുകളിലും തൗഹീദ് വിവരിക്കപ്പെട്ടിരിക്കുന്നു. അതിന്റെ വാക്കുകളിൽ ചിന്തിക്കുന്നതിലൂടേയും കർമങ്ങൾ ചെയ്യുന്നതിലൂടേയും മനുഷ്യന് യഥാർഥ തൗഹീദനുസരിച്ചും ഏകനായ അല്ലാഹുവിന്റെ ഗ്രന്ഥമാണ് വിശുദ്ധഖുർആൻ എന്ന് മനസിലാക്കിയും പ്രവർത്തിക്കാൻ കഴിയും. ഏകനായ അല്ലാഹുവിന്റെ ഗ്രന്ഥമാണ് വിശുദ്ധഖുർആൻ എന്ന് മനസിലാക്കി പ്രവർത്തിക്കാൻ ശ്രമിക്കുമ്പോൾ യഥാർഥ തൗഹീദ് മനസിലാക്കുന്നവനും അതിൽ നിലനില്ക്കുന്നവനും ആയിത്തീർന്നു. തുടർന്നു വിശുദ്ധഖുർആനിന്റെ അധ്യാപനമനുസരിച്ച് തികവാർന്ന നിലയിൽ കർമങ്ങൾ ചെയ്യാനും തൗഫീഖ് കിട്ടുന്നതായിരിക്കും. താൻ സൂറ ഇഖ്ലാസ് ഓതി, അങ്ങനെ വിശുദ്ധഖുർആനിന്റെ മൂന്നിലൊരു ഭാഗം ഓതി എന്നു മാത്രം മനുഷ്യൻ മനസിലാക്കരുത്. അതിന്റെ ഉദ്ദേശ്യം നിങ്ങൾ അതു ഓതുകയും പിന്നീട് തൗഹീദിൽ നിലകൊള്ളുകയും അതനുസരിച്ച് കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക എന്നാണ്.

വിശുദ്ധഖുർആൻ എന്താണ്? തൗഹീദിന്റെ സംസ്ഥാപനത്തിനാണ് വിശുദ്ധഖുർആന്റെ അധ്യാപനമുള്ളത്. അതിനുവേണ്ടി ഓരോ മനുഷ്യനും ശ്രമിക്കേണ്ടതാണ്. ദുആയും ചെയ്യേണ്ടതാണ്.

ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി ഒരാളെ ഒരു യുദ്ധത്തിൽ അമീറായി അയച്ചു. അദ്ദേഹം തന്റെ സ്നേഹിതന്മാരെ നമസ്കരിപ്പിക്കുമായിരുന്നു. പാരായണത്തിന്റെ അവസാനം കുറിച്ചിരുന്നത് **ഖുൽഹുവല്ലാഹു അഹദി**ലായിരുന്നു. തിരിച്ചു വന്നപ്പോൾ സ്വഹാബാക്കൾ ഇക്കാര്യം നബി(സ) തിരുമേനിയോട് പറഞ്ഞു: അപ്പോൾ അവിടന്ന് പറഞ്ഞു: എന്തിനാണ് അങ്ങനെ ചെയ്തതെന്ന് അദ്ദേഹത്തോടു ചോദിക്കുക. സ്വഹാബാക്കൾ അദ്ദേഹത്തോടു ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: ഇത് റഹ്മാനായ അല്ലാഹുവിന്റെ സിഫത്താണ്. അതുകൊണ്ട് അത് ഓതുന്നത് ഞാൻ വളരെ ഇഷ്ടപ്പെടുന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹുവും സ്നേഹിക്കുന്നുവെന്നു നിങ്ങൾ അയാളെ അറിയിക്കുക.'

ഹദ്റത്ത് അബീ ബിൻ കഅ്ബ(റ)പറയുന്നു: ബഹുദൈവവിശ്വാസികൾ നബി(സ) തിരുമേനിയോടു ചോദിച്ചു: താങ്കളുടെ റബ്ബിന്റെ പൂർവതലമുറകളെകുറിച്ച് ഞങ്ങൾക്കു പറഞ്ഞുതരിക. അപ്പോഴാണ് അല്ലാഹു **ഖുൽഹുവല്ലാഹു അഹദ് അല്ലാഹുസ്സമദ്** ഇറക്കിയത്. അവൻ സ്വമദാണ്. അവൻ സർവാധിനാഥനാണ്. ആരുടേയും പിതാവല്ല. അവനു പിതാവുമില്ല. മരിക്കപ്പെടുന്നതല്ലാത്ത ഒരു വസ്തുവും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഏതെങ്കിലും അനന്തരാവകാശമില്ലാതെ മരിക്കുന്ന ഒരു വസ്തുവുമില്ല. പ്രതാപവാനായ അല്ലാഹു ഒരിക്കലും മരിക്കുകയില്ല. അവനൊരു അനന്തരാവകാശിയുമില്ല. **വലംയക്കുൻല്ലഹു കുഫുവൻ അഹദ്.** അവന് സമനായി ആരുംതന്നെയില്ല. അവനെപ്പോലുള്ള ഒരു വസ്തുവുമില്ല.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം: ഇതു സംബന്ധമായി നബി(സ)തിരുമേനി പറഞ്ഞു: 'തങ്ങളെ അല്ലാഹുവാണ് സൃഷ്ടിച്ചതെന്നും ഏതു വസ്തുവിനേയും അല്ലാഹുവാണ് സൃഷ്ടിച്ചതെന്നും എന്നാൽ, അല്ലാഹുവിനെ സൃഷ്ടിച്ചത് ആരാണെന്നും ജനങ്ങൾ പരസ്പരം ചോദിച്ചുകൊണ്ടിരിക്കുന്നു.' ഈ ചോദ്യം നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലുമുണ്ടായിരുന്നു. ഇന്നും ശക്തമായ നിലയിൽ ഈ ചോദ്യം ചോദിക്കുന്നുണ്ട്. അവിടന്ന് പറയുന്നു: 'നിങ്ങൾ അത്തരക്കാരെ കാണുമ്പോൾ **ഖുൽഹുവല്ലാഹു അഹദ്** മുഴുവനും ഓതുക. അതിന്റെ അർഥത്തിൽ ചിന്തിക്കുകയാണെങ്കിൽ അല്ലാഹുവിനെ സൃഷ്ടിക്കുന്നവൻ ആരുമില്ലെന്ന് നിങ്ങൾക്കു മനസ്സിലാകും. അവൻ ആദ്യന്തരഹിതനാണ്. എന്നെന്നും നിലനില്ക്കുന്നവനുമാണ്.' പറഞ്ഞു: 'എന്നിട്ട് അവൻ ശയ്ത്വാനിൽനിന്ന് അഭയം തേടിയാൽ അവന് ഒരു നഷ്ടവും സംഭവിക്കുകയില്ല.'

ഹദ്റത്ത് സുഹയ്ലുബ്നു സഅ്ദ്(റ) നിവേദനം. ഒരാൾ നബി(സ)തിരുമേനിയുടെ അടുത്തുവന്നു. തന്റെ ദാരിദ്ര്യത്തെ കുറിച്ച് പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: നീ നിന്റെ വീട്ടിൽ പ്രവേശിക്കുമ്പോൾ വീട്ടിലാരെങ്കിലുമുണ്ടെങ്കിൽ **അസ്സലാമു അലയ്ക്കും** പറയുക. ആരുമില്ലെങ്കിൽ നിന്റെമേൽത്തന്നെ സലാം ചൊല്ലുക; ഇല്ലെങ്കിലും **അസ്സലാമു അലയ്ക്കും** പറയുക. മടക്കസ്സലാം നിനക്കു കിട്ടുന്നതാണ്. ഒരു പ്രാവശ്യം **ഖുൽഹുവല്ലാഹു അഹദ്** ഓതുക. അയാൾ അങ്ങനെ തന്നെ ചെയ്തു. അല്ലാഹു അയാൾക്ക് എത്രമാത്രം ജീവിത വിഭവം നല്കിയെന്നാൽ, അയാളുടെ അയൽവാസിയും അതിൽ നിന്ന് ഫലമെടുക്കാൻ തുടങ്ങി.' ജീവിതവിഭവത്തിൽ അയാൾക്ക് എത്രമാത്രം

അഭിവൃദ്ധി നല്കിയെന്നാൽ, ഒരു നാൾ അങ്ങേയറ്റം ദാരിദ്ര്യത്തിലായിരുന്ന അയാൾക്ക് തന്റെ അയൽവാസികൾക്കും സഹായമെത്തിക്കുംവിധം അനുഗ്രഹമുണ്ടായി. മനുഷ്യൻ തൗഹീദ് പഠിക്കുകയും അതനുസരിച്ച് കർമങ്ങൾ അനുഷ്ഠിക്കുകയും സകല ഖുദ്റത്തുകളുടേയും ശക്തികളുടേയും ഉടമസ്ഥൻ അല്ലാഹുവാണെന്ന് മനസിലാക്കുകയും ചെയ്യുമ്പോൾ അല്ലാഹു അതിരറ്റ് അവന് നല്കുന്നതാണ്. മുത്തഖികൾക്ക് ഭാവനയിൽ കാണാൻ പറ്റാത്ത സ്ഥലത്തൂടെയും താൻ ജീവിതവിഭവം നല്കുന്നവനാണെന്ന് അല്ലാഹു മറ്റു സ്ഥലങ്ങളിലും പറയുന്നുണ്ട്.

ഹദ്റത്ത് ജാബിർ(റ)വിൽ നിന്ന് നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'ആരാണോ നിത്യവും 50 പ്രാവശ്യം **ഖുൽ ഹുവല്ലാഹു അഹദ്** ഓതിയത് അവൻ ഖിയമത്തുനാൾ ഖബറിൽ നിന്ന് എഴുന്നേൽക്കുക സ്വർഗത്തിൽ പ്രവേശിക്കുക എന്ന് പറഞ്ഞ് വിളിക്കപ്പെടും.

ഇബ്നു ദയ്ലമിയിൽ നിന്ന് നിവേദനം: അദ്ദേഹം നജ്ജാശിയുടെ സഹോദരിപുത്രനാണ്. നബി (സ) തിരുമേനിക്ക് സേവനവും ചെയ്തുകൊണ്ടിരുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'ആരാണോ നമസ്കാരത്തിൽ അല്ലെങ്കിൽ അതിനു പുറമേ നൂറുതവണ **ഖുൽഹുവല്ലാഹു അഹദ്** ഓതിയത്, അല്ലാഹു അവന് നരകത്തിൽ നിന്നുള്ള മോചനം നിർബന്ധമാക്കിയിരിക്കുന്നു. സൂറ ഇഖ്ലാസിന്റെ പ്രാധാന്യം ഇതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇക്കാര്യം ഇങ്ങനെ വിവരിക്കുന്നു: അല്ലാഹുവിനെ കൂടാതെയുള്ള എല്ലാ വസ്തുക്കളും നശിച്ചുപോകുമെന്നാണ് സ്വമദ് എന്നതിന്റെ അർഥം. അതായത് ഉണ്ടാകാനിടയുള്ളതും ഉണ്ടാകുന്നതും അവസാനിക്കുന്നതാണ്. അവയ്ക്ക് മരണമുണ്ട്. പക്ഷേ അല്ലാഹുവിന്റെ അസ്തിത്വം എങ്ങനെയുള്ളതാണെന്നാൽ, അവൻ സ്വമദാണ്. സ്വമദ് എന്നതിന്റെ അർഥം ആളുകൾ മനസ്സിലാക്കുന്നത് സർവാധിനാഥൻ എന്നാണ്. അവന്റെ സർവാധിപത്യം എന്നു പറയുന്നത്, അവൻ നശിക്കാത്തവനാണ്, അവസാനിക്കാത്തവനാണ്, അവനെപ്പോലെ ഒരു വസ്തുവും ഉണ്ടാകുകയുമില്ല എന്നാണ്.

ഹദീഥുകളിൽ മൂന്ന് ഖുൽല്ലുകളും ഓതുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഹദ്റത്ത് ഉഖ്ബാ ബിൻ ആമിർ ജഹന്നീ പറയുന്നു. നബി (സ)തിരുമേനി പറഞ്ഞു: 'ആരും തന്നെ ഇതുപോലുള്ള സൂറത്തുകളോ അല്ലെങ്കിൽ വാക്യങ്ങളോ ഓതിയിട്ട് അല്ലാഹുവിൽനിന്ന് അഭയം കരസ്ഥമാക്കാതിരുന്നിട്ടില്ല. അതായത് ഇത്തരം വാക്യം അല്ലെങ്കിൽ ദുആ മുഖേന മനുഷ്യൻ അല്ലാഹുവിന്റെ അഭയത്തിൽ വന്നെത്തുന്നു. അവന് ഇതിനേക്കാൾ ഉത്തമമായ മറ്റൊരു മാർഗവുമില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: ഹദ്റത്ത് അബുസഊദ് (റ)നിവേദനം: നബി(സ) തിരുമേനി ജിന്നുകളുടെ ദൃഷ്ടിയിൽനിന്നും മനുഷ്യരുടെ ദൃഷ്ടിയിൽനിന്നും അഭയം തേടാറുണ്ടായിരുന്നു. അവസാനത്തെ രണ്ടു ഖുൽ സൂറത്തുകൾ ഇറങ്ങിയപ്പോൾ നബി(സ) തിരുമേനി അതു സ്വായത്തമാക്കുകയും മറ്റുള്ളതെല്ലാം ഉപേക്ഷിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ മുമ്പേ ചെയ്തിരുന്ന ദുആകളെല്ലാം നിറുത്തുകയും ഇത് ഓതാൻ തുടങ്ങുകയും ചെയ്തു.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി ഒരിക്കൽ എന്നോടു പറഞ്ഞു, 'ഇബ്നു അബ്ബാസേ! ഞാൻ നിനക്കു അഭയം തേടുന്നതിനുള്ള ഏറ്റവും ഉത്തമമായ വാക്യങ്ങൾ പറഞ്ഞുതരട്ടെയോ? ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ പറഞ്ഞു തന്നാലും. അവിടന്ന് പറഞ്ഞു: ആ സൂറത്തുകളാണ് സൂറത്ത് ഫലഖും സൂറത്തുന്നാസും!

അവസാനത്തെ രണ്ടു സൂറത്തുകളുടെ പ്രാധാന്യം വിവരിച്ചുകൊണ്ട് ഒരു സ്വഹാബി പറയുന്നു: 'ഞങ്ങൾ ഒരിക്കൽ നബി (സ)തിരുമേനിയോടൊപ്പം ഒരു യാത്രയിലായിരുന്നു. യാത്രയ്ക്കുള്ള മൃഗങ്ങൾ കുറവായിരുന്നതിനാൽ ഊഴമനുസരിച്ചാണ് യാത്ര ചെയ്തിരുന്നത്. ഒരു അവസരത്തിൽ നബി (സ) തിരുമേനി ഇറങ്ങുന്നതിനും ഞാൻ കയറുന്നതിനുമുള്ള ഊഴമായിരുന്നു. നബി(സ)തിരുമേനി പിന്നിലൂടെ എന്റെ അടുത്തുവന്നു. എന്റെ തോളിൽ കൈവെച്ചുകൊണ്ടു പറഞ്ഞു: **അഊദുബി റബ്ബിൽ ഫലഖ്** ഓതുക. ഞാൻ ആ വാക്യങ്ങൾ ഓതി. ഇപ്രകാരം നബി(സ) തിരുമേനിയും ആ സൂറത്ത് മുഴുവനും ഓതി. ഞാനും നബി(സ)തിരുമേനിയോടൊപ്പം ഓതി. പിന്നീട് **ഖുൽ അഊദുബി റബ്ബിന്നാസ്** ഓതാൻ പറഞ്ഞു: അവിടന്ന് മുഴുവൻ സൂറത്തും ഓതി. അത് ഞാനും ഓതി. പിന്നീട് അവിടന്ന് പറഞ്ഞു: നമസ്കരിക്കുമ്പോൾ ഈ രണ്ടു സൂറത്തുകളും നമസ്കാരത്തിൽ ഓതുക.

ഉഖ്ബാബിൻ ആമിർ ജഹന്നീ(റ) നിവേദനം: ഞാൻ ഒരു യാത്രയിൽ നബി(സ)തിരുമേനിയോടൊപ്പമുണ്ടായിരുന്നു. നേരം വെളുത്തു. നബി(സ) തിരുമേനി ബാങ്കു കൊടുത്തു. ഇഖാമത്തും കൊടുത്തു. എന്നെ തന്റെ വലതു ഭാഗത്തു നിറുത്തി. പിന്നീട് 'മഊദത്തൈൻ' ഓതി. അതായത് **ഖുൽ അഊദു ബിറബ്ബിൽ ഫലഖും ഖുൽ അഊദു ബിറബ്ബിന്നാസും**)നമസ്കാരം കഴിഞ്ഞപ്പോൾ, നീ എങ്ങനെ നോക്കിക്കാണുന്നുവെന്ന് നബി(സ)തിരുമേനി എന്നോടു ചോദിച്ചു. (ഇതു മുമ്പേ വന്ന ഹദീഥുമായി സാദൃശ്യമുള്ള നിവേദനമാണ്) ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ സത്യസ്ഥിതി ഞാൻ കണ്ടു.' അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'നീ ഉറങ്ങുമ്പോഴും ഉണരുമ്പോഴും ഈ രണ്ടു സൂറത്തും ഓതുക.'

ഈ സൂറത്തുകളുടെ പ്രാധാന്യം ഇതാണ്. ഈ കാലഘട്ടത്തിൽ ഇത് ഓതേണ്ടുന്ന പ്രാധാന്യം വീണ്ടും വർധിച്ചിരിക്കുകയാണ്. വ്യക്തിപരമായ നിലയിൽ നമ്മുടെ ആത്മീയാഭിവൃദ്ധിക്കും ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും ജമാഅത്തുപരമായ നിലയിൽ ഇസ്‌ലാമിനെതിരിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗൂഢപദ്ധതികളിൽനിന്ന് രക്ഷപ്പെടുന്നതിനും വേണ്ടി ഈയിടെയായി ഇസ്‌ലാമിനെതിരിൽ ഒരു ഭാഗത്ത് ഇസ്‌ലാം വിരുദ്ധ ശക്തികളുടെ ബുദ്ധിസാമർഥ്യത്തോടെയുള്ള പരിശ്രമങ്ങൾ വൻതോതിൽ നടന്നുകൊണ്ടിരിക്കുന്നു, മറുഭാഗത്ത് നാമമാത്ര മുസ്‌ലിം ഉലമായും മുസ്‌ലിം നേതാക്കളും, ഒന്ന് അവർ കുഴപ്പവും കലഹവും ഉണ്ടാക്കിക്കഴിഞ്ഞിട്ടുള്ള അവസ്ഥയാണുള്ളത്. മുസ്‌ലിം ഉലമാ മസീഹ് മൗഊദ്(അ)നെതിരിലും സാധാരണ മുസ്‌ലിംകളെ പ്രകോപിതരാക്കി സാത്താനിക ശക്തികൾക്ക് അവരുടെ കൈകൾക്ക് ശക്തിപകരാൻ അവസരം നല്കിക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരം തന്നെ നിരീശ്വരത്വവും അതിന്റെ ശക്തിയിലാണുള്ളത്. ഇക്കാര്യം സൂറത്തുൽ ഫലഖ് ഉദ്ധരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് വ്യക്തമാക്കിക്കൊണ്ട് പറയുന്നു: 'മസീഹ് മൗഊദിന്റെ ശത്രുക്കൾക്ക് കുറിമാനമാകുന്ന നിങ്ങൾ ഇങ്ങനെ ദുആ ചെയ്യുക. ഞാൻ സൃഷ്ടികളുടെ ആന്തരികവും ബാഹ്യവുമായ ഉപദ്രവങ്ങളിൽനിന്ന് അല്ലാഹുവിനോടു അഭയം തേടുന്നു. അവൻ പ്രഭാതത്തിന്റെ ഉടമസ്ഥനാണ്. അതായത് വെളിച്ചം പ്രകടമാക്കുക എന്നത് അവന്റെ അധികാരത്തിൽപ്പെട്ടതാണ്. ഈ വെളിച്ചം ആത്മീയതയുടെ പ്രകാശത്തിന്റെ വെളിച്ചമാണ്. അത് മസീഹ് മൗഊദിന്റെ വരവോടെ വെളിപ്പെട്ട വെളിച്ചമാണ്. ഞാൻ ഇരുൾ മുറ്റിയ രാത്രിയുടെ ഉപദ്രവത്തിൽനിന്ന്, അത് മസീഹ് മൗഊദിന്റെ നിഷേധത്തിന്റെ ഫിത്നകളുടെ രാത്രിയാണ്, അല്ലാഹുവിനോടു അഭയം തേടുന്നു.'

അവയിൽ ഒന്നാമത്തേത് ഇസ്‌ലാം വിരുദ്ധ ആളുകളാണ്. അവർ ഇസ്‌ലാമിന്റെ അധ്യാപനങ്ങളുടെ മേൽ ആക്ഷേപം ഉന്നയിക്കുന്നു. രണ്ടാമത്തേത് മുസ്‌ലിം ഉലമയാണ്. അവർ തങ്ങളുടെ തെറ്റ് ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല. മസീഹ് മൗഊദിനെതിരിൽ ആളുകളെ പ്രകോപിക്കുന്നതിൽ വ്യാപൃതരാണ്. ഇവരിൽ തലപ്പത്തുള്ളത് പാകിസ്താൻ ഉലമായാണെന്ന് നമ്മൾ കാണുന്നു. ഇത്തരം പരിതഃസ്ഥിതിയിൽ പാകിസ്താനിലെ അഹ്മദികൾക്ക് പ്രത്യേകിച്ചും ഈ സുന്നത്ത് നടപ്പിൽ വരുത്തേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സൂറത്തുൽ ഫലഖിൽ ഇരുൾമുറ്റിയ രാത്രിയെ കുറിച്ച് പറഞ്ഞിരിക്കുന്നത് ഇരുൾ മുറ്റിയ രാത്രിയിലെ ഉപദ്രവത്തിന്റെ ഫിത്നയിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള ദുആയാണ്. ഗാസിഖ് രാത്രിയ്ക്കാണ് പറയുന്നത്. വഖബ് എന്നതിന്റെ അർഥം അന്ധകാരം, അന്ധകാരം വ്യാപിക്കൽ. മസീഹ് മൗഊദിനെ നിഷേധിക്കുന്നതിന്റെ ഫിത്നയുടെ കൂരിരുട്ടാണ് അന്ധകാര രാത്രിയിലെ കുഴപ്പം. അതിൽനിന്നാണ് അഭയം തേടിയിരിക്കുന്നത്.

മുസ്‌ലിംകളുടെ അവസ്ഥയിൽ അഹോ കഷ്ടം! അല്ലാഹു അവർക്ക് ഒരു ദുആ പഠിപ്പിച്ചു. വെളിച്ചത്തിനുശേഷം ഇരുട്ടിൽനിന്നും അന്ധകാരങ്ങളുടെ ഫിത്നയിൽനിന്നും രക്ഷപ്പെടുന്നതിന് നബി(സ) തിരുമേനി പറഞ്ഞു: 'തൗഹീദിൽ നിലകൊള്ളുന്നതിനും അന്ധകാരങ്ങളുടെയും കൂരിരുട്ടുകളുടെയും ഫിത്നകളിൽനിന്ന് രക്ഷപ്പെടുന്നതിനും ഈ ദുആകൾ മുടക്കം വരുത്താതെ നിത്യവും ചൊല്ലുക.' പക്ഷേ മുസ്‌ലിംകൾ അതിനെ വകവെച്ചില്ല. മുസ്‌ലിംകൾ ഈ ഫിത്നയിൽ മുങ്ങിത്താണുകൊണ്ടിരിക്കുകയാണ്. ഇക്കാരണത്താൽ ഇന്ന് ലോകത്ത് അമുസ്‌ലിംകൾക്ക് മുസ്‌ലിംകളുടെമേൽ ആക്ഷേപം ഉന്നയിക്കാൻ അവസരം കിട്ടുന്നു. എന്തായാലും മുസ്‌ലിംകളുടെ ഈ അവസ്ഥ നമ്മളോടു പറയുന്നത് ഈ അന്ധകാരങ്ങളിൽനിന്ന് രക്ഷപ്പെടാൻ ഈ സൂറത്തുകൾ ചിന്തിച്ച് പാരായണം ചെയ്യുക എന്നാണ്.

സൂറത്തുന്നാസിൽ അല്ലാഹുവിന്റെ റുബൂബിയത്തിനേയും മാലിക്കിയ്യത്തിനേയും യഥാർഥ ആരാധ്യൻ എന്നതിനേയും കുറിച്ചുള്ള വിവരണമാണ്. ഇതു വിവരിച്ചുകൊണ്ട് അവന്റെ അഭയത്തിൽ വരാനും ശയ്ത്വാന്റെ ദുർബോധനത്തിൽ നിന്ന് രക്ഷപ്പെടാനുമുള്ള ദുആയാണ് ചെയ്തിട്ടുള്ളത്. ഇക്കാലത്ത് നിരീശ്വരത്വത്തിന്റേയും ഭൗതികതയുടേയും ശക്തമായ സമ്മർദമാണുള്ളത്. ലൗകികത എത്രത്തോളം സമൂഹത്തിൽ പൊതുവായ നിലയിൽ ആഴ്ന്നിറങ്ങിയിരിക്കുന്നുവെന്നാൽ, ചില യുവാക്കൾ അതിൽ ആകർഷിക്കപ്പെടുന്നു. അതിനാൽ ഈ ദുആകൾ നമ്മൾ നമ്മുടെമേൽ ഊതുമ്പോൾ, ഒപ്പം എല്ലാത്തരം ഉപദ്രവങ്ങളിൽനിന്നും നമ്മുടെ തലമുറയും സുരക്ഷിതരായിരിക്കാനും ദീനിൽ നിലകൊള്ളുന്നവരും അല്ലാഹുവിന്റെ ഏകത്വത്തെ മനസ്സിലാക്കുന്നവരുമാകാനും നമ്മുടെ കുട്ടികളുടെ മേലും ഊതിക്കൊടുക്കുക. നമ്മളിൽ എല്ലാ ഓരോരുത്തരും ഈ സൂറത്തുകളിലെ വിഷയങ്ങൾ മനസ്സിലാക്കിക്കൊണ്ട് നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവിന്റെ ഏകത്വത്തിന്റെ വിഷയം നമ്മളിൽ വ്യക്തമാകുമാറാകട്ടെ. അവനുപുറമെ മറ്റാരുടെയും മുമ്പിൽ നമ്മൾ കുനിയുന്നവരാകാതിരിക്കട്ടെ. അവനാണ് എല്ലാ ശക്തികളുടേയും ഉറവിടമെന്നും അവൻ തന്നെയാണ് എല്ലാ ദിവ്യശക്തികളുടേയും ഉൽഭവസ്ഥാനമെന്നും അവനാണ് എല്ലാ വെളിച്ചത്തിന്റേയും പ്രഭവകേന്ദ്രമെന്നും എല്ലാ കൃപാവരങ്ങളും നല്കുന്നവനെന്നും മനസിലാക്കുന്നവരാകട്ടെ. മനസ്സിൽ മാത്രമല്ല, മറിച്ച് എല്ലാ കർമങ്ങളിലും അതു സ്ഥാപിക്കുന്നവരാകട്ടെ.

# മുഹമ്മദ് നബി(സ) യുടെ വൈവാഹിക ജീവിതം:
## ആത്മസമർപ്പണത്തിന്റെ സമുജ്ജ്വല സാക്ഷ്യം

ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചകർക്കെതിരിൽ ആര്യസമാജക്കാരുടെ അതി നീചമായ ആക്ഷേപങ്ങൾക്ക് മറുപടിയായി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) നൂറ് വർഷങ്ങൾക്ക് മുമ്പ് എഴുതിയ ബൃഹദ് ഗ്രന്ഥമാണ് ചശ്മയെ മഅ്രിഫഃ. നബി(സ) തിരുമേനിയുടെ വൈവാഹിക ജീവിതത്തെ കുറിച്ചുള്ള വിമർശനങ്ങൾക്ക് ആ ഗ്രന്ഥത്തിൽ നൽകിയ വിശദീകരണമാണ് ഈ ലേഖനം. **വിവ: അബു അയ്മൻ, കുവൈത്ത്**

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

അധമനായവന്റെ അകത്തളങ്ങളിൽ അധമത്വം നിലകൊള്ളുന്നതിനാൽ അവരുടെ ആക്ഷേപങ്ങളും അധമചേഷ്ടകളിൽ അധിഷ്ഠിതമായതായിരിക്കും. ഒരു വ്യക്തി ഏതെല്ലാം അവസ്ഥകളിലും ബന്ധങ്ങളാലുമാണ് ദൈവത്തിന്റെ വരിഷ്ഠരായിത്തീരുന്നതെന്ന് അവരറിയുന്നേയില്ല. അധമ പ്രകൃതനായ മനുഷ്യന്റെ കരങ്ങളിൽ കേവല ദുർധാരണയെന്നോണമുള്ള ഏതാനും ആക്ഷേപങ്ങൾ മാത്രമായിരിക്കും ഉണ്ടായിരിക്കുക. ഉദാഹരണത്തിനു, (അവർ ചോദിക്കുന്നു) ഒന്നിലധികം ഭാര്യമാരുള്ള ഇന്ന വ്യക്തി എങ്ങനെ ദൈവദൂതനായിത്തീരും? എന്നാൽ അതിൽ യാതൊരു അക്ഷന്തവ്യതയും ഇല്ലെന്ന് മൂഢന്മാർ അറിയുന്നില്ല. പ്രത്യുത ബഹുഭാര്യത്വം സന്താനാധിക്യത്തിന് കാരണവും അത് ഒരു അനുഗ്രഹ ഹേതുവുമാകുന്നു. ഒരു സ്ത്രീക്ക് നൂറ് ഭർത്താക്കന്മാർ ഉണ്ടെങ്കിൽ നൂറു കുട്ടികൾ ജനിക്കാനിടയില്ല. പക്ഷേ, നൂറു സ്ത്രീക്ക് ഒരു ഭർത്താവാണുള്ളതെങ്കിൽ നൂറു കുട്ടികൾ ജനിക്കുന്നത് വിദൂരമല്ല. മനുഷ്യപരമ്പര വ്യാപിക്കുകയും ദൈവീകദാസർ പെരുകുകയും ചെയ്യുന്ന ഒരു മാർഗത്തെ എങ്ങനെ നാം പഴിക്കും. ഇത് സന്തുലിതാവസ്ഥക്ക് വിരുദ്ധമാണെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അതൊരു വ്യർഥ ധാരണയാകുന്നു. എന്തുകൊണ്ടെന്നാൽ ദൈവം ഒരുത്തനെ പുരുഷനായി സൃഷ്ടിക്കുകയും അവനിൽ കൂടുതൽ സന്താനങ്ങൾ ഉല്പാദിപ്പിക്കാനുള്ള ശേഷി പ്രദാനം ചെയ്യുകയും സ്ത്രീകളെ അപേക്ഷിച്ച് അവനിൽ കൂടുതൽ ശക്തി നൽകുകയും ചെയ്ത സ്ഥിതിക്ക് അല്ലാഹുതന്നെ തന്റെ കരങ്ങൾക്കൊണ്ട് സന്തുലിതാവസ്ഥ ഭഞ്ജിച്ചിട്ടുണ്ട്. ദൈവം തന്നെ സമാനമാക്കാത്തവർ എങ്ങനെ സമാനമായിത്തീരും? അവരെ സമാനരാണെന്ന് കരുതൽ ശുദ്ധ അസംബന്ധമായിരിക്കും.

മുമ്പും ഞാൻ പലതവണ എഴുതിയിട്ടുണ്ട്, ബഹുഭാര്യത്വം ഒരു സ്ത്രീയുടെ മേലുള്ള അതിക്രമമല്ല. ഉദാഹരണത്തിന്, മുൻഭാര്യയുള്ള ഒരാളെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്ന ഒരു സ്ത്രീ അയാൾക്ക് ഒരു ഭാര്യയുണ്ടെന്നറിഞ്ഞിട്ടും വിവാഹത്തിനു എന്തുകൊണ്ടാണ് തയ്യാറാകുന്നത്? ഭർത്താവ് കൂടുതൽ ഭാര്യമാരെ വേൾക്കുന്നത് അവൾക്ക് സ്വീകാര്യമായതുകൊണ്ടു തന്നെയായിരിക്കും അവൾ ആ വിവാഹത്തിനു തയ്യാറായത്. ഭാര്യാഭർത്താക്കന്മാർ തമ്മിൽ തൃപ്തരാണെങ്കിൽ മറ്റുള്ളവർക്ക് ആക്ഷേപിക്കാൻ അവിടെ എന്തവകാശം? അവകാശികൾ തന്നെ തങ്ങളുടെ അവകാശം പരിത്യജിക്കുമ്പോൾ മറ്റുള്ളവരുടെ ആക്ഷേപങ്ങൾ കേവല ജല്പനങ്ങളാകുന്നു. ആദ്യത്തെ ഭാര്യയാണെങ്കിൽ ഇസ്‌ലാമിൽ കൂടുതൽ ഭാര്യമാർ അനുവദനീയമാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് നിക്കാഹ് കഴിക്കാൻ തയ്യാറാകുന്നത്. എന്തുകൊണ്ട് അവർ നിക്കാഹ് വേളയിൽ തന്റെ ഭർത്താവ് മറ്റൊരു ഭാര്യയെ സ്വീകരിക്കരുതെന്ന നിബന്ധന ഉണ്ടാക്കുന്നില്ല? അപ്പോൾ അവളും മൗനത്തിലൂടെ തന്റെ അവകാശത്തെ വിട്ടുകൊടുക്കുകയാണ് ചെയ്യുന്നത്.

കൂടുതൽ പത്നിമാരുള്ളതുകൊണ്ട് ദൈവവുമായുള്ള ബന്ധത്തിനു ഒരുതരത്തിലുള്ള തടസ്സവുമുണ്ടാകുന്നില്ലെന്ന കാര്യം കൂടി ഓർക്കേണ്ടതാണ്. ഒരാൾക്ക് പതിനായിരം ഭാര്യമാരുണ്ടെങ്കിലും അവനു അല്ലാഹുവുമായി പരിശുദ്ധവും സുദൃഢവുമായ ബന്ധമുണ്ടെങ്കിൽ ആ പതിനായിരം ഭാര്യമാരുണ്ടെന്നുള്ളത് ഒരു (ആ മാർഗത്തിൽ) ഭംഗവും വരുത്തുന്നില്ല. മറിച്ച് മറ്റെല്ലാ ബന്ധങ്ങളും നിലനിൽക്കെത്തന്നെ അവയുമായി ഒരു ബന്ധവുമില്ലെന്ന

ശ്രേഷ്ഠത അതുമുഖേന സ്ഥിരീക രിക്കപ്പെടുകയാണ് ചെയ്യുന്നത്. ഒരു കുതിര, ഭാരം വഹിക്കുന്ന അവസ്ഥ യിൽ നടക്കാൻ സാധിക്കാതിരിക്കു കയും സവാരിയോ ഭാരമോ ഇല്ലാത്ത സമയത്ത് നന്നായി ഓടി ക്കാണിക്കുകയും ചെയ്യുകയാണെ ങ്കിൽ ആ കുതിരയെ പിന്നെ എന്തിനുകൊള്ളും? അതുപോലെ ത്തന്നെ ബന്ധങ്ങളുടെ ബാധ്യത കളുണ്ടായിരിക്കേ ബന്ധവിമുക്ത നെപ്പോലെ ജീവിക്കുന്നുവെങ്കിൽ അവരത്രെ ധീരരായവർ.

പരിശുദ്ധരായവരുടെ ലൈംഗീകേച്ഛകളെ അവിശുദ്ധരുടെ വിഷയേച്ഛകളുമായി ഒത്തുനോക്കാ വതല്ല. അവിശുദ്ധർ കാമവികാര ങ്ങൾക്ക് അടിമപ്പെട്ടവരാണ്. എന്നാൽ വിശുദ്ധരിൽ ദൈവം തന്റെ യുക്തവും അവസരോചിത വുമായ പ്രവൃത്തിയാൽ സ്വയം വിഷയേച്ഛ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. കേവലം രൂപത്തിൽ പരസ്പര സാദൃശ്യമുണ്ട്. ഉദാഹര ണത്തിന്, തടവുകാരും പാറാവുകാ രും ജയിലിൽ തന്നെയാണ് താമസി ക്കുന്നതെങ്കിലും ഇരുവരുടെയും അവസ്ഥകൾ വ്യതിരിക്തങ്ങളാണ്.

വാസ്ഥവത്തിൽ ഒരു മനു ഷ്യന്റെ അല്ലാഹുവുമായിട്ടുള്ള പരിപൂർണബന്ധം സ്ഥിരീകരിക്ക പ്പെടുന്നത്, അവർ ബാഹ്യമായി വിവിധങ്ങളായ ബന്ധങ്ങളാൽ ബന്ധിതനായിത്തീരുമ്പോഴത്രെ. സഹധർമിണിമാർ, സന്താനങ്ങൾ, വ്യാപാരം, കൃഷി തുടങ്ങിയ അനേകം തരത്തിലുള്ള ജീവിതഭാര ങ്ങൾ അവന്റെ ചുമലിൽ ഉണ്ടായിരി ക്കേ അല്ലാഹുവല്ലാത്ത മറ്റാരോടും അവനു ബന്ധങ്ങളുണ്ടായിരിക്കില്ല. ഇതുതന്നെയാണ് സമ്പൂർണമനു ഷ്യരുടെ അടയാളങ്ങൾ. ഒരാൾ വനാന്തരങ്ങളിൽ വസിക്കുകയും ഭാര്യാമക്കളോ മിത്രങ്ങളോ മറ്റെ ന്തെങ്കിലും ഉത്തരവാദിത്വങ്ങളോ, ഇത്യാദി യാതൊരു ബന്ധങ്ങളോ അയാൾക്ക് നിറവേറ്റേണ്ടതില്ലെ ന്നിരിക്കട്ടെ, അയാൾ ഭാര്യാമക്കളു ടെയും സ്വത്തും സമ്പാദ്യങ്ങളുടെ യും മേൽ അല്ലാഹുവിനാണ് മുൻഗണന നൽകിയതെന്ന് നമുക്ക് എങ്ങനെ മനസ്സിലാക്കാൻ സാധി ക്കും. പരീക്ഷണങ്ങളന്യേ എങ്ങനെ അയാളെ നാം അംഗീകരിക്കും?

നമ്മുടെ യജമാനനും നേതാ വുമായ തിരുനബി(സ) ദൈവമാർഗ ത്തിൽ പ്രാണത്യാഗം ചെയ്യേണ്ട അവസരങ്ങൾ വന്നപ്പോൾ തങ്ങൾ ക്ക് ഭാര്യമാർ ഒന്നുംതന്നെ ഇല്ലായി രുന്നു എന്നനിലയിൽ ബന്ധരഹിത നായി കാണപ്പെട്ടു. അവിടന്ന് വിവാഹം കഴിച്ചില്ലായിരുന്നുവെങ്കി ൽ അവിടത്തെ ഈ വൈശിഷ്ട്യം നമുക്ക് എങ്ങനെ മനസ്സിലാക്കാൻ സാധിക്കുമായിരുന്നു? എന്നാൽ അവിടന്ന് അനേകം ഭാര്യമാരെ നിക്കാഹ് കഴിക്കുകയും നൂറുകണ ക്കിന് പരീക്ഷണങ്ങളെ അഭിമുഖീ കരിക്കുകയും ചെയ്തു. തദവസര ങ്ങളിലെല്ലാം ശാരീരികാനുഭൂതികൾ അവിടത്തെ ലക്ഷ്യമല്ലായിരുന്നു വെന്ന് സ്ഥിരീകരിക്കപ്പെട്ടു. ഒരു വസ്തുവിനും അല്ലാഹുവിൽനിന്ന് തന്നെ തടഞ്ഞുനിർത്തുവാൻ സാധിക്കാത്തവിധം പാതിവ്രത്യ ത്തോടുകൂടിയുള്ള ജീവിതമായിരു ന്നു അവിടത്തേത്.

നബിതങ്ങൾ (സ) തിരുമേനി യുടെ വീട്ടിൽ പതിനൊന്ന് ആൺകുട്ടികൾ ജനിച്ചിരുന്നെന്നും അവരെല്ലാവരും മരണപ്പെട്ടിരുന്നു വെന്നും ചരിത്രപഠിതാക്കൾക്കറി യാം. അതിൽ ഓരോ കുട്ടിയുടെ വിയോഗ വേളകളിലും അവരുമായി എനിക്ക് യാതൊരു ബന്ധവുമില്ല, ഞാൻ അല്ലാഹുവിന്റേതാണ്; അല്ലാഹുവിലേക്ക് തന്നെ തിരിച്ചു പോകുന്നവനാണ് എന്ന് അവിടുന്ന് പ്രഖ്യാപിച്ചു. തന്റെ കരളിന്റെ കഷണങ്ങളായ മക്കൾ ഓരോന്നും മരിക്കുമ്പോഴും ആ അധരങ്ങളിൽ നിന്ന് ഉദീരണം ചെയ്യപ്പെട്ട വാക്ക് ഒന്നുമാത്രം, "എന്റെ നാഥാ, എല്ലാറ്റിനും മേൽ നിന്നെ ഞാൻ മുന്തിക്കുന്നു; ഈ മക്കളുമായിട്ടൊ ന്നും എനിക്ക് യാതൊരു ബന്ധവു മില്ല." അവിടുന്ന് തികച്ചും ലൗകി കമായ ആഗ്രഹങ്ങളിൽനിന്നും ലൈംഗിക സുഖാനുഭൂതികളിൽനി ന്നും ബന്ധവിച്ഛേദം ചെയ്തിരു ന്നുവെന്നും ദൈവപന്ഥാവിൽ സദാ തന്റെ ജീവൻ കൈപ്പത്തിയിലേന്തി നടക്കുന്ന ആളായിരുന്നുവെന്നും ഇതിൽനിന്നെല്ലാം സ്ഥാപിതമാകു ന്നില്ലേ? ഒരിക്കൽ ഒരു യുദ്ധവേള യിൽ നബിതങ്ങളുടെ ഒരു വിരൽതുമ്പിൽ വാളിന്റെ ആഘാത മേറ്റു. രക്തം വാർന്നൊഴുകി. അന്നേരം ആ വിരലിനെ സംബോധ നചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു, ഓ വിരലേ! നീ എന്ത്? ദൈവമാർഗത്തിൽ വ്രണിതമായ കേവലമൊരു വിരൽ തന്നെയാണ ല്ലോ. ഒരിക്കൽ ഹദ്റത്ത് ഉമർ (റ) നബി (സ) തിരുമേനിയുടെ വീട് സന്ദർശിച്ചപ്പോൾ അവിടെ ഗൃഹോപകരണങ്ങളൊന്നും കണ്ടി ല്ല. അവിടന്ന് വെറുമൊരു പായ യിൽ കിടക്കുകയാണ്. പായയുടെ പാടുകൾ മുതുകിൽ പതിഞ്ഞിട്ടു ണ്ട്. ഈ രംഗം കണ്ട ഹദ്റത്ത് ഉമർ(റ) നു കരച്ചിൽ വന്നു. അവിടന്ന് ചോദിച്ചു, ഓ ഉമർ നീ എന്തിനാണ് കരയുന്നത്? മഹാനായ ഉമർ(റ) പറഞ്ഞു, അങ്ങയുടെ ഈ അരിഷ്ടതകൾ കണ്ടിട്ടാണ് എനിക്ക് കരച്ചിൽ വന്നത്. സത്യനിഷേധിക ളായ കൈസറും കിസ്രയും എത്ര സുഖാനുഭൂതികളോടെയാണ് ജീവിതം കഴിച്ചുകൊണ്ടിരിക്കുന്നത്; അവിടന്ന് ഈ കഷ്ടപ്പാടുകളിൽ ജീവിതം കഴിച്ചുകൂട്ടുന്നു. അന്നേരം തിരുമേനി (സ) അരുൾ ചെയ്തു, "ഈ ലോകത്തുനിന്ന് എനിക്കെന്ത് നേടാനാണ്? ഞാൻ കഠിനമായ ചൂടിൽ ഒട്ടകപ്പുറത്ത് സഞ്ചരിക്കുന്ന യാത്രക്കാരനെ പോലെയാണ്. നട്ടുച്ചയുടെ കഠിനത അയാളെ ശക്തമായി ബാധിച്ചു. അപ്പോൾ അതേ ഒട്ടകപ്പുറത്ത് തന്നെ ഇരുന്നു കൊണ്ട് സ്വല്പം ആശ്വാസത്തി നായി ഒരു വൃക്ഷത്തണലിൽ അൽപം തങ്ങിനിന്നു. ഏതാനും നിമിഷങ്ങൾക്ക് ശേഷം അതേ ചൂടിൽ തന്റെ വഴിയെ പിന്തുടർ ന്നു."

ഹദ്റത്ത് ആയിശ (റ) ഒഴികെ അങ്ങയുടെ എല്ലാ ഭാര്യമാരും പ്രായം ചെന്നവരായിരുന്നു. അതിൽ അറുപത് വയസ്സ് താണ്ടിയ വരും ഉണ്ടായിരുന്നു. ഇതിൽനിന്നെ ല്ലാം മനസ്സിലാകുന്നത്, അവിടത്തെ ബഹുഭാര്യത്വം കൊണ്ട് പരമപ്രധാ

നവും മുഖ്യവുമായ ഉദ്ദേശ്യം സ്ത്രീകളിൽ ദീനിന്റെ ലക്ഷ്യങ്ങൾ പ്രചരിപ്പിക്കുക എന്നതായിരുന്നു. അവരെ തന്റെ സഹവാസത്തിൽ വെച്ചുകൊണ്ട് മതപരമായ ജ്ഞാനം അവരെ പഠിപ്പിക്കുകയും തദ്വാര അവർ മറ്റുസ്ത്രീകൾക്ക് തങ്ങളുടെ മാതൃകയും വിജ്ഞാനവും കൊണ്ട് മാർഗദർശനം നൽകുകയുമായിരുന്നു.

ആരുടേയെങ്കിലും വിയോഗത്തിൽ ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ എന്ന് ചൊല്ലുന്ന മുസ്ലിംകളിൽ ഇന്നും നിലനിൽക്കുന്ന പതിവ് നബി(സ) തിരുമേനിയുടെതന്നെ സുന്നത്താകുന്നു. അതായത് "ഞങ്ങൾ അല്ലാഹുവിന്റേതാണ് അവന്റെ മാത്രം സമ്പത്താകുന്നു, അവനിലേക്ക് തന്നെയാണ് ഞങ്ങളുടെ മടക്കം." സത്യത്തിന്റെയും കൂറിന്റെയും ഈ വചനം ആദ്യമായി ഉതിർന്നത് തിരുനബി(സ) യുടെ തിരുവായിൽ നിന്നായിരുന്നു. അനന്തരം മറ്റുള്ളവർക്കും ഇതനുസരിച്ച് പ്രവർത്തിക്കാനുള്ള കല്പനയുണ്ടായി. നബി(സ) തിരുമേനി വിവാഹം കഴിക്കാതിരിക്കുകയും സന്താനങ്ങൾ ഉണ്ടാകാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ, സന്താനങ്ങൾ അല്ലാഹുവിന്റെ മുന്നിൽ ഒന്നുമല്ലെന്ന് അങ്ങ് മനസ്സിലാക്കിയിരുന്നുവെന്ന് ബോധ്യപ്പെടുമാറ് അല്ലാഹുവിന്റെ മാർഗത്തിൽ തന്നെ സമർപ്പിച്ചിട്ടുണ്ടായിരുന്നുവെന്ന് നമുക്ക് എങ്ങനെ മനസ്സിലാക്കാൻ കഴിയും?

നിങ്ങളൊന്ന് താരതമ്യം ചെയ്തു നോക്കുവിൻ, സന്താനലബ്ധിയിലുള്ള അത്യാർത്തിമൂലം തങ്ങളുടെ സഹധർമിണിമാരെ സർവവിധേനയും അഭിസാരവൃത്തിയായ **നിയോഗി**നു വിധേയരാക്കുന്ന ആര്യസമാജികൾ ഒരുഭാഗത്ത്. മറുഭാഗത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയെ നോക്കൂ, തന്റെ പ്രിയപ്പെട്ട ആൺമക്കൾ ഒന്നടങ്കം മരിച്ചുപോകുമ്പോഴും പറയുന്നു, എനിക്ക് അവരുമായി യാതൊരു ബന്ധവുമില്ല, എന്റെ ബന്ധം അത്യുന്നതനായ അല്ലാഹുവിനോടാകുന്നു. അതെ, ഈ രഹസ്യമായ ബന്ധം പരീക്ഷണങ്ങളന്യേ എങ്ങനെ സ്ഥിരീകരിക്കപ്പെടുമായിരുന്നു. തദടിസ്ഥാനത്തിൽ അല്ലാഹു പറയുന്നു,

*'പ്രവാചകരേ! ജനങ്ങളോട് പറയുക, ഞാൻ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവനാണ്. മറ്റൊരു വസ്തുവുമായും എനിക്ക് യാതൊരു ബന്ധവുമില്ല. എന്റെ ജീവിതവും എന്റെ മരണവും സർവ്വലോക രക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു.'* (6:163) നോക്കുക, ഈ സൂക്തത്തിൽ ദൈവേതരങ്ങളുമായി തനിക്കുള്ള ബന്ധമില്ലായ്മ എത്രമാത്രം സുവ്യക്തമായിരിക്കുന്നു.....

അഹോ കഷ്ടം! നമ്മുടെ എതിരാളികളെ നശിപ്പിച്ചത് അവരുടെ ഇക്കാര്യങ്ങൾ തന്നെയാകുന്നു, സദ്ഗുണങ്ങളെ കാണാൻ സാധിക്കാത്ത ഇവർ അവരുടെ ബുദ്ധിഹീനത നിമിത്തം മനസ്സിലാക്കാൻ കഴിയാതെ പോയ കാര്യങ്ങളെ ആക്ഷേപങ്ങളെന്നോണം അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. മനുഷ്യൻ ഏതെല്ലാം കർമങ്ങളാലാണ് അല്ലാഹുവിന്റെ പ്രീതനായിത്തീരുന്നതെന്ന് അവർ ചിന്തിക്കുന്നുപോലുമില്ല. എന്ത്, അല്ലാഹുവിലേക്ക് ചെന്നെത്താനുള്ള വഴി വിവാഹം കഴിക്കാതിരിക്കലാണോ? അങ്ങനെയാണെങ്കിൽ ഈ കുറിപ്പടി വളരെ സരളമാണ്. അതിൽനിന്ന് അനിവാര്യമായി വരുന്ന വസ്തുതയെന്തെന്നു വെച്ചാൽ, ഭാര്യമാരായായി ആരെയും കിട്ടാതെ വരികയോ അത്തരം കാര്യത്തിനു ശക്തിയില്ലാതിരിക്കുകയോ ചെയ്യുന്നവരൊക്കെത്തന്നെ അല്ലാഹുവിന്റെ വലിയ്യ്മാരും മിത്രങ്ങളുമാണെന്ന് മനസ്സിലാക്കേണ്ടി വരും. ഒരിക്കലുമല്ല. ആ മാർഗം എത്രയോ വിദൂരമാണ്. അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളെ വിലയം ചെയ്യുകയും സത്യസന്ധതയുടെയും കൂറിന്റെയും വഴികളിലൂടെ കടന്നുചെന്ന് ആ ഘട്ടം താണ്ടിവരികയും ചെയ്യുന്നവർക്കത്രെ ആ സ്ഥാനങ്ങൾ സിദ്ധിക്കുന്നത്. അവർ സത്യത്തിൽ യഥാർഥ ദൈവത്തിനുവേണ്ടി തങ്ങളുടെ ആസ്തികൃത്തിനുമേൽ മൃത്യു വരിച്ചവരാണ്. ഒന്നിനും അവരെ അല്ലാഹുവിൽനിന്ന് തടഞ്ഞുനിർത്താൻ സാധിക്കുകയില്ല. അവരുടെ പ്രേമഭാജനങ്ങളായ പ്രിയതമകളാകട്ടെ സ്വന്തം കരളിൻ കഷണങ്ങളായ സന്താനങ്ങളാകട്ടെ (ആർക്കും അവരെ തടഞ്ഞുനിർത്താൻ സാധ്യമല്ല) സഹസ്രങ്ങളായ ബന്ധങ്ങളുണ്ടായിരിക്കേ അവരുമായി യാതൊരു ബന്ധവുമില്ലാതെ നിലകൊള്ളുന്ന വിശുദ്ധ ഹൃദയത്തിന്റെ ഉടമകളായ ഇവർ അത്ഭുത ജീവികളത്രെ. അല്ലാഹുവല്ലാത്തവരുമായി അവർ തികച്ചും ബന്ധമില്ലാത്തവരായിരിക്കും. അവർക്ക് ആയിരക്കണക്കിന് ഭാര്യമാരോ സഹസ്രക്കണക്കിന് സന്താനങ്ങളോ ഉണ്ടായാൽ പോലും അവർക്ക് ഒരു ഭാര്യയുമില്ല ഒരു കുട്ടിയുമില്ല എന്ന് ആണയിട്ട് പറയാൻ നമുക്ക് കഴിയും. അന്ധമായ ഈ ലോകം അവർ ഏതു സ്ഥാനത്തിൽ വിരാജിക്കുന്നവരാണെന്ന് അറിയുന്നില്ല. ആരാണോ അവർക്ക് ഈ വിശുദ്ധപ്രകൃതം പ്രദാനം ചെയ്തിട്ടുള്ളത് അവൻ മാത്രമാണ് അവരെ അറിയുന്നത്. അതല്ലെങ്കിൽ അവനിൽനിന്ന് കാഴ്ച്ച നൽകപ്പെടുന്നവരും അറിയുന്നു. ലോകത്ത് അത്തരത്തിലുള്ള കോടിക്കണക്കിനു ശുദ്ധപ്രകൃതർ കടന്നുപോയിട്ടുണ്ട്. ഇനിയും വന്നുകൊണ്ടിരിക്കും. എന്നാൽ സർവോത്തമനും സർവോന്നതനും സർവോൽകൃഷ്ടനും ആയി നാം കണ്ടെത്തിയത് **"മുഹമ്മദ് സ്വല്ലല്ലാഹു അലൈഹി വസ്സല്ലം"** എന്നു പേരുള്ള ആ ദൈവീകപുരുഷനെയാകുന്നു. (അൽ അഹ്സാബ് 57)

വിശുദ്ധ ഖുർആനിൽ വിശദമായി വിവരിക്കപ്പെട്ടിട്ടില്ലാത്ത പുണ്യവാന്മാരുടെ സ്മരണ തൽക്കാലം അവിടെ നിൽക്കട്ടെ, ഖുർആനിൽ സ്മരിക്കപ്പെട്ടിട്ടുള്ള ഹദ്റത്ത് മൂസ(അ), ഹദ്റത്ത് ദാവൂദ്(അ), ഹദ്റത്ത് ഈസ (അ) പോലുള്ള നബിമാരുടെ കാര്യ

ശേഷം പേജ് 41 ൽ

# റിച്ചാർഡ് ഡ്വാക്വിൻസ് വിമർശിക്കപ്പെടുന്നു – 2

ഇന്ന് ജീവിച്ചിരിക്കുന്ന ഏറ്റവും ലോകപ്രശസ്തനായ നാസ്തിക വാദിയും കടുത്ത മതവിമർശകനുമായ റിച്ചാർഡ് ഡാക്വിൻസിന്റെ The Blind Watch Maker എന്ന പുസ്തകത്തിലെ പ്രമേയത്തിനെതിരെ ഖലീഫത്തുൽ മസീഹ് റാബിഅ് (റ) തന്റെ Revelation Rationality Knowledge and Truth എന്ന പുസ്തകത്തിൽ ഉയർത്തിയ അനിഷേധ്യമായ വിമർശനത്തിന്റെ രണ്ടാം ഭാഗം.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

നാം വായനക്കാരന്റെ ശ്രദ്ധയെ ഒരു സത്യത്തിലേക്ക് നയിക്കുകയാണ്. പാരിസ്ഥിതിക ഘടകങ്ങൾ അംഗീകരിക്കുകയോ അംഗീകരിക്കപ്പെടാതിരിക്കുകയോ ചെയ്താലും ജീനുകളുടെ പ്രവർത്തനങ്ങളിൽ മാറ്റമുണ്ടാക്കാനോ നിയന്ത്രിക്കാനോ സ്വാധീനിക്കാനോ അതിനാവില്ല. ജീനുകൾ ഉൾക്കൊള്ളുന്ന വസ്തുക്കൾ തന്നെ പരിസ്ഥിതിയുടെ കാരുണ്യം കൊണ്ടാണ് നിലനിന്നു വരുന്നതെന്ന് വന്നാലും അതിന് പാരിസ്ഥിതിക ഘടകങ്ങൾ ബാധകമല്ല.

ഈയൊരു പ്രധാനവാദമാണ് ഡാക്വിൻസ് സൂത്രത്തിൽ മറികടക്കാൻ ശ്രമിക്കുന്നതെന്ന് നമുക്ക് ബോധ്യമായിക്കഴിഞ്ഞതിനാൽ നമ്മുടെ നിലപാട് നാം വിശദമായി വിവരിക്കേണ്ടിയിരിക്കുന്നു. ഡാർവീനിയൻ സിദ്ധാന്തങ്ങൾക്ക് ദുരുപയോഗം ചെയ്യാൻ സാധിക്കാത്തവിധം നാം നമ്മുടെ പുസ്തകത്തിൽ മുൻകൂട്ടിത്തന്നെ പരിണാമ പ്രക്രിയകളെക്കുറിച്ച് വിവരിക്കുകയുണ്ടായി. നമ്മുടെ ഈ പഠനം പ്രകൃതി ശാസ്ത്ര വിദ്യാർഥികൾക്ക് പരിണാമ സങ്കൽപത്തെ പറ്റി പുനർമൂല്യനിർണയം ചെയ്യാൻ സഹായകരമായിരിക്കും. ഡാർവിനിസത്തെ പറ്റി പ്രത്യേകം എതിർത്തെഴുതിയ മതപണ്ഡിതൻമാരിൽ നിന്നും ശാസ്ത്ര പണ്ഡിതൻമാരിൽ നിന്നും നമ്മുടെ നിലപാട് തികച്ചും വ്യത്യസ്തമാണ്. നമ്മുടെ ഈ പഠനം മുഴുവൻ, പൊതുവെയുള്ള ശാസ്ത്ര സാഹിത്യപഠനത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഡാർവിനിസത്തിനെതിരെ എഴുതിയ പുസ്തകങ്ങൾ വായിക്കാതിരിക്കെ നമുക്കെങ്ങനെ മറ്റുള്ളവരിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് നമ്മുടെ ഈ പഠനം എന്ന് പറയാൻ സാധിക്കും? അങ്ങനെ പറയാൻ സാധിക്കുന്നതിന് കാരണം ഈ പുസ്തകത്തിലുടനീളം നമ്മുടെ മാർഗദർശനം സ്വീകരിച്ചിരിക്കുന്നത് വിശുദ്ധ ഖുർആനിൽ നിന്നാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ, മറ്റുള്ള വരാരും ഖുർആനെ ആധാരമാക്കിയല്ല ഡാർവിനെതിരെ വിമർശനം നടത്തിയത്.

ഡാക്വിൻസിന്റെ വിപ്ലവകരമായ സമീപനത്തിലേക്ക് തന്നെ മടങ്ങാം. ജീനുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്ന നിയമങ്ങൾ അതിൽ തന്നെ ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നു. ഇങ്ങനെ ആ നിയമങ്ങൾ ഉള്ളടക്കം ചെയ്ത ശക്തിയെ ക്കുറിച്ച് ഡാക്വിൻസിന് അറിയില്ല എന്ന കാര്യം പ്രത്യേകമോർക്കണം. ജീനുകളുടെ പ്രവർത്തനത്തിൽ പരിസ്ഥിതി മാറ്റത്തിന് യാതൊരു പങ്കുമില്ല. പ്രകൃതി നിർദ്ധാരണതത്ത്വങ്ങൾ ജീവികളുടെ ചില ശാരീരിക പ്രത്യേകതകളെ സ്ഥിരീകരിക്കുമ്പോൾ തന്നെ, അത് അതിന്റെ ശരീരത്തിലെ ജീനുകളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുകയോ അതിൽ ഇടപെടുകയോ ചെയ്യുന്നില്ല. പ്രകൃതി നിർദ്ധാരണം മത്സരത്തിന്റെ ലോകത്ത് ജീവികളുടെ അതിജീവിക്കാനുള്ള ചില ശാരീരിക പ്രത്യേകതകളെ സ്ഥിരീകരിക്കാതിരിക്കുമ്പോഴും അത് ജീനുകളിന്മേൽ യാതൊരുവിധ സ്വാധീനവും ചെലുത്തുന്നില്ല. ഇത് തികച്ചും ശരിയാണെന്ന് പരിണാമത്തിന്റെ ആദ്യാവസാനം പഠിച്ചാൽ അറിയാൻ സാധിക്കും. അമീബിയ പോലെയുള്ള പ്രാകൃത ജൈവരൂപങ്ങളും അതിനെ തുടർന്ന് പരിണാമ ശൃംഖലയിൽ വരുന്ന ജീവികളും ജീനുകളുടെ നിയന്ത്രണത്തിലുള്ള കോശീയമായ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്. ഉചിതമായ രീതിയിൽ അവയവ

സന്നാഹങ്ങളില്ലാത്ത ജൈവരൂപങ്ങളും ജീവികളും പരിണാമത്തിന്റെ മുഴുവൻ കാലഘട്ടവും അതിജീവിച്ചത് അതിൽ ഉള്ളടങ്ങിയ ജീനുകളുടെ ബലത്തിലാണ്.

അവസാനമായി പരിണാമത്തിന്റെ അന്ത്യഘട്ടത്തിലാണ് മനുഷ്യൻ പ്രത്യക്ഷനാകുന്നത്. ജീവിലോകത്തിനും മനുഷ്യനുമിടയിലുള്ള വ്യത്യാസം വളരെ വലുതും വൈജാത്യങ്ങൾ നിറഞ്ഞതുമാണ്. ഈ വ്യത്യാസങ്ങൾ ശകലം ശകലമായുള്ള പുരോഗമനാത്മകമായ വ്യതിയാനങ്ങളിലൂടെയാണ് നികത്തപ്പെട്ടതെന്ന് ഒരു ശാസ്ത്രജ്ഞനും സത്യത്തിൽ സങ്കൽപിക്കാൻ സാധ്യമല്ല. നാം ഇവിടെ സംസാരിക്കുന്നത് ഡാർവിൻ നിരീക്ഷിച്ച ജീവികളുടെ ബാഹ്യവും ലളിതവുമായ സാരൂപ്യങ്ങളെ സംബന്ധിച്ചല്ല. പരിണാമവാദികൾ നഷ്ടപ്പെട്ട കണ്ണികളെ (Missing links) കുറിച്ച് പറയാറുണ്ട്. അത് ചിമ്പാൻസിയാണെന്നും ചിലർ ആൾക്കുരങ്ങാണെന്നും പറയുന്നു. തീർച്ചയായും ചില വർഗത്തിൽപ്പെട്ട ആൾ കുരങ്ങുകൾക്ക് വാലില്ല. എന്നാൽ വാലുണ്ടോ ഇല്ലയോ എന്നത് ഒരു പ്രശ്നമേ അല്ല. മനുഷ്യനും മൃഗവും തമ്മിലുള്ള വമ്പിച്ച അന്തരം പെരുമാറ്റപരമായും (Behavioural) മാനസികമായ (Mental) കഴിവിന്റെ അടിസ്ഥാനത്തിലും എങ്ങനെ വിശദീകരിക്കാം എന്നതാണ് പ്രശ്നം. ഏത് മൃഗമാണ് എഴുതാനും വായിക്കാനും പഠിച്ചത്? മനുഷ്യ ഭാഷയുടേതുപോലെ പരിഷ്കൃതമായ ഒരു ഭാഷയിൽ ഏത് മൃഗമാണ് ആശയ പ്രകടനം നടത്തിയത്? മനുഷ്യനും മൃഗവും തമ്മിൽ ഈ രംഗത്തെല്ലാമുള്ള താരതമ്യം കാണിക്കുന്നത് മനുഷ്യന്റെ കഴിവുകൾ മൃഗങ്ങളുടേതിനേക്കാൾ ശതകോടിക്കണക്കിന് മടങ്ങ് അധികമാണെന്നാണ്. യാഥാർഥ്യത്തിലേക്ക് നാം തിരിയുകയാണെങ്കിൽ, ഇതൊരു യാഥാസ്ഥിതികമായ കണക്ക് കൂട്ടലാണ്. ലോകത്തുള്ള സകല ഗ്രന്ഥാലയങ്ങളിലേക്കും അതിൽ ശേഖരിക്കപ്പെട്ട വിജ്ഞാനങ്ങളിലേക്കും നോക്കുക. ഏതെങ്കിലും ഒരു ശാസ്ത്രജ്ഞന്, ചിമ്പാൻസിയുടെ സ്വകാര്യ പാർപ്പിടത്തിലോ ഗോറില്ലയുടെ ഗുഹകളിലോ ഏറ്റവും പ്രാഥമിക രൂപത്തിലുള്ള ഒരു കൊച്ചു ലൈബ്രറിയെങ്കിലും കാണിച്ചു തരാനാവുമോ? ഇവർ രണ്ടു പേരിൽ ആരെങ്കിലുമെഴുതിയ ഒരു പേജെങ്കിലും, വളരെ പ്രിയങ്കരമായ രീതിയിൽ അവരുടെ ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ടത് കാണിച്ചു തരാൻ പറ്റുമോ? അങ്ങനെയാണെങ്കിൽ നമ്മുടെ പ്രസ്താവന ഏറെക്കുറെ ഊതിപ്പെരുപ്പിച്ചതാണെന്ന കാര്യം നാം സമ്മതിച്ചു തരാം. അവർ മൃഗഭാഷയെക്കുറിച്ച് പറയാറുണ്ടെന്ന കാര്യം തീർച്ചയാണ്. പക്ഷേ ആശയപ്രകാശനം എന്ന നിലക്ക് മൃഗങ്ങളുടെ ഭാഷ ബോധപൂർവം സൃഷ്ടിക്കപ്പെട്ടതല്ല എന്ന് അവർ തന്നെ പറയുന്നു. ഡോൾഫിൻ മനുഷ്യന്റെ ഭാഷ അനുകരിക്കാറുണ്ടെന്ന് അവർ പറയുന്നു. ഒന്നോ രണ്ടോ വാക്കുകൾ അതിന് അപ്രകാരം സംസാരിക്കാൻ കഴിയുമെന്നാണ് അവരുടെ അവകാശവാദം. പക്ഷേ, മൃഗലോകത്തൊരിടത്തും മനുഷ്യന്റെയത്ര അഗാധമായ അർഥങ്ങളുള്ള ഒരു ഭാഷ മൃഗങ്ങൾ സംസാരിച്ചതായി അവർക്ക് കാണിച്ചു തരാൻ സാധ്യമല്ല.

ഡാക്വിൻസിന്റെ സാങ്കൽപിക കുരങ്ങ് അദ്ദേഹത്തിന്റെ കമ്പ്യൂട്ടർ കീബോർഡിൽ ക്രമരഹിതമായി അടിച്ചാൽ ഒരു വരി ഷേക്സ്പിയർ രചന ഉണ്ടാവുമോ? എന്നാൽ, ഷേക്സ്പിയർ നാടകത്തിലെ ഒരു വരി എഴുതാൻ ആവശ്യമായ സമയം വിദൂരമാണെന്ന് മാത്രമല്ല; അസാധ്യം കൂടിയാണ്. യഥാർത്ഥ കുരങ്ങിനെ എളുപ്പത്തിൽ ലഭ്യമാണെന്നിരിക്കെ ഡാക്വിൻസ് എന്തുകൊണ്ട് സാങ്കൽപിക കുരങ്ങിന്റെ പിന്നാലെ പോയി എന്നത് ദുരൂഹമായിരിക്കുന്നു. അദ്ദേഹം കമ്പ്യൂട്ടർ കീബോ ർഡിൽ പരിശീലനം കൊടുക്കാത്ത ഒരു യഥാർഥ കുരങ്ങിനെ തന്നെ ആ ദൗത്യം ഏൽപിക്കണമായിരുന്നു. അദ്ദേഹം ഒരു കുരങ്ങിനെ കമ്പ്യൂട്ടറിനടുത്ത് കെട്ടിയിടുകയാണ് വേണ്ടത്. അടുത്ത പ്രഭാതത്തിൽ അദ്ദേഹം കുരങ്ങിന്റെ രചന എന്താണെന്ന് നോക്കാൻ കമ്പ്യൂട്ടറിനടുത്ത് വന്നാൽ ഷേക്സ്പിയർ ഡ്രാമയിൽ നിന്ന് കുരങ്ങൻ ഒരു വരി എഴുതിയത് കണ്ടെത്തുന്നതിന് പകരം കമ്പ്യൂട്ടർ തുണ്ടംതുണ്ടമാക്കിയത് കാണാനായിരിക്കും കൂടുതൽ സാധ്യത. സമയം വളരെ കുറവാണെന്ന് നാമറിയുന്നു. നശിപ്പിക്കപ്പെട്ട പഴയ കമ്പ്യൂട്ടറിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്ത് ഓരോ ദിവസവും പുതിയ ഓരോ കമ്പ്യൂട്ടർ കൊണ്ടു വരേണ്ടി വരും. അങ്ങനെ അവസാനം കുരങ്ങന്റെ അവസാന ശ്വാസം വലിക്കുന്ന നിമിഷം വന്നെത്തുമ്പോൾ ആ മുറി കമ്പ്യൂട്ടർ പാർട്സുകളുടെ ഒരു ശവപ്പറമ്പായി മാറിയിട്ടുണ്ടാകും. ആ അവശിഷ്ടങ്ങളുടെ കൂനകൾക്കിടയിലെവിടെയെങ്കിലും ഷേക്സ്പിയർ കൃതിയുടെ ഒരു വരിപോലും കാണാൻ സാധ്യമല്ല. ചത്ത കുരങ്ങിന്റെ ശരീരത്തിനു മുകളിൽ പോലും കാണാൻ സാധ്യമല്ല. ഡാർവീനിയൻ മാനദണ്ഡം വെച്ച് നോക്കുമ്പോൾ ഈ സമയവും വളരെ ഹ്രസ്വമാണ്. എന്നാൽ കുരങ്ങുകൾ മനുഷ്യന് മുമ്പേ അഞ്ചു മുതൽ എട്ടു വരെ ദശലക്ഷം വർഷം മുമ്പേ നിലനിന്നിരുന്നില്ലേ? ശകലം ശകലമായി ഷേക്സ്പിയർ പ്രതിഭ അവരിൽ ഉണ്ടാവാൻ ഈ കാലഘട്ടം മതിയായിരുന്നില്ലേ? മനുഷ്യന്റേയും കുരങ്ങിന്റേയും മസ്തിഷ്ക്കം തമ്മിലുള്ള വ്യത്യാസം ദീർഘമായതാണെങ്കിലും ഒറ്റ കുതിച്ചു ചാട്ടത്തിന്റെ അന്തരം മാത്രമാണ്.

നമുക്ക് ഹിമോഗ്ലോബിന്റെ പ്രശ്നത്തിലേക്ക് തന്നെ ഒരിക്കൽ കൂടി തിരിച്ചു വരാം. ദൈവത്വം ദൈവമല്ലാത്ത മറ്റാർക്കെങ്കിലും വകവെച്ചു കൊടുക്കുകയാണെങ്കിൽ അത് ഹിമോഗ്ലോബിനായിരിക്കണം വകവെച്ച് കൊടുക്കേണ്ടത്.

അന്ധവും മൂകവും ബധിരവുമായ പ്രകൃതി നിർദ്ധാരണത്തിനായിരിക്കരുത്. മനുഷ്യ ശരീരം വരെ രൂപീകരിക്കാൻ എന്തൊന്നാണോ പിന്തുടർന്ന് വന്നത് അതൊന്നും തന്നെ ആകസ്മികതക്ക് സൃഷ്ടിക്കാൻ സാധ്യമല്ല എന്നാണ് പ്രൊഫ. ഡാകിൻസിന്റെ അഭിപ്രായം. അതിന്റെ യോഗ്യത ഡാർവിനിസത്തിനല്ല ഹിമോഗ്ലോബിനാണ് നൽകേണ്ടിയിരുന്നത് എന്നാണ് അദ്ദേഹം പറയുന്നത്. അങ്ങനെ പ്രൊഫ: ഡാകിൻസ് തന്റെ ദൈവത്തെ തിരിച്ചറിയുന്നതായി നാം കാണുന്നു. പിന്നീട് താൻ ദൈവമായി കണ്ടതിനെ നിഷേധിക്കുകയും ചെയ്യുന്നു. അദ്ദേഹം ഹിമോഗ്ലോബിനെ എല്ലാ സൃഷ്ടികളുടേയും ദൈവമായി കാണണം. എന്നാൽ ഇവിടെ ഹിമോഗ്ലോബിന്റെ ദൈവം കൂടിയുണ്ടാവേണ്ടതുണ്ട്. ആ ദൈവം എന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ആകസ്മികതയുടെ എണ്ണമറ്റ ഒരു സംഖ്യയാണ്. ആ സംഖ്യയാവട്ടെ തീർച്ചയായും നിലവിലില്ല താനും.

അദ്ദേഹത്തിന്റെ വാദത്തിന്റെ ആകത്തുക ഇതാണ്. ഹിമോഗ്ലോബിന് നിലനിൽക്കാൻ സാധ്യമാകുമായിരുന്നില്ല. കാരണം അത് സൃഷ്ടിക്കാനാവശ്യമായി വരുന്ന അവസരങ്ങൾ എണ്ണുക അസാധ്യമാണ്. അദ്ദേഹം വിശദീകരണം നൽകേണ്ട അടുത്ത യുക്തിപരമായ ചോദ്യം ഇതാണ്. അതായത് ഹിമോഗ്ലോബിന് നിലനിൽക്കാൻ കഴിയില്ല എന്നിരിക്കെ പിന്നെയെന്തുകൊണ്ട് അത് നിലനിൽക്കുന്നു? ഈ പ്രഹേളികക്കുള്ള അനിവാര്യമായ ഉത്തരം, ഹിമോഗ്ലോബിന്റെ അസ്തിത്വം തന്നെ അതിന്റെ സ്രഷ്ടാവ് ആകസ്മികതയാണ് എന്ന വാദത്തെ നിരാകരിക്കുന്നു എന്നതാണ്. എന്തായിരുന്നാലും ഹിമോഗ്ലോബിന്റെ രൂപഘടനയിലെ അഗാധമായ സാങ്കേതിക സങ്കീർണതകളും കെട്ടുപിണച്ചിലുകളും ആകസ്മികതക്ക് പകരം മറ്റൊരു സ്രഷ്ടാവിനെ പ്രതിഷ്ഠിക്കാൻ ആവശ്യപ്പെടുന്നു. പ്രൊഫ: ഡാകിൻസിന് മൂന്നാമതൊരു നിർദേശം സമർപ്പിക്കാനില്ല. അദ്ദേഹം ഒന്നുകിൽ തന്റെ കാൽ നിലവിലില്ലാത്ത തോണിയിൽ വെക്കണം. അല്ലെങ്കിൽ അദ്ദേഹം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ദൈവസന്നിധിയിലേക്കെത്തുന്ന തോണിയിൽ അദ്ദേഹം കയറണം. ഇത് അദ്ദേഹത്തെ ദൈവത്തിന്റെ അടുക്കലേക്ക് എത്തിക്കുമ്പോൾ ആ നിമിഷം തനിക്ക് ഒഴിവാക്കാൻ പറ്റാത്ത അമളി പിടികൂടിയിരിക്കുന്നതായി അദ്ദേഹം മനസ്സിലാക്കുന്നു. ഉടൻ തന്നെ ദൈവ സവിധത്തിൽ നിന്ന് തന്റെ വ്യാജദൈവമായ ഡാർവിനിസത്തിലേക്ക് അദ്ദേഹം കുതറിമാറുന്നു. ഹിമോഗ്ലോബിന്റെ സൃഷ്ടിയിൽ ഡാർവിനിസത്തിന് യാതൊരു പങ്കുമില്ല എന്നറിഞ്ഞിട്ടും അദ്ദേഹം അങ്ങോട്ട് തന്നെ ഗമിക്കുന്നു. മനുഷ്യ ശരീരത്തിൽ സൃഷ്ടിക്കപ്പെടുന്ന കോശതലത്തിലുള്ള എന്തുതന്നെ അത്ഭുതമുണ്ടെങ്കിലും അത് ഡാർവിനിസത്തിലേക്ക് ആരോപിക്കാൻ അദ്ദേഹത്തിന് യാതൊരു വിധ അവകാശവുമില്ല. കാരണം ആദ്യം അതിന്റെ സ്രഷ്ടാവായ ഹിമോഗ്ലോബിൻ സ്വയം തന്നെ എങ്ങനെ അസ്തിത്വത്തിലേക്ക് വന്നു എന്ന് അദ്ദേഹം വിശദീകരിക്കേണ്ടിയിരിക്കുന്നു. ആകസ്മികത കൂടാതെ മറ്റെന്തെല്ലാം ഘടകങ്ങളാണ് ജീവന്റെ അടിസ്ഥാന കോശങ്ങളെ രൂപപ്പെടുത്തിയതെന്ന ചോദ്യത്തിന് അദ്ദേഹം ഉത്തരം പറയേണ്ടതുണ്ട്. കൂടാതെ ജീനുകളെ പാരിസ്ഥിതിക ഘടകങ്ങൾക്ക് വിധേയമാക്കാനുള്ള അദ്ദേഹത്തിന്റെ തന്ത്രം തികച്ചും നിരർഥകമാണ്. നാം ചൂണ്ടിക്കാണിച്ചത് പോലെ അത് പ്രതിലോമകരം കൂടിയാണ്. ഇതാണ് പ്രൊഫ. ഡാകിൻസിന്റെ മുഖ്യ പ്രശ്നം. വായനക്കാരന്റെ ശ്രദ്ധ യഥാർഥ പ്രശ്നത്തിൽ നിന്ന് തെറ്റിച്ച് കാൽപനിക വിഷയങ്ങളിലേക്ക് അദ്ദേഹം തിരിച്ചു വിടുകയാണ്.

ഈ വിശകലനത്തിന്റെ വെളിച്ചത്തിൽ കമ്പ്യൂട്ടറുകളെ ഉപയോഗിക്കാനുള്ള ഡാകിൻസിന്റെ ശ്രമവും ശകലം ശകലമായുള്ള സഞ്ചിത ഘടകങ്ങളെ പറ്റിയുള്ള സിദ്ധാന്തവുമെല്ലാം അർഥശൂന്യമാണെന്ന് തെളിഞ്ഞിരിക്കുന്നു. സമയത്തിന്റെ ഹ്രസ്വതയോ ദൈർഘ്യതയോ ഒരിക്കലും ഒരു പ്രശ്നമായിരുന്നില്ല. അദ്ദേഹം നമ്മെ സ്വയം അറിയിക്കുന്നത് ശകലം ശകലമായി സഞ്ചിതമായിക്കൊണ്ടുള്ള ജീവന്റെ അടിസ്ഥാന വസ്തുവിന്റെ സൃഷ്ടിപ്പിന് പോലും യഥാർഥത്തിൽ ലഭ്യമായ സമയത്തേക്കാൾ കോടാനുകോടി വർഷങ്ങൾ അധികം വേണ്ടി വരുമെന്നാണ്. വീണ്ടും ജീവവസ്തുക്കളുടെ സൃഷ്ടിപ്പിന് ആവശ്യമായി വരുന്ന സമയം താരതമ്യേന വളരെ വലുതാണെന്ന് അദ്ദേഹം നമ്മെ അറിയിച്ചിരിക്കെ ശകലം ശകലമായുള്ള സഞ്ചിത സിദ്ധാന്തത്തെപ്പറ്റി ചർച്ച ചെയ്യാൻ അദ്ദേഹത്തിന് യാതൊരു അവകാശവുമുണ്ടായിരിക്കുന്നതല്ല. അത് അദ്ദേഹത്തിന്റെ വായനക്കാരെ സംബന്ധിച്ചിടത്തോളം വെറും സമയം കൊല്ലലായിരിക്കും. അദ്ദേഹം വെറും 1 ബില്യനിൽ ഒതുക്കാൻ ശ്രമിക്കുന്നത് അമേരിക്കൻ രീതിയിലെടുക്കുകയാണെങ്കിൽ 1 ന് ശേഷം 9 പൂജ്യങ്ങളാണ്. ബ്രിട്ടീഷ് ബില്ല്യനാണെങ്കിൽ 1 ന് ശേഷം 12 പൂജ്യങ്ങളും വേണം. പക്ഷേ, പ്രകൃതിക്ക് ഇത്രയധികം വർഷങ്ങളിൽ ഒതുക്കുവാൻ സാധിക്കുകയില്ല. വാസ്തവത്തിൽ ശകലം ശകലമായും സഞ്ചിതവുമായുള്ള ജീവന്റെ ഉത്പാദനത്തിന് ആവശ്യമായ വർഷങ്ങൾ 1 ന് ശേഷം 1000 പൂജ്യങ്ങളുള്ള കാലഘട്ടമാണെങ്കിൽ അത് ജീവന്റെ അസ്തിത്വത്തെ തന്നെ നിരാകരിക്കുന്നതിന് സമമായിരിക്കും. അതിനാൽ ജീവന്റെ യാഥാർഥ്യം പ്രൊഫസർ ഡാകിൻസ് തികച്ചുമൊരു മിഥ്യ എന്ന് പറഞ്ഞ് നിരാകരിക്കേണ്ടതുണ്ട്.

അന്തിമ വിശകലനത്തിൽ ഒരു ദേവതയിലുള്ള വിശ്വാസമോ പ്രകൃതി നിർദ്ധാരണത്തിലുള്ള വിശ്വാസമോ ഏതാണ് തിരഞ്ഞെ

ടുക്കുക എന്ന വിഷയം ചർച്ച ചെയ്തു കൊണ്ടാണ് പ്രൊഫസർ ഡാക്വിൻസ് പുസ്തകത്തിന്റെ അവസാന അധ്യായം ഉപസംഹരിക്കുന്നത്. ആരാണ് സ്രഷ്ടാവ് എന്ന കാര്യം തിരിച്ചറിയപ്പെടേണ്ടതുണ്ട്. ആ സ്രഷ്ടാവിനെ അദ്ദേഹം കണ്ടെത്തുകയോ കണ്ടെത്താതിരിക്കുകയോ ചെയ്താലും തീർച്ചയായും അദ്ദേഹത്തിന് ദൈവത്തിനു പകരം പ്രകൃതി നിർദ്ധാരണത്തെ പ്രതിഷ്ഠിക്കാൻ അവകാശമില്ല. പ്രകൃതിനിർദ്ധാരണത്തെ ഒരു സ്രഷ് ടാവായി കണക്കാക്കുവാൻ സാധ്യമല്ല. കാരണം പ്രകൃതി നിർദ്ധാരണം സൃഷ്ടിക്കുകയല്ല ചെയ്യുന്നത്. സൃഷ്ടിക്കപ്പെട്ടത് ഏതൊന്നാണോ അതിൻമേൽ അവ പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. പ്രൊഫസർ ഡാക്വിൻസ് അദ്ദേഹത്തിന്റെ വിരൽ ചൂണ്ടുന്നത് ഒരു ദേവതയാകാൻ യോഗ്യതയില്ലാത്ത യാതൊരു വ്യക്തിത്വവുമില്ലാത്ത കേവലം ചില തത്ത്വങ്ങളിലേക്കാണ്. അതായത് അന്ധവും മൂകവും ബധിരവുമായ ചില തത്ത്വങ്ങളിലേക്ക്. അതിനാകട്ടെ ഭൗതികമായോ ആത്മീയമായോ യാതൊരസ്തിത്വവുമില്ല. അത് തീർച്ചയായും ഒരു സ്രഷ്ടാവല്ല എന്ന കാര്യം സ്പഷ്ടമാണ്. പ്രൊഫസർ ഡാക്വിൻസ് ഏതെങ്കിലും ഒരു സ്രഷ്ടാവിന്റെ അസ്തിത്വത്തെ നിഷേധിക്കുകയാണെങ്കിൽ അദ്ദേഹത്തിന് സ്രഷ്ടാവിന് പകരം തത്ത്വങ്ങളെ വെക്കാൻ യാതൊരവകാശവുമില്ല. അദ്ദേഹത്തിന് രണ്ട് യുക്തിപരമായ വഴികൾ മാത്രമാണുള്ളത്. ഒന്നുകിൽ അദ്ദേഹം സൃഷ്ടികളുടെ അസ്തിത്വം അംഗീകരിക്കുമ്പോൾ തന്നെ സ്രഷ്ടാവിനെ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു എന്ന് സമ്മതിക്കുകയാണ് വേണ്ടത്. അല്ലെങ്കിൽ ഇവിടെ ഒരു സ്രഷ്ടാവില്ല എന്നാൽ, സൃഷ്ടികൾ നിലനിൽക്കുന്നുണ്ട് എന്ന് അദ്ദേഹം പ്രഖ്യാപിക്കണം. ഈയൊരു വാദം, *The Blind Watchmaker* എന്ന പുസ്തകമുണ്ട്. പക്ഷേ, അതെഴുതിയ പ്രൊഫസർ ഡാക്വിൻസ് ഒരിക്കലും ഉണ്ടായിട്ടില്ല എന്ന് പറയുന്നതിന് തുല്യമാണ്!

കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ണിന്റെ ഘടനയെ സംബന്ധിച്ചും മുഴുവൻ പ്രകാശ വ്യവസ്ഥയെ സംബന്ധിച്ചും വിവരിക്കുകയുണ്ടായി.കണ്ണിന്റെ സൃഷ്ടിപ്പിനെ സംബന്ധിച്ച പ്രൊഫസർ ഡാക്വിൻസിന്റെ വിവരണം വായിച്ചപ്പോൾ അത് വളരെ ബാലിശവും നമ്മെ അഗാധമായി നിരാശപ്പെടുത്തുന്ന വിധം വിവേകശൂന്യവുമാണെന്നും കണ്ടു. അദ്ദേഹം ശകലം ശകലമായുള്ള സഞ്ചിത പരിണാമ സിദ്ധാന്തത്തിലാണ് മുഴുവൻ ആശ്രയിച്ചു നിൽക്കുന്നത്. ഈ സിദ്ധാന്തം അദ്ദേഹം തന്നെ അംഗീകരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ നാം പാടെ തള്ളിക്കളഞ്ഞതാണ്. നേത്രഗോളത്തെ ഒരു സ്വതന്ത്ര അവയവമായി കാണുന്ന സമീപനം തെറ്റാണെന്ന വസ്തുതയിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധയെ ക്ഷണിക്കാൻ നാം ആഗ്രഹിക്കുന്നു. പരസ്പരം ആശ്രയിച്ചു കഴിയുന്ന ഒരു പ്രകാശ വ്യവസ്ഥയുടെ ഭാഗം മാത്രമാണ് കണ്ണ്. അല്ലായിരുന്നുവെങ്കിൽ കാഴ്ചനൽകുന്ന യാതൊരു ധർമവും കണ്ണിന് നിർവഹിക്കാൻ സാധ്യമാകുമായിരുന്നില്ല. ചെറിയൊരു ശതമാനം കാഴ്ച തീരെ കാഴ്ചയില്ലാത്തതിനേക്കാൾ നല്ലതാണ് എന്ന് തെളിയിക്കാനുള്ള നിഷ്ഫലമായ ശ്രമത്തിൽ മുഴുകുന്നതിൽ യാതൊരു കാര്യവുമില്ല. ഒരു ലെൻസ് പോലും കൂടാതെ കാഴ്ച സാധ്യമാണെന്ന് തെളിയിക്കുക എന്നത് അർഥരഹിതമാണ്. മനുഷ്യന്റെ കാഴ്ച വ്യവസ്ഥ ശാസ്ത്രജ്ഞൻമാർ നൽകിയ ശാസ്ത്രീയ വിവരങ്ങളോടു കൂടി നാം വിശദീകരിക്കുകയുണ്ടായി. ഈ ശാസ്ത്രീയ വ്യവസ്ഥയിലായിരിക്കണം അദ്ദേഹത്തിന്റെ ശകലം, ശകല സിദ്ധാന്തം ആരോപിക്കാൻ ശ്രമിക്കേണ്ടിയിരുന്നത്. അതാണ് അദ്ദേഹം ഒഴിവാക്കിയത്.

ഉദാഹരണത്തിന് അദ്ദേഹത്തിന് ഇവിടെ നിന്ന് തുടങ്ങാവുന്നതാണ്. കോൺ കോശങ്ങളും, ദണ്ഡ് കോശങ്ങളുമടങ്ങിയ റെറ്റിന എങ്ങനെയാണ് ശകലം ശകലമായി നാനോ മീറ്റർ (ഏറ്റവും ചെറിയ അളവ്) തോതിൽ പരിണമിച്ച് രൂപപ്പെടുകയും അവസാനം വർണവും പ്രകാശവും അന്ധകാരവും തിരിച്ചറിയപ്പെടുകയും ചെയ്തത് എന്ന് അദ്ദേഹം ലോകത്തെ അറിയിക്കട്ടെ. റെറ്റിനയുടെ തിരിച്ചറിവ് അവയിൽമാത്രം പരിമിതമാണെങ്കിൽ അതിന് ഒരു ദൗത്യവും നിർവഹിക്കുവാൻ സാധിക്കുമായിരുന്നില്ല. ദണ്ഡ്, കോൺ കോശങ്ങൾ സാധിച്ചെടുത്ത നേട്ടം നേത്രവ്യവസ്ഥയിൽ സമഗ്രമായ പങ്ക് വഹിക്കുന്ന എല്ലാ ഘടകങ്ങൾക്കും ആരോപിച്ചു കൊണ്ടായിരിക്കണം അദ്ദേഹത്തിന്റെ ശകല സിദ്ധാന്തം തുടങ്ങേണ്ടത്. ഒരു ശതമാനം മാത്രം കാഴ്ചയുള്ള അവികസിതമായ കണ്ണ് അത് ഒരു ദുർബലമായ കണ്ണ് തന്നെയാണ്. പക്ഷേ, പകുതി കണ്ണ് ഒരു നേത്രമായി കണക്കാക്കാനാകില്ല. റെറ്റിന, ദണ്ഡ്കോശം, കോൺ കോശം, ഗാംഗ്ളിയ മുതലായവയും അവ അനുക്രമം വിന്യസിച്ച രീതിയും എല്ലാം തന്നെ മസ്തിഷ്ക്കത്തിലേക്ക് കാഴ്ചയുടെ പൾസുകൾ അയക്കാൻ അനുപേക്ഷണീയമാണ്. അത്തരത്തിലുള്ള നിരവധി സങ്കീർണതകൾ പ്രൊഫസർ ഡാക്വിൻസിന്റെ സിദ്ധാന്തത്തെ പരാജയപ്പെടുത്തുന്നു. റെറ്റിന അതിന്റെ പരിപൂർത്തീകരണത്തിന് എങ്ങനെ എത്രകാലം കാത്തുനിന്നു? ഇത്തരം ചോദ്യങ്ങൾ പ്രൊഫസർ ഡാക്വിൻസിനോട് ചോദിക്കാൻ ഞങ്ങൾക്ക് എല്ലാ അവകാശങ്ങളുമുണ്ട്. കോൺ കോശങ്ങൾ അതുൾക്കൊള്ളുന്ന അത്ഭുത സവിശേഷതകളോട്കൂടി മുൻകൂട്ടി ആസൂത്രണം ചെയ്യപ്പെട്ടി

**ശേഷം പേജ് 25 ൽ**

ഭാഗം – 6

# മലക്കും മനുഷ്യനും: ആരാണ് ശ്രേഷ്ഠൻ?

മലക്കുകൾ അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളായ അദൃശ്യ ജീവികളാണ്. വിശ്വാസകാര്യങ്ങളിൽപെട്ട അത്ഭുതകരമായ ഈ അസ്തിത്വത്തെ സംബന്ധിച്ച് വളരെയൊന്നും മതസാഹിത്യങ്ങളിൽ ചർച്ചചെയ്യപ്പെടുകയോ വിവരിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഇമാം മഹ്ദിയുടെ രണ്ടാം ഖലീഫയും വാഗ്ദത്ത പരിഷ്ക്കർത്താവുമായ **ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)** തന്റെ അഗാധവും വിശാലവുമായ ദിവ്യജ്ഞാനത്താൽ മലക്കുകളെ സംബന്ധിച്ച് ലളിത മനോഹരമായി എഴുതിയ **മലായിക്കത്തുല്ലാഹ്** എന്ന ഉറുദു പുസ്തകത്തിന്റെ വിവർത്തനം. **വിവ: ആരിഫ് മുഹമ്മദ് ബി. എം.**

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

മലക്കാണോ മനഷ്യനാണോ ശ്രേഷ്ഠൻ എന്ന ചോദ്യത്തിന് ഇനി ഞാൻ മറുപടി പറയാം. എന്തെന്നാൽ, ഈസാനബി(അ)യും മൂസാനബി(അ)യും നബി (സ) തിരുമേനിയും ജിബ്രീലിന്റെ പ്രതിബിംബം മുഖേനയാണ് ഈ പദവിയിൽ എത്തിയത് എന്ന കാര്യത്തിൽ ഞാൻ മുമ്പ് ഊന്നൽ നൽകിയപ്പോൾ പ്രതിഛായ നൽകുന്നവനല്ലേ ശ്രേഷ്ഠനാവുക? അല്ലാതെ ആ പ്രതിബിംബം മുഖേന ഉന്നതപദവിയിൽ എത്തിയവരല്ലല്ലോ? എന്ന ചിന്ത ആരുടെയെങ്കിലും മനസ്സിൽ ഉയർന്നേക്കാം. ഹദ്റത്ത് ഈസാനബി (അ)യുടെയും ഹദ്റത്ത് മൂസാനബി (അ)യുടെയും നബി(സ)തിരുമേനിയുടെയും മേൽ ജിബ്രീലിന്റെ പ്രതിബിംബം പതിഞ്ഞിട്ടുണ്ടെങ്കിലും അവരാണ് ജിബ്രീലിനേക്കാൾ ശ്രേഷ്ഠരെന്ന കാര്യം ഓർത്തിരിക്കേണ്ടതാണ്. അതിന് പല കാരണങ്ങളുണ്ട്.

1. ജിബ്രീൽ തീർച്ചയായും പ്രതിഛായ നൽകപ്പെടുന്നുണ്ടെങ്കിലും അത് ഒരു മാധ്യമം എന്ന നിലക്കാണ്. വാസ്തവത്തിൽ ദൈവമാണ് പ്രതിബിംബം നൽകുന്നത്. അതിനെ ഇങ്ങനെ ഉദാഹരിക്കാം: സൂര്യന്റെ പ്രതിബിംബം ദർപ്പണത്തിൽ പതിയുന്നു. അതിൽ നിന്ന് മറ്റൊന്നിലേക്ക് അത് പതിയുന്നു. ജിബ്രീൽ ദൈവത്തിൽ നിന്ന് വെളിച്ചം ആർജിച്ചുകൊണ്ടാണ് പിന്നീടങ്ങോട്ട് സ്വാധീനം ചെലുത്തുന്നത്; അല്ലാതെ സ്വന്തം നിലയ്ക്കല്ല. മാധ്യമം ചിലപ്പോൾ ഉന്നതമായിരിക്കും. ചിലപ്പോൾ താഴ്ന്നതായിരിക്കും. ഉന്നതമായതിനുള്ള ഉദാഹരണം സൂര്യന്റെ പ്രതിരൂപം പതിയുന്ന കണ്ണാടിയുടേതാണ്. കണ്ണാടി മുഖേന ഏതൊന്നിലാണോ സൂര്യന്റെ പ്രതിരൂപം പതിയുന്നത് അതിനെക്കാൾ കണ്ണാടി ഉന്നതമായിരിക്കും. താഴ്ന്ന നിലയിൽ ഉള്ളതിനെ ഇങ്ങനെ ഉപമിക്കാം. രാജാവ് കത്തെഴുതി ഇന്ന മന്ത്രിക്ക് കൊടുക്കാൻ വേണ്ടി ദൂതനെ ഏൽപ്പിക്കുന്നു. കത്തിലെന്താണ് ഉള്ളത് എന്നത് അയാൾക്കറിവില്ല. അത് എത്തിക്കുക എന്നതാണ് അയാളുടെ ജോലി. അല്ലെങ്കിൽ അയാൾ മുഖേന വാക്കാലും സന്ദേശം എത്തിക്കുന്നു. അപ്പോഴും പൂർണമായ നിലയിൽ സംഗതി ഗ്രഹിക്കാൻ കഴിയുക ദൂതനെ അപേക്ഷിച്ച് മന്ത്രിക്കായിരിക്കും. ഈ ഉദാഹരണം പരിഗണിക്കുമ്പോൾ ദൈവത്തിന്റെ പ്രതിച്ഛായ ജിബ്രീൽ മുഖാന്തരം പതിഞ്ഞേക്കാമെന്ന് പറയാമെങ്കിലും ജിബ്രീൽ അറിയുന്നില്ല സംഗതി എന്താണെന്ന്. ഈ സംഗതി ഒരു ഹദീസിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഒരു ഘട്ടത്തിൽ ജിബ്രീൽ നബി (സ) യോട് പറഞ്ഞു: ‘‘ഇനി താങ്കൾ മുന്നോട്ട് പൊയ്ക്കൊള്ളുക, എനിക്ക് വരാൻ കഴിയില്ല’’. ജിബ്രീൽ മുഖാന്തരം എത്തിക്കപ്പെടുന്നതെല്ലാം ഒരാൾ മറ്റൊരാൾക്ക് സന്ദേശം എത്തിക്കുന്നതുപോലെയാണ്. അതിൽ ചിലത് അയാൾക്ക് മനസ്സിലാകുന്നതായിരിക്കും. ചിലത് സന്ദേശം അയക്കപ്പെടുന്ന ആൾക്ക് മാത്രം മനസ്സിലാകുന്ന സൂചനകളായിരിക്കും. അല്ലെങ്കിൽ സന്ദേശം അയച്ച ആൾക്ക് മനസ്സിലാകുന്നതായിരിക്കും. ഇതുപോലെ

ജിബ്‌രീലിന് നൽകപ്പെട്ടതെല്ലാം എത്തിക്കുന്നുണ്ടെങ്കിലും അതിൽ അല്ലാഹും റസൂലും മാത്രം അറിയുന്ന കാര്യങ്ങളുമുണ്ട്.

ജിബ്‌രീലിന് മനസ്സിലാക്കാൻ കഴിയാത്ത കാര്യങ്ങളാണ് ജിബ്‌രീൽ കൊണ്ടെത്തിച്ചത് എന്നതിനുള്ള ഉദാഹരണമാണിത്. അതേസമയം, അതിൽ ജിബ്‌രീലിന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്ന കാര്യങ്ങളിൽ കൂടുതലായി അത് മനസ്സിലാക്കിയത് നബി (സ) തിരുമേനിയായിരുന്നു. ഒരു ഉദാഹരണത്തിലൂടെ ഇത് ഞാൻ വിവരിക്കാം. രണ്ട് ആളുകൾക്ക് പനി ബാധിച്ചു. രണ്ട് പേർക്കും quinine (ജ്വരഹരി) നൽകിയാൽ ചിലപ്പോൾ ഒരാൾക്ക് ഉടനെ സുഖപ്പെടുകയും മറ്റെയാൾക്ക് കുറച്ച് വൈകിയുമായിരിക്കും സുഖപ്പെടുന്നത്. അങ്ങനെ സംഭവിക്കാൻ കാരണം അവർ രണ്ട് പേരുടെയും വ്യക്തിപരമായ ശാരീരിക ആരോഗ്യത്തിലുള്ള വ്യത്യാസം കാരണത്താലാണെന്നത് സ്പഷ്ടമാണ്. quinine (ജ്വരഹരി) നെ അതിജയിക്കാൻ കെൽപ്പുള്ള അണുക്കൾ അടങ്ങിയ ശരീരത്തിൽ അത് ചെറിയ രീതിയിൽ സ്വാധീനം ചെലുത്തുകയും അത് വൈകി സുഖം പ്രാപിക്കുകയും ചെയ്യുന്നു. എന്നാൽ വൃത്തിയുള്ള ശരീരത്തിൽ അത് പെട്ടെന്ന് സ്വാധീനം ചെലുത്തുകയും താമസിയാതെ ഭേദമാകുകയും ചെയ്യുന്നു. അതിവർത്തിക്കാനുള്ള കഴിവുകൾ വിഭിന്നങ്ങളാണെന്നതിനുള്ള ഉദാഹരണങ്ങളാണിവ. നന്മ ആർജ്ജിക്കുന്നതിലും ഇത് തന്നെയാണ് സംഭവിക്കുന്നത്. രണ്ടു വ്യക്തികൾ ഒരേ ഭക്ഷണം കഴിക്കുമ്പോഴും ഒരാൾ തടിച്ചവനും ദൃഢവാനും ആയിത്തീരുമ്പോൾ മറ്റെയാൾക്ക് അയാൾ ചിലപ്പോൾ ആദ്യ വ്യക്തിയെക്കാൾ കൂടുതൽ ഭക്ഷണം കഴിച്ചാലും അത്ര ഫലപ്രദമാകുന്നില്ല. ഇതുപോലെ കാര്യങ്ങൾ ഗ്രഹിക്കുന്നതിൽ ജിബ്‌രീലിലും നബി (സ) തിരുമേനിയിലും വെച്ച് നബി (സ) തിരുമേനിയായിരുന്നു ശ്രേഷ്ഠൻ. എന്തെന്നാൽ നബി (സ) തിരുമേനിയുടെ ആന്തരിക ശക്തി അനുസരിച്ചായിരുന്നു അത് പ്രഭാവം ചെലുത്തിയിരുന്നത്. ജിബ്‌രീലിന്റേത് ജിബ്‌രീലിന്റെ ശക്തി അനുസരിച്ചും.

ഈ സംഗതി മറ്റൊരു രീതിയിൽ എളുപ്പം മനസ്സിലാക്കാം. ഞാൻ ഇപ്പോൾ ഉറുദുവിൽ വിഷയം അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണല്ലോ. എല്ലാവരും അത് മനസ്സിലാക്കുന്നുമുണ്ട്. പക്ഷേ, എല്ലാവരും ഒരുപോലെയല്ല അത് മനസ്സിലാക്കുന്നതും അവരുടെ മേൽ കാര്യങ്ങൾ സ്വാധീനിക്കപ്പെടുന്നതും. മാത്രമല്ല ഹൃദയത്തിന്റെ സ്വാധീനവും പറയുന്ന കാര്യങ്ങളും ബാധിക്കുന്നുണ്ട്. സൂറ ഫാത്തിഹയുടെ കാര്യം തന്നെ നോക്കുക. ഒരാൾ അത് ഓതുമ്പോൾ അയാൾ വിതുമ്പിപ്പോകുന്നു. എന്നാൽ വേറൊരാൾ അത് ഓതുമ്പോൾ അയാളുടെ മുഖം പ്രസന്നമാകുന്നതു കാണാം. ഇതിനു കാരണം, ഏതൊരാളുടെ ഹൃദയത്തിലാണോ കരയാനുള്ള പ്രകൃതമുള്ളത് അയാൾ ദുരിതത്തിലകപ്പെടുമ്പോൾ അല്ലാഹു മാത്രമാണ് തന്റെ ദുരിതങ്ങളെ നീക്കുന്നവൻ എന്ന് മനസ്സിലാക്കി വിതുമ്പിപ്പോകുന്നു. എന്നാൽ തന്റെ ചുറ്റും വിജയങ്ങളെ ദർശിക്കുന്ന മറ്റൊരാൾ തന്നെ ദൈവം സംരക്ഷിക്കുമെന്നും ആർക്കും തന്നെ നശിപ്പിക്കാൻ ആവില്ലെന്നും മനസ്സി ലാക്കുമ്പോൾ അയാളുടെ മുഖത്ത് പ്രസന്നത നിഴലിക്കുന്നു. അപ്പോൾ ഹൃദയത്തിന്റെ അവസ്ഥകൾക്കനുസരിച്ച് ഒരേ സംഗതിയുടെ സ്വാധീനം വ്യത്യസ്തങ്ങളാണെന്നു പറയാം.

നബി (സ) തിരുമേനിയുടെ മേൽ ഇറങ്ങിയ വചനങ്ങൾ തിരുമേനിയുടെ ഉള്ളിലുള്ള ശാരീരിക കഴിവുകളുമായിച്ചേർന്ന് ഒരു ഫലം സംജാതമാകുകയും ജിബ്‌രീലിന്റെ ഉള്ളിൽ മറ്റു കഴിവുകളുള്ളതിനാൽ വേറൊരു ഫലം സംജാതമാകുകയുമാണ് ചെയ്യുന്നത്. വ്യത്യസ്ത വസ്തുക്കൾ ചേരുമ്പോൾ സംജാതമാകുന്ന ഫലങ്ങൾ വ്യത്യസ്തമായിരിക്കുമെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ഉദാഹരണമായി ചുണ്ണാമ്പ്. ചുണ്ണാമ്പിനു മേലെ കല്ലു വെച്ചാൽ അതിനൊന്നും സംഭവിക്കില്ല. എന്നാൽ അതിൽ വെള്ളം ഒഴിച്ചാൽ തീ ഉണ്ടാകുന്നു. എന്തെന്നാൽ ചുണ്ണാമ്പും വെള്ളവും ചേർന്നാലുണ്ടാകുന്ന രാസഫലമാണത്. ആയതിനാൽ നബി (സ) തിരുമേനിയുടെ മേൽ ജിബ്‌രീൽ മുഖേന ഇറങ്ങിയ കാര്യങ്ങളെക്കുറിച്ച് ജിബ്‌രീലിന് മനസ്സിലാക്കിയിരുന്നുവെങ്കിലും നബി(സ) തിരുമേനിക്ക് ലഭ്യമായതുപോലുള്ള കഴിവ് ജിബ്‌രീലിന് ഇല്ലായിരുന്നതിനാൽ നബി(സ)തിരുമേനി കാര്യങ്ങളെ ഗ്രഹിച്ചിരുന്നതുപോലെ ഗ്രഹിക്കാൻ ജിബ്‌രീലിന് ആകുമായിരുന്നില്ല. ഇക്കാരണം കൊണ്ടു തന്നെ നബി (സ) തിരുമേനി ജിബ്‌രീലിനെക്കാൾ ശ്രേഷ്ഠനാണ്. ഇവിടെ ഒരുകാര്യംകൂടി ഓർമ വെക്കേണ്ടതാണ്. എല്ലാ മനുഷ്യരും മലക്കിനെക്കാൾ ശ്രേഷ്ഠരല്ല. പ്രത്യേക മനുഷ്യർ പ്രത്യേക മലക്കുകളെക്കാൾ ശ്രേഷ്ഠരും സാധാരണ വിശ്വാസികൾ സാധാരണ മലക്കുകളെക്കാൾ ശ്രേഷ്ഠരുമാണ്. ഇതിനു കാരണം മലക്കുകളെ അപേക്ഷിച്ച് മനുഷ്യന്റെ ഉത്തരവാദിത്തങ്ങൾ വിശാലമാണ് എന്നതാണ്. മനുഷ്യനെ വേണമെങ്കിൽ നരകത്തിലുമിടാം. എന്നാൽ മലക്കുകൾ അങ്ങനെയല്ല. തിന്മ ചെയ്യാതിരിക്കാൻ നിർബന്ധിതരാണവർ. എന്നാൽ മനുഷ്യന് ഇരുഭാഗത്തേക്കും തിരിയാവുന്നതാണ്. നന്മയും ചെയ്യാം തിന്മയും ചെയ്യാം. അതുകൊണ്ടാണ് നന്മ ചെയ്യുന്ന മനുഷ്യർ, സാധാരണ നിലയിലുള്ള വിശ്വാസികളാണെങ്കിലും ശരി, സാധാരണ മലക്കുകളെക്കാൾ ശ്രേഷ്ഠരായിരിക്കുന്നത്.

## പ്രസംഗം 2

ഒരാൾ ചോദിച്ചു: വസ്തുക്കളുടെ സ്വഭാവങ്ങൾ വസ്തുക്കളുമായി തന്നെയാണ് ബന്ധപ്പെട്ടിരിക്കുന്നതെന്നും അവ മലക്കുകളുടെ

സ്വാധീനത്തിനു കീഴിലല്ലെന്നും വിശ്വസിക്കുന്നതിൽ അപാകത യെന്ത്? വസ്തുക്കളുടെ സ്വഭാവ ങ്ങൾ മലക്കുകളുടെ സ്വാധീനത്തി നു കീഴിലാണെന്ന് എന്തുകൊണ്ട് അംഗീകരിക്കണം?മലക്കുകളുണ്ടെന്ന് ഞാൻ തെളിവു സഹിതം സമർഥി ച്ചിട്ടുള്ളതാണല്ലോ. മലക്കുകളുടെ അസ്തിത്വം തെളിയുന്നതോടു കൂടി തന്നെ അവയുടെ ആവശ്യകതയും സ്വയമേവ തെളിയുന്നു. ഒരു കാര്യം പ്രമാണ സഹിതം തെളിഞ്ഞു കഴിഞ്ഞാൽ കാരണം മറ്റൊന്നാ കാൻ സാധ്യതയുള്ളതു കൊണ്ട് അതിനു കാരണം ഇതല്ല അതാണെ ന്ന് എന്തുകൊണ്ടു പറഞ്ഞു കൂടാ എന്ന ചോദ്യം പിന്നെ അപ്രസക്തമാ ണ്. ഉദാഹരണമായി, കാറ്റിന് കടലാസിനെ പറപ്പിക്കാനും കടലാ സ് അതുമുഖേന മേശപ്പുറത്തി രിക്കാനുമുള്ള സാധ്യതയുണ്ടല്ലോ. എന്നാൽ ഒരാൾ കടലാസ് മേശപ്പുറത്ത് വെക്കുന്നത് കണ്ടാൽ പിന്നെ കടലാസ് കാറ്റിൽ പറന്നാണ് വന്നതെന്ന് എന്തു കൊണ്ട് വിശ്വസിച്ചു കൂടാ എന്നു ചോദിക്കാവതല്ല. അതിനാൽ, മലക്കുകളുടെ അസ്തിത്വം സ്ഥാപിതമായിക്കഴിഞ്ഞാൽ പിന്നെ പദാർഥങ്ങളുടെ സ്വഭാവം അവയു മായി മാത്രം ബന്ധപ്പെട്ടതാണ്, മലക്കുകൾക്ക് അവയുമായി ബന്ധമൊന്നുമില്ല എന്നൊക്കെ പറയുന്നത് വ്യർഥമാണ് .

ഒരു സംഗതിയുടെ സാധ്യത യും ആ സംഗതി പ്രമാണ സഹിതം സ്ഥാപിതമാകുന്നതും രണ്ടും രണ്ടാ ണ്. ഉദാ: ആകാശത്ത് പോകുന്നത് അസാധ്യമായതു കൊണ്ടല്ല ഈസാ നബി(അ) ആകാശത്തു പോയിട്ടി ല്ലെന്ന് പറയുന്നത്. അതിനെതിരിൽ തെളിവുള്ളതിനാൽ അനുമാനത്തെ ആധാരമാക്കാൻ പാടില്ലാത്തതു കൊണ്ടാണ്. നിഗമനങ്ങളെ അവലം ബിക്കുന്നത് തെളിവുകളുടെ അഭാ വത്താലാണ്.

മറ്റു സാഹചര്യങ്ങളുമുണ്ടാ കാം എന്നതാണ് സാധ്യതയും അനുമാനവും കൊണ്ടർഥമാക്കു ന്നത്. എന്നാൽ എല്ലാ സാധ്യത കളും ഒരു സംഗതിയിൽ കാണ പ്പെടുമെന്ന് ഇതിനർഥമില്ല. പദാർഥ ങ്ങളുടെ ഗുണങ്ങൾ ആ പദാർഥ ങ്ങളുടെത് തന്നെയാകാനുള്ള സാധ്യതയുമുണ്ടായിരുന്നു. പക്ഷേ, അത് വെറും സാധ്യതയാണ്. അങ്ങനെയല്ലെന്നാണ് മറ്റു സാക്ഷ്യ ങ്ങളിൽ നിന്ന് സ്ഥാപിതമാകുന്നത്. എന്നുവെച്ചാൽ, വസ്തുക്കളുടെ ഗുണങ്ങൾ മലക്കുകളുമായി ബന്ധ പ്പെട്ടിരിക്കുന്നു.

പദാർഥങ്ങൾക്ക് ഗുണങ്ങളി ല്ലെന്ന് ഞങ്ങൾ പറയുന്നില്ല. ഞങ്ങളുടെ വാദവും അതല്ല. പദാർഥങ്ങളുടെ പ്രത്യേകതകൾ പ്രകടമാകുന്ന പ്രാരംഭ പ്രേരക ങ്ങളാണ് മലക്കുകൾ എന്നതാണ് ഞങ്ങളുടെ വാദം. മലക്കുകൾക്ക് കല്പന ലഭിക്കുമ്പോൾ അവർ തങ്ങളുടെ അടുത്ത കാര്യത്തിനു മേൽ പ്രഭാവം ചെലുത്തുന്നു. അതു അതിന്റെ അടുത്തേതിനെയും അങ്ങനെ അതു തുടർന്നു കൊണ്ട് ബാഹ്യവസ്തുക്കളെ സ്വാധീനിക്കാ ൻ തുടങ്ങുന്നു.

ദൈവത്തിൽ വിശ്വസിക്കുക യും അവനാണ് പദാർഥങ്ങളെ സൃഷ്ടിച്ചതെന്ന് അംഗീകരിക്കുക യും ചെയ്യുന്നവർക്ക് പദാർഥ ങ്ങളിൽ ഗുണങ്ങൾ വെച്ചത് ദൈവമാണെന്ന് അംഗീകരിക്കാതെ നിർവാഹമില്ല. അല്ലാത്തപക്ഷം പദാർഥം അസൃഷ്ടങ്ങളും സ്വയഭൂ വാണെന്നും ദൈവം തന്നെയില്ലെ ന്നും പറയേണ്ടി വരും. ഇങ്ങനെ യൊരു ചിന്ത ആർക്കെങ്കിലുമുണ്ടെ ങ്കിൽ മലക്കുകളെ സംബന്ധിച്ച് അയാളോട് പറയുന്നതിനു മുൻപാ യി ദൈവാസ്തിത്വത്തെ ബോധ്യ പ്പെടുത്തുകയാണ് വേണ്ടത്. ദൈവാ സ്തിക്യം ബോധ്യപ്പെട്ടതിനു ശേഷ വും അയാൾ വസ്തുക്കളെ സംബന്ധിച്ച് അവ സ്വയം ഉണ്ടായതാണെന്ന് പറയുകയാണെ ങ്കിൽ അയാളോട് മലക്കുകളെപ്പറ്റി പറയാം. എല്ലാ വസ്തുക്കളും സൃഷ്ടിച്ചത് ദൈവമാണെന്ന് അംഗീകരിച്ചു കഴിഞ്ഞാൽ പിന്നെ മലക്കുകളുടെ അസ്തിത്വവും തെളിയിക്കപ്പെട്ടിരിക്കുന്നുവെന്ന കാര്യവും അയാളുടെ മുൻപിൽ വെക്കാവുന്നതാണ്. ആയതിനാൽ ദൈവമുണ്ടെന്നും അവനാണ് പരമാണുവിനെ സൃഷ്ടിച്ചതെന്നും ഒരുവൻ അംഗീകരിക്കുമ്പോഴേ ഈ ചോദ്യം ഉയരുകയുള്ളു. അതു കൊണ്ടാണ് നാസ്തികരോ പരമാ ണു അസൃഷ്ടമാണെന്ന് വിശ്വസി ക്കുന്നവരോ ആയ സമൂഹങ്ങൾ മലക്കുകളിൽ വിശ്വസിക്കാത്തത്. ആദ്യം ഈ കാര്യങ്ങളെക്കുറിച്ച് തീരുമാനമായതിനു ശേഷമേ മലക്കുകളെ സംബന്ധിച്ച ചർച്ച സാധ്യമാവുകയുള്ളൂ. മലക്കുകളെ സംബന്ധിച്ച് ചർച്ച നടത്തുമ്പോൾ ദൈവാസ്തിക്യവും പദാർഥം സൃഷ്ടിയാണെന്നും അംഗീകരിച്ചു കൊണ്ടാവണം. ഈ കാര്യങ്ങളൊ ക്കെ ഒരാൾ അംഗീകരിക്കുമ്പോൾ വസ്തുക്കളിൽ ഗുണങ്ങൾ വെച്ചത് ദൈവമാണെന്നും അവന് അംഗീ കരിക്കേണ്ടി വരും. ദൈവം വസ്തു ക്കൾക്ക് ഗുണങ്ങൾ നല്കിയത് നേരിട്ടല്ല, മലക്കുകൾ മുഖേനയാ ണെന്നാണ് ഇതു സംബന്ധിച്ചുള്ള ഞങ്ങളുടെ വാദം. എന്തെന്നാൽ, വസ്തുക്കൾ സ്ഥൂലമാണ്. ദൈവ മാണെങ്കിൽ സൂക്ഷ്മാൽ സൂക്ഷ്മ നും. സ്ഥൂലവസ്തുക്കളിൽ പ്രഭാ വം ചെലുത്തുന്നതിന് ദൈവം മാധ്യമങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്ന് പ്രകൃതി നിയമങ്ങളെ വീക്ഷിക്കു മ്പോൾ നമുക്ക് പറയാതെ നിർവാ ഹമില്ല. സ്ഥൂലവസ്തുക്കളുമായി ബന്ധം സ്ഥാപിക്കുന്നതിന് സൂക്ഷ്മ വസ്തുക്കൾക്ക് മാധ്യമങ്ങളുള്ള തായി നമുക്ക് കാണാം. സ്ഥൂല വസ്തുക്കൾക്ക് സൂക്ഷ്മവസ്തു ക്കളുമായി സ്വയമേവ ബന്ധം സ്ഥാപിക്കാൻ സാധ്യമല്ല. മനുഷ്യ ന്റെ കാര്യം തന്നെ നോക്കുക. ഖൽബ് എന്നോ ആത്മാവെന്നോ മൈന്റ് എന്നോ എന്തു തന്നെ വിളിച്ചാലും അതു മുഖേനയാ ണല്ലോ മനുഷ്യൻ എല്ലാ കാര്യ ങ്ങളും ചെയ്യുന്നത്. അതില്ലെങ്കിൽ മനുഷ്യൻ നിർജീവനാകുന്നു. എന്നാൽ അവനിലുള്ളത് അവനോട്

ഇത് ചെയ്യൂ, ഇത് ചെയ്യരുത് എന്നൊന്നും പറയുന്നില്ല. വളരെ സൂക്ഷ്മമായ നാഡികളിലാണ് അതു സ്വാധീനം ചെലുത്തുന്നത്. അവ പിന്നീടു അവയുടെ സൂക്ഷ്മ ശാഖകളെ സ്വാധീനിക്കുകയും തുടർന്ന് അത് ഏതെങ്കിലും ശരീര ഭാഗത്തെ ചലിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെയാണ് അവൻ പ്രവൃത്തി ചെയ്യുന്നത്. ഉദാ: കണ്ണിനോട് ആത്മാവോ മനസ്സോ നേരിട്ടൊന്നും കല്പിക്കുന്നില്ല. വളരെ സൂക്ഷ്മമായ നാഡികളിൽ സ്വാധീനം ചെലുത്തി ഘട്ടം ഘട്ടമായാണ് അത് തന്റെ ഇച്ഛ പ്രകടമാക്കുന്നത്. ചുരുക്കത്തിൽ, സൂക്ഷ്മ വസ്തുക്കളെല്ലാം തന്നെ സ്ഥൂലവസ്തുക്കളോട് ബന്ധപ്പെട്ടിരിക്കുന്നത് മാധ്യമങ്ങൾ മുഖേനയാണ്.

അതുകൊണ്ട് ദൈവാസ്തിക്യം സ്ഥാപിക്കപ്പെടുകയും അവൻ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണെന്ന് അംഗീകരിക്കപ്പെടുകയും ചെയ്യുമ്പോൾ വസ്തുക്കളുമായുള്ള അവന്റെ ബന്ധം ഒരു മാധ്യമം മുഖാന്തിരമാണെന്ന് അംഗീകരിക്കാതെ വയ്യ. ഈ മാധ്യമത്തെയാണ് നാം മലക്കുകൾ എന്ന് വിളിക്കുന്നത്. എന്നാൽ, ദൈവമുണ്ടെന്നും അവൻ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണെന്നും വിശ്വസിക്കാത്തവരുടെ മുൻപാകെ നാം മലക്കുകളുടെ വിഷയം അവതരിപ്പിക്കുകയില്ല. മറിച്ച്, ആദ്യം നാം അവരെ ദൈവസ്തികൃത്തെയും അവന്റെ സൃഷ്ടികർതൃത്വത്തെയും സംബന്ധിച്ച് ബോധ്യപ്പെടുത്തുന്നതായിരിക്കും. ഇതു അംഗീകരിച്ചാൽ പ്രകൃതിനിയമങ്ങളിൽ കണ്ണോടിക്കുന്ന അവർക്ക് അല്ലാഹുവിനും ബാഹ്യവസ്തുക്കൾക്കും ഇടയിൽ ഒരു മാധ്യമമായി വർത്തിക്കുന്ന സൂക്ഷ്മ സൃഷ്ടികളുണ്ടെന്ന് അംഗീകരിക്കേണ്ടതായി വരും. ശാസ്ത്രീയമായി തെളിയിക്കപ്പെട്ട സംഗതിയാണിത്. എല്ലാ വസ്തുക്കളും കാര്യകാരണ ബന്ധിതമാണെന്ന് ശാസ്ത്രം പറയുന്നു. സൂക്ഷ്മ കാരണങ്ങൾ അവയെക്കാൾ വലിയ കാരണങ്ങളെ സ്വാധീനിക്കുകയും ആ വലിയ കാരണങ്ങൾ പിന്നീട് അവയെക്കാൾ വലിയ കാരണങ്ങളെ സ്വാധീനിക്കുകയും അങ്ങനെ ആ ശൃംഖല മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. ജ്വരഹരിക്ക് ഗുണങ്ങൾ കൈവന്നത് മറ്റു കാരണങ്ങളാലാണ് എന്ന് ഞങ്ങൾ അംഗീകരിക്കുന്നു. ജ്വരഹരിയും പല അംശങ്ങൾ ചേർന്നുണ്ടായതാണ്. ഒറ്റയായി ഒരു വസ്തുവും ഇല്ല. എല്ലാം സങ്കലനമാണ്. ജ്വരഹരി ഒരു പ്രത്യേക വിഭാഗം പനിയിൽ പ്രഭാവം ചെലുത്തുന്നു. എന്നാൽ ആ പ്രത്യേക ഭാഗത്തെ സ്വാധീനിക്കുന്നത് മറഞ്ഞിരിക്കുന്ന മറ്റു കാരണങ്ങളാണ്. അങ്ങനെ അതിലും രഹസ്യമായ കാരണങ്ങളിലേക്ക് അവ വഴിമാറുന്നു . ഒടുവിൽ അവസാന മാധ്യമമായ മലക്കുകളിൽ എത്തിച്ചേരുകയും അവർ നേരിട്ട് ദൈവത്തിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കുകയും ചെയ്യുന്നു.

## മലക്കുകളുടെ പ്രേരണയിൽ അഭിവൃദ്ധി

മലക്കുകളുടെ പ്രേരണ വർധിക്കുകയും അതു വർധിച്ചു വർധിച്ച് ഒരു പ്രേരണയിൽ നിന്ന് മറ്റൊന്ന് ഉണ്ടായിത്തീരുന്ന അവസ്ഥവരെ ഉണ്ടാകുന്നുവെന്നാണ് ഇനി ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. ഇനി ആർക്കെങ്കിലും മനസ്സിലായിട്ടില്ലെങ്കിൽ ഒരിക്കൽ കൂടി പറയാം. ഇതിന്റെ അർഥം പ്രേരണ എന്നാണ്. അതു വികസിക്കുന്നു എന്നതു കൊണ്ട് അർഥമാക്കുന്നത് മലക്കുകൾ ചെലുത്തുന്ന സ്വാധീനം കൂടിക്കൊണ്ടിരിക്കുന്നു എന്നാണ്. ഒന്നിൽ നിന്ന് രണ്ട്, മൂന്ന് നാല് അങ്ങനെ പലതായി തീരുന്നു. ഒരാൾ ഈ പ്രേരണ സ്വീകരിച്ചു കൊണ്ട് ദൈവദൃഷ്ടിയിൽ കൂടുതൽ പ്രചോദനങ്ങൾക്ക് അർഹനായി തീരുമ്പോൾ അയാൾക്ക് കൂടുതൽ ശക്തി നല്കപ്പെടുന്നു. ശേഷം രണ്ടു മലക്കുകൾ അയാളിൽ പ്രേരണയിടുന്നു. അയാൾക്ക് രണ്ടും മൂന്നും സംരക്ഷകർ ഉണ്ടായിതീരുന്നു. അങ്ങനെ അതു വർധിച്ചു കൊണ്ടേ പോകുന്നു. ഈ കാര്യം നമുക്ക് പ്രകൃതി നിയമത്തിലും ദർശിക്കാവുന്നതാണ്. ഒരാൾ ഒരു കാര്യം ശരിയായ നിലയിൽ ഉപയോഗിക്കുന്നതായാൽ അതിന്റെ കഴിവു വർധിക്കും. ഉദാ: ജ്ഞാനം ആർജിക്കുന്നവർക്ക് നവവിജ്ഞാനങ്ങൾ തുറക്കപ്പെടുന്നു . ഇതിനെപ്പറ്റി അല്ലാഹുവും പറയുന്നത്.' വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ' എന്നാണ്. അതായത്, നമ്മുടെ മാർഗത്തിൽ ചരിക്കുന്നവർക്ക് നാം പല മാർഗങ്ങളും പറഞ്ഞു കൊടുക്കുന്നതാണ്. ദൈവത്തിലേക്ക് എത്തുന്നവർ ഒരു മാർഗത്തിൽ ചരിക്കുമ്പോൾ ദൈവസാമീപ്യത്തിന്റെ മറ്റു മാർഗങ്ങൾ അവരോട് പറയപ്പെടുന്നു. അതായത്, അവർ ഒരു നന്മ ചെയ്യുമ്പോൾ നന്മകളുടെ നവം നവംങ്ങളായ ജ്ഞാനം അവർക്ക് നല്കപ്പെടുകയും അവർ അവയെ പ്രവൃത്തി പഥത്തിൽ കൊണ്ടുവരികയും ചെയ്യുന്നു. ദൈവമാർഗത്തിൽ പ്രയത്നിക്കുന്നവർക്ക് അവരുടെ ചിന്തയിൽ പോലും മുൻപ് ഇല്ലാതിരുന്ന നന്മകളെ സംബന്ധിച്ച് അറിവു നല്കപ്പെടുന്നു. ഇതിനു തെളിവായി ഖുർആൻ ഒരിടത്ത് പറയുന്നത് ഇങ്ങനെയാണ്. ***'ഇൻ കുല്ലു നഫ്സിൻ ലമ്മാ അലൈഹാ ഹാഫിളു'*** അതായത്, ഓരോ മനുഷ്യനും ഒരു മലക്കിനെ നിശ്ചയിച്ചിട്ടുണ്ട്. ആ മലക്ക് മനുഷ്യനെ പൈശാചിക പ്രേരണകളിൽ നിന്ന് സംരക്ഷിക്കുകയും നന്മയിലേക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, മറ്റൊരായത്തിൽ നിന്ന് മനസ്സിലാകുന്നത് മനുഷ്യൻ മലക്കുകളുടെ പ്രേരണകൾക്ക് വിധേയനായ ശേഷം ഇനി പിശാചിന്റെ സ്വാധീനം ഉണ്ടാകരുതെന്ന് ദൈവം പറയുന്ന ഒരു അവസ്ഥയിൽ അവൻ എത്തിച്ചേരുന്നു എന്നാണ്. അങ്ങനെ അവനെ

പൂർണമായും സംരക്ഷിക്കുന്നു. മനുഷ്യഹൃദയം സ്വാധീനിക്കപ്പെടുന്നത് പല മാർഗേണയാണ്. ചിലപ്പോൾ കണ്ണുകളിലൂടെ, ചിലപ്പോൾ നാസാരന്ധ്രങ്ങളിലൂടെ, ചിലപ്പോൾ കാതുകളിലൂടെ, ചിലപ്പോൾ നാവിലൂടെയും ആവാം. ചുരുക്കത്തിൽ പലവിധേനയാണ് സ്വാധീനിക്കപ്പെടുന്നത്. ദൈവം ഈ മാർഗങ്ങളിലെല്ലാം സംരക്ഷകരെ നിയമിക്കുന്നു. മനുഷ്യൻ സത്പ്രേരണകളെ അംഗീകരിക്കുന്നതിനുസരിച്ച് അല്ലാഹു വീണ്ടും മലക്കുകളെ അവരുടെ സംരക്ഷകരായി നിയമിക്കുന്നു. മനുഷ്യ ഹൃദയങ്ങളെ സ്വാധീനിക്കാൻ പിശാച് പ്രവേശിക്കുന്ന കവാടങ്ങളിൽ അവർ ഇരിക്കുന്നു. ഏതെങ്കിലും കവാടത്തിലൂടെ പിശാച് പ്രവേശിക്കാതിരിക്കാൻ വേണ്ടി റോന്തു ചുറ്റുന്ന ഒരു മലക്കായിരുന്നു മുമ്പുണ്ടായിരുന്നത്. എന്നാൽ പിന്നീട് ആ അവസ്ഥയ്ക്ക് മാറ്റം വന്ന് എല്ലാ ദ്വാരങ്ങളിലും മലക്കുകൾ നിശ്ചയിക്കപ്പെടുന്ന നിലയിലെത്തുന്നു. അല്ലാഹു പറയുന്നു: ***'ലഹു മുഅഖിബാതുൻ മിൻ ബൈനയദൈഹി വ മിൻ ഖൽഫിഹി യഹ്ഫളൂന മിൻ അമ്രില്ലാഹ്' (റഅ്ദ്:12)***

ഈ ആയത്ത് എല്ലാ മനുഷ്യരെയും സംബന്ധിച്ചാണെന്ന് ജനങ്ങൾ അബദ്ധവശാൽ മനസ്സിലാക്കിയിരിക്കുന്നു. എന്നാൽ ഇവിടെ നബി(സ)തിരുമേനിയെ മാത്രമാണ് പരാമർശിച്ചിരിക്കുന്നത്. 'ലഹു' എന്നതിലെ സംബോധന തിരുനബി (സ)യെയാണ് സൂചിപ്പിക്കുന്നത്. അല്ലാഹു പറയുന്നു: മുന്നിലും പിന്നിലും സംരക്ഷകർ നിശ്ചയിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ദാസനാണിദ്ദേഹം. ഒരു പൈശാചിക പ്രേരണയ്ക്കും ഇദ്ദേഹത്തെ സമീപിക്കാനാവില്ല. എല്ലാ പൈശാചിക പ്രേരണകളും അദ്ദേഹത്തിന്റെ അടുക്കൽ വന്ന് തടയപ്പെടും. അദ്ദേഹത്തിനടുത്തെത്താൻ അതിന് സാധിക്കില്ല.

ഓരോ മനുഷ്യനും ഒരു മലക്ക് മാത്രമാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നതെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. എന്നാൽ ദൈവവുമായി പ്രത്യേകം അടുത്തവർക്ക് ഒരുപാട് മലക്കുകളുണ്ട്. മറ്റിടങ്ങളിലും ഇതിനെ സംബന്ധിച്ച സൂക്ഷ്മമായ പരാമർശം കാണാം. വിശ്വാസി പുരോഗതി പ്രാപിച്ച് അവന്റെ ദ്വാരങ്ങളിലെല്ലാം മലക്കുകൾ വന്നിരിക്കുന്ന ഒരവസ്ഥയിൽ അവൻ എത്തിച്ചേരുന്നുവെന്നാണ് മനസ്സിലാവുന്നത്. അല്ലാഹു പറയുന്നു: ***'വൽ മലായിക്കത്തു യദ്ഖുലൂന അലൈഹിം മിൻ കുല്ലി ബാബിൻ. സലാമുൻ അലൈക്കും ബിമാ സബർത്തും ഫനിഅ്മ ഉഖ്ബദ്ദാർ' (അറഅ്ദ്:24,25).*** മനുഷ്യൻ മരണാനന്തരം സ്വർഗത്തിൽ പ്രവേശിക്കുമ്പോൾ ഓരോ കവാടത്തിലൂടെയും മലക്കുകൾ വന്നു കൊണ്ട് അവർക്ക് സലാം പറയുകയും നിങ്ങളുടെ ക്ഷമയ്ക്ക് പ്രതിഫലമായി നിങ്ങളുടെ മേൽ സമാധാനമുണ്ടാകട്ടെ എന്ന് പറയുകയും ചെയ്യുന്നതാണ്. ഒരുപാട് മലക്കുകൾ ഉണ്ടായിരിക്കുന്നതു കൊണ്ടാണ് വിവിധ കവാടങ്ങളിൽ കൂടി മലക്കുകൾ വന്ന് സലാം പറയുന്നതെന്ന് ഈ ആയത്തിനർഥമില്ല. കാരണം, മലക്കുകൾ അനേകം ഉണ്ടെങ്കിൽ തന്നെ അവർക്കും ഒരു കവാടത്തിലൂടെ വരാവുന്നതാണ്. ഒരു കവാടത്തിലൂടെ വരാൻ കഴിയാത്ത വിധം അധികമാണെന്ന് പറയുകയാണെങ്കിൽ അത് പ്രതിപാദിക്കേണ്ട ആവശ്യമെന്താണ്? അതിന്റെ പ്രയോജനമെന്താണ്? ഒരു കവാടത്തിലൂടെ വന്നാലും വിവിധ കവാടത്തിലൂടെ വന്നാലും കാര്യം ഒന്നു തന്നെയാണ്. വാസ്തവത്തിൽ ഇതിന്റെ അർഥം, ഖിയാമത്ത് നാളിൽ എല്ലാ കവാടങ്ങളിലെയും മലക്ക് വന്ന് ആശംസ നൽകുമെന്നാണ്. നിങ്ങൾ വിജയിച്ചിരിക്കുന്നു, നിങ്ങൾ രണ്ടു പേരോടുമൊപ്പം ഞങ്ങളും പിശാചിനെ നേരിടാനുണ്ടായിരുന്നു എന്നവർപറയും. അപ്പോൾ മലക്കും മനുഷ്യനും സന്തോഷിക്കുന്നതാണ്. അങ്ങനെ ഓരോ ദ്വാരത്തിലെയും മലക്ക് സമാധാനത്തിനായി പ്രാർഥിക്കുന്നതാണ്.

ഇനി 'പല കവാടങ്ങളുണ്ടോ?' എന്നത് പ്രയാസമുള്ള കാര്യമല്ല. ബാഹ്യ വസ്തുക്കൾ സ്വാധീനിക്കപ്പെടുന്നത് വ്യത്യസ്ത മാർഗങ്ങളിലൂടെയാണെന്ന് എല്ലാവർക്കും അറിയാം. ചില സന്ദർഭങ്ങളിൽ മനുഷ്യൻ പണം കാണുമ്പോൾ അവന്റെ ഹൃദയത്തിൽ അത്യാഗ്രഹം ഉടലെടുക്കുകയും മോഷ്ടിക്കാൻ പ്രേരിതനാവുകയും ചെയ്യുന്നു. അവന്റെ കണ്ണുകൾക്ക് കാഴ്ചയില്ലായിരുന്നെങ്കിൽ അവനിൽ ആ ചിന്ത ഉടലെടുക്കുമായിരുന്നില്ല. മറ്റു ചിലപ്പോൾ ഇന്നയാൾക്ക് സമ്പത്തുണ്ടെന്ന് കേൾക്കുമ്പോൾ മോഷ്ടിക്കാനുള്ള ചിന്ത ജനിക്കുന്നു. അയാൾ കേൾക്കുമായിരുന്നില്ലെങ്കിൽ ആ ചിന്തയും അയാളിൽ ഉടലെടുക്കുമായിരുന്നില്ല. ഇതുപോലെ, ചില ചിന്തകൾ സ്പർശനത്തിലൂടെയും ചിലത് മണക്കുന്നതിലൂടെയും ചിലത് രുചിക്കുന്നതിലൂടെയും ഉണ്ടാകുന്നു. ഈ മാർഗങ്ങളിലൂടെയാണ് തിന്മയോ നന്മയോ ഉണ്ടാകുന്നതും പിശാച് ഉള്ളിൽ പ്രവേശിക്കുന്നതും. ഈ മാർഗങ്ങളിലാണ് മലക്കുകൾ നിശ്ചയിക്കപ്പെടുന്നത്. ദുഷ്പ്രേരണകളെ കടത്തി വിടാതെ അവർ അവയെ സംരക്ഷിച്ചു നിർത്തുന്നു. സാധാരണ ജനങ്ങളുടെ രക്ഷകരായ മലക്കുകൾക്കും സവിശേഷ ജനങ്ങളുടെതിനും തമ്മിൽ ഒരു വ്യത്യാസമുണ്ട്. സാധാരണക്കാരുടെ രക്ഷകരായ മലക്കുകൾ ദുഷ്പ്രേരണകളെ അകത്തേക്ക് കടത്തിവിടാതെ തടയുമ്പോൾ സവിശേഷ ജനങ്ങളുടെ രക്ഷകർ ദുഷ്പ്രേരണകളെ സത്പ്രേരണകളാക്കി അകത്തേക്ക് കടത്തി വിടുന്നു. ഉദാഹരണമായി, ഇന്നയാൾ സമ്പന്നനാണെന്ന് ഒരാൾ കേൾക്കുമ്പോൾ അയാളെ കൊള്ളയടിച്ച് അയാളുടെ സ്വത്തു മുഴുവൻ കൈക്കലാക്കണമെന്ന പ്രേരണ ഉണ്ടാകുന്നതിനു പകരം ദൈവം അയാൾക്ക് ഇനിയും ധാരാളം സ്വത്ത് നൽകി അയാളതിനെ സത്കാര്യങ്ങളിൽ ചെലവഴി

ക്കട്ടെ എന്ന പ്രചോദനമായിരിക്കും ഉണ്ടാവുക. ഇങ്ങനെ ഓരോ പ്രേരണയും നന്മയായിക്കൊണ്ടായിരിക്കും പ്രവേശിക്കുക. ഏതെങ്കിലും ദുഷ്പ്രേരണയെ തടയുകയും അതിനെ സത്പ്രേരണയാക്കി കടത്തിവിടുകയും ചെയ്യുക എന്ന രണ്ട് ധർമങ്ങൾ മാത്രമല്ല ദൈവിക പ്രവാചകന്മാരോടൊപ്പമുള്ള ഈ മലക്കുകൾക്കുള്ളത്. മറിച്ച്, അവരുടെ ഹൃദയത്തിൽ സംജാതമാകുന്ന പ്രേരണകൾക്കതീതമായും സത്പ്രേരണകൾ അവർ സൃഷ്ടിക്കുന്നു. ദൈവത്തിന്റെ പ്രവാചകൻ സംസാരിക്കുമ്പോഴും ആരെയെങ്കിലും നോക്കുമ്പോഴും സ്പർശിക്കുമ്പോഴും ചുരുക്കത്തിൽ എല്ലാ അവസ്ഥയിലും മലക്കുകൾ സത്പ്രേരണകൾ ചെലുത്തിക്കൊണ്ടിരിക്കുന്നു. ഒരാളുടെ സമ്പത്ത് കണ്ട് അത് മോഷ്ടിക്കണമെന്ന ചിന്ത ആരുടെയെങ്കിലും ഹൃദയത്തിൽ ജനിക്കുമ്പോൾ അത് അയാളുടെ ഉള്ളിലാണ് ജനിക്കുന്നത്, പുറത്തല്ലല്ലോ? അപ്പോൾ മലക്കുകൾ എങ്ങനെയാണ് സംരക്ഷിക്കുക എന്നാരെങ്കിലും ചോദിച്ചേക്കാം. ഈ കാഴ്ചപ്പാട് ശരിയല്ല. കാരണം, മോഷ്ടിക്കണമെന്ന ചിന്ത പ്രേരണയാൽ തന്നെയാണ് ഉണ്ടാകുന്നത്. ആ പ്രേരണയാണെങ്കിൽ പുറത്ത് നിന്നായിരിക്കും. എന്നാൽ, മറ്റുള്ളവരുടെ ദുഷ്ചിന്തകളും സ്വാധീനം ചെലുത്തുന്നുണ്ട്. ഒരാളുടെ ദുഷ്ചിന്തകൾ മറ്റൊരാളുടെ ഹൃദയത്തിൽ പ്രഭാവം ചെലുത്തുന്നു. ഈ സ്വാധീനങ്ങൾ സ്പർശനത്താലും സംസാരത്താലും സഹവാസത്താലുമാണ് ഉണ്ടാകുന്നത്. വൈജ്ഞാനികമായി തെളിയിക്കപ്പെട്ട കാര്യമാണിത്. മെസ്മെരിസം ഒരു വിജ്ഞാനമാണ്. അതിൽ ഒരാൾ മറ്റൊരാളോട് 'ഉറങ്ങി' 'ഉറങ്ങി' എന്നു പറയുമ്പോൾ അയാൾ തന്റെ മനസ്സിൽ താൻ ഉറങ്ങുകയാണെന്ന ചിന്ത കൊണ്ടു വരുന്നു. വളരെ ശക്തമായ നിലയിൽ ഈ ചിന്ത അയാളുടെ ഹൃദയത്തിൽ പതിയുമ്പോൾ ശരിക്കും അയാൾ ഉറങ്ങുന്നു. പിന്നീട് അയാളോട് മരത്തടിപോലെ അനങ്ങാതിരിക്കാൻ പറഞ്ഞാലും അയാൾ അതിനു വഴങ്ങുന്നു. അരഭാഗത്തിനു മീതെ താങ്ങില്ലാതെ അയാളെ കിടത്തി ഒരു ഭാരം കയറ്റി വെച്ചാലും അയാളുടെ അര വളയുകയില്ല. അതു പോലെ നീ പൂച്ചയാണെന്ന് അയാളോട് പറഞ്ഞാൽ പൂച്ചയെപ്പോലെ കരയാൻ തുടങ്ങും. നായയാണെന്നു പറഞ്ഞാൽ നായയെപ്പോലെ കരയാൻ തുടങ്ങും. ഒരു വ്യക്തിയുടെ ചിന്തകൾ മറ്റൊരാളെ സ്വാധീനിക്കുമെന്നാണ് ഇത് കാണിക്കുന്നത്. നാം ലോകത്ത് കാണുന്ന ജനങ്ങളുടെ ദുസ്വാധീനങ്ങൾ അവർ ജീവിക്കുന്ന രാജ്യങ്ങളെയും നിവസിക്കുന്ന പട്ടണങ്ങളെയും താമസിക്കുന്ന ഗ്രാമങ്ങളെയും ബാധിക്കുന്നു. ഒരാളുടെ ചിന്തകൾ മറ്റൊരാളെ സ്വാധീനിക്കുമെന്നത് ഓരോ മനുഷ്യനും അനുഭവിച്ചറിയാവുന്നതാണ്. കുട്ടികൾക്കു പോലും ഈ സ്വാധീനം അനുഭവിച്ചറിയാം. ഒരു കുട്ടിയുടെ കണ്ണു പൊത്തിവെച്ച് ഏതെങ്കിലും വസ്തു ഒളിപ്പിച്ചു വെയ്ക്കുക. എന്നിട്ട് ആ വസ്തു വച്ചിടത്തേക്ക് കുട്ടി പോകണമെന്ന് എല്ലാവരും മനസ്സിൽ വിചാരിക്കാൻ തുടങ്ങിയാൽ ആ കുട്ടി അവിടെ ചെന്ന് ആ സാധനം എടുത്തു കൊണ്ടു വരുന്നതാണ്.

വാഗ്ദത്ത മസീഹി(അ)നോട് ആത്മാർഥതയുണ്ടായിരുന്ന ഗവൺമെന്റ് കോളേജിലെ ഒരു വിദ്യാർഥി ഒരിക്കൽ ആളെ വിട്ട് ഇങ്ങനെ അറിയിച്ചു: "എനിക്ക് ആദ്യം ദൈവത്തിൽ ദൃഢവിശ്വാസം ഉണ്ടായിരുന്നു. എന്നാൽ, ഈയിടെ അതിനെ സംബന്ധിച്ച് സംശയങ്ങളുണ്ടാകാൻ തുടങ്ങിയിരിക്കുന്നു." കോളേജിൽ താൻ ഇരിക്കുന്ന സ്ഥലം മാറ്റുവാൻ വാഗ്ദത്ത മസീഹ്(അ) പറഞ്ഞയച്ചു. അങ്ങനെ അയാൾ സ്ഥലം മാറ്റുകയും അതിനുശേഷം സംശയമൊന്നും ഉണ്ടായിട്ടില്ലെന്ന് പറയുകയും ചെയ്തു. ഈ കാര്യം വാഗ്ദത്ത മസീഹി(അ)നെ അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അയാളുടെ അടുത്തിരിക്കുന്ന ഒരു നിരീശ്വരവാദിയുടെ പ്രഭാവം അയാളെയും ബാധിക്കുകയായിരുന്നു. സ്ഥലം മാറിയപ്പോൾ പ്രഭാവം നിർത്തലാക്കപ്പെടുകയും സംശയം ഇല്ലാതായിത്തീരുകയുമാണുണ്ടായത്.

അപ്പോൾ ചീത്ത മനുഷ്യന്റെ കൂടെയിരുന്നാൽ, അയാൾ ഒരക്ഷരം മിണ്ടിയില്ലെങ്കിലും, അയാൾ സ്വാധീനം ചെലുത്തുന്നതാണ്. അതുപോലെ, നല്ല മനുഷ്യന്റെ കൂടെയിരുന്നാൽ, അയാൾ ഒരക്ഷരം ഉരുവിട്ടില്ലെങ്കിലും, അതും നല്ല സ്വാധീനം ചെലുത്തുന്നതാണ്. ആയതിനാൽ, ലോകത്ത് ചിന്തകൾ പരസ്പരം സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും അത് മനസ്സിലാകുന്നില്ല. ഒരാൾ ഒരു സദസ്സിലേക്ക് പോകുന്നു. അവിടെ ദുഷ്ചിന്തകളുള്ള ആളുകളുണ്ടെങ്കിൽ ആ ചിന്തകൾ അയാളറിയാതെ അയാളുടെ ഹൃദയത്തെ സ്വാധീനിക്കുന്നു. എന്നാൽ, മലക്കുകൾ അയാളുടെ കാത്,മൂക്ക്, വായ, കണ്ണുകൾ തുടങ്ങിയ കവാടങ്ങളിൽ കാവൽ നിൽക്കുകയാണെങ്കിൽ അത്തരം ആളുകളുടെ സദസ്സിൽ ചെന്നാൽ പോലും അവർക്കൊരു ദു:സ്വാധീനവും ഉണ്ടാവുകയില്ല. നല്ല സ്വാധീങ്ങളേ അവർക്കുണ്ടാവൂ. നബി (സ)തിരുമേനി സ്വയം തന്നെ പരിശുദ്ധനായിരുന്നു. എന്നാൽ, മറ്റുള്ളവരെ പഠിപ്പാൻ വേണ്ടി നബി(സ) സദസ്സിലിരിക്കുമ്പോൾ 70 പ്രാവശ്യം ഇസ്തിഗ്ഫാർ ചൊല്ലാറുണ്ടായിരുന്നു. മുസ്‌ലിംകളും അതുപോലെ ചെയ്യണമെന്ന് നബി(സ) പഠിപ്പിക്കുകയായിരുന്നു. ആയതിനാൽ ചിന്തകളുടെ സ്വാധീനം വിശ്വസനീയവും തെളിയിക്കപ്പെട്ടതുമാണ്. കൂടുതൽ ഭക്തരും പരിശുദ്ധരുമായ ആളുകൾക്ക് ചിന്തകളുടെ സ്വാധീനമുണ്ടാകുന്ന എല്ലാ കവാടങ്ങളിലും മലക്കുകൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അവർ ദുസ്വാധീനങ്ങളിൽ നിന്ന് സംരക്ഷിച്ചു നിർത്തുന്നു.

## എന്താണ് പിശാച്?

ഇനി ഞാൻ ഒരു കാര്യം പറയാം. മനുഷ്യന്റെ വ്യക്തിപരമായ

ദുഷ്ചിന്തകളും പൈശാചികമാണെന്ന് ശരീഅത്ത് പറയുന്നു. പിശാചിന്റെ അസ്തിത്വമേയില്ല എന്നല്ല ഞാൻ ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. എന്തെന്നാൽ, മലക്കുകളെയും അവയുടെ സ്വാധീനങ്ങളെയും അംഗീകരിക്കെ തന്നെ എല്ലാ നല്ല പ്രേരണകളും വാസ്തവത്തിൽ മനുഷ്യഹൃദയത്തിൽ നിന്നാണ് സംജാതമാകുന്നത് എന്നതാണ് എന്റെ ഉറച്ച വിശ്വാസം. മനുഷ്യ ചിന്തകളും പൈശാചികമാണെന്ന് ശരീഅത്ത് പറയുന്നുണ്ട് എന്നാണ് ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം. മനുഷ്യമനസ്സിൽ ദുഷ്ചിന്തകൾ വരുമ്പോൾ അവയെ പിശാച് തന്റെ തണലേകി ക്കൊണ്ട് വർധിപ്പിക്കുന്നു. നബി(സ)യുടെ ഒരു ഹദീസ് ഉണ്ട്. ഹുസൂർ(സ) പറയുന്നു: ഒരു പിശാച് വുളുവിന്റേത് ആണ്. 'വൽഹാൻ' എന്നാണ് അവന്റെ പേര്. കൂടുതലായി വെള്ളം പാഴാക്കുകയാണ് അവന്റെ ജോലി. വാസ്തവത്തിൽ വുളുവിന് വല്ല പിശാചും ഉണ്ടെന്നല്ല നബി(സ) ഈ പറഞ്ഞതിന്റെ ഉദ്ദേശ്യം . മറിച്ച്, ഹുസൂർ(സ) മനസ്സിന്റെ അപകടത്തിന്റെ പേരാണ് പിശാച് എന്ന് വെച്ചത്. ദൈവത്തിൽ നിന്ന് അകറ്റുക എന്നതാണ് പിശാചിന്റെ പ്രവൃത്തി. വെള്ളവുമായി അവന് ബന്ധമില്ല. 'വൽഹാൻ' എന്നതിന്റെ അർഥം ഒരൊറ്റ ചിന്തയല്ലാതെ മറ്റൊരു ചിന്തയും ഇല്ലാത്തവൻ എന്നാണ്. ഈ അവസ്ഥയുടെ പേരാണ് നബി(സ) 'വൽഹാൻ' എന്ന് വെച്ചിരിക്കുന്നത്. ഈ അവസ്ഥയുടെ ഫലമായി മനുഷ്യന് ബോധമേ ഉണ്ടാകില്ല. വുളു ചെയ്യുന്ന സമയത്ത് നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുന്നതിനു പകരം അവൻ തന്റെ ചിന്തകളിൽ മുഴുകിക്കൊണ്ട് വെള്ളം ഒഴുക്കി കൊണ്ടിരിക്കും. അല്ലാതെ, പിശാച് വാസ്തവത്തിൽ അയാളോട് വെള്ളം പാഴാക്കാൻ പറയുന്നില്ല. വെള്ളം കൂടുതലോ കുറവോ ഒഴുക്കുന്നതുമായി പിശാചിനെന്ത് ബന്ധം?

അതുപോലെ, നമസ്കാരത്തിനും ഒരു പിശാചുണ്ടെന്ന് തിരുനബി(സ) അരുളിയിട്ടുണ്ട്. അവൻ നമസ്കാരത്തിൽ വസ്വാസുകൾ ഉണ്ടാക്കുന്നു. താൻ നമസ്കാരത്തിനായി നിൽക്കുമ്പോൾ പല ചിന്തകളും മനസ്സിൽ കടന്നു വരുന്നുവെന്ന് ഒരിക്കൽ ഒരാൾ നബി(സ)യോട് പറയുകയുണ്ടായി.

നബി(സ) പറഞ്ഞു: "അത് പിശാച് ആണ്. അവന്റെ പേര് ഖൻസബ് എന്നാണ്". നമസ്കാരത്തിലെ പിശാചിന്റെ പേര് 'ഖൻസബ' എന്നാണ് നബി(സ) പറഞ്ഞത്. 'ഖനാ'യും 'അസീബും' ചേർന്നതാണിത്. 'ഖനാ' എന്നതിന്റെ അർഥം നവായിബുദ്ദഹർ (കാലഘട്ടത്തിലെ വിപത്തുകൾ) എന്നാണ്. 'ദാഹിയ' എന്നതാണ് അസീബിന്റെ അർഥം. അതായത് വിപത്തകളും കഷ്ടപ്പാടുകളും. ലോകത്തിലെ സംഭവങ്ങൾ മനുഷ്യനെ ആകർഷിക്കുന്നു എന്നാണ് നബി(സ) പറഞ്ഞത്. ദുനിയാവിൽ നിന്ന് മനുഷ്യൻ സാധിക്കുന്നിടത്തോളം വിട്ടു നിൽക്കുകയാണെങ്കിൽ ഈ അവസ്ഥയിൽ നിന്ന് മനുഷ്യന് രക്ഷപ്പെടാവുന്നതാണ്. ചുരുക്കത്തിൽ മനസ്സിലെ ദുഷ്ചിന്തകളെയാണ് പിശാച് എന്ന് പേര് വെച്ചിരിക്കുന്നത്. (തുടരും)

---

പേജ് 18 ൽ നിന്ന് തുടർച്ച

ട്ടില്ലായിരുന്നുവെങ്കിലും, അപ്രകാരം ദണ്ഡ് കോശങ്ങളിൽ കാണപ്പെടുന്ന വിസ്മയകരമായ ശാസ്ത്രീയ സാങ്കേതിക ജ്ഞാനവും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിലും പരസ്പരപൂരകങ്ങളായി പ്രതിപ്രവർത്തിക്കാനുള്ള കഴിവോടെ എങ്ങനെ കണ്ണ് സ്വയം സൃഷ്ടിക്കപ്പെട്ടു? ഓരോ ചുവട് വെക്കുമ്പോഴും മനുഷ്യൻ ഉണ്ടാക്കിയ രമ്യമനോഹരമായ ശ്രുതിയേക്കാൾ അനുപമ സൗന്ദര്യത്തോടെ പരിപൂർണമായ സ്വരചേർച്ച കണ്ണിന്റെ സൃഷ്ടിയിൽ എങ്ങനെ വന്നു ഭവിക്കുന്നു? ഈ മഹത്തായ ഉപകരണത്തിന്റെ സൂക്ഷ്മ ഘടകങ്ങൾ പോലും അഗാധമായ പഠനം അർഹിക്കുന്നു. ക്രമേണ മന്ദഗതിയിൽ അർഥവത്തായ ഘടകങ്ങളായി മാറിക്കൊണ്ട് സമ്പൂർണ സ്വരചേർച്ചയോടെ എങ്ങനെ നേത്രഗോളം രൂപാന്തരപ്പെട്ടു? എങ്ങനെ അവയുടെ ധർമം നിർവഹിക്കാനാരംഭിച്ചു എന്നതും നമ്മുടെ ബുദ്ധിക്കതീതമായ കാര്യമാണ്. ഇതെല്ലാം ചില ചോദ്യങ്ങൾ മാത്രമാണ്. എന്നാൽ ദൈവമില്ലെന്നു വിശ്വസിക്കുന്ന പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർക്ക് നൂറുക്കണക്കിന് ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടതുണ്ട്. കണ്ണിന്റെ എല്ലാ ലോലമായ ഘടകങ്ങളും അദ്ദേഹത്തിന്റെ ശകലത്തിനു പുറകെ ശകലമായുള്ള പരിണാമ പുരോഗതി സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കേണ്ടിയിരിക്കുന്നു. പ്രകാശ വ്യവസ്ഥ സങ്കീർണവും എന്നാൽ സാധാരണക്കാരന് ഒരിക്കലും മനസ്സിലാക്കാൻ കഴിയാത്ത വിധം സ്വരചേർച്ചയോടെ പ്രവർത്തിക്കുന്നതുമാണ്. പ്രൊഫസർ ഡാകിൻസിനെ പോലെയുള്ള മഹാനായ പ്രകൃതി ശാസ്ത്രജ്ഞൻ പോലും അതിന്റെ ഉപരിതലത്തിൽ പരതുക മാത്രമേ സാധ്യമാകൂ. ആ ഉപരിതല ജ്ഞാനം പോലും ഏറ്റവും ഉന്നത കിടയിലുള്ള ഒരു നേട്ടമാണ്. അതായത് അദ്ദേഹത്തിന് ഈ രംഗത്ത് ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. മൃഗങ്ങളുടെ സംവേദനേന്ദ്രിയ സംവിധാനങ്ങളിൽ ഇത്തരത്തിലുള്ള ഒരുപാട് ഉദാഹരണങ്ങളുണ്ട്. അതാകട്ടെ നമ്മിൽ നിന്ന് നൂറുക്കണക്കിന് ദശലക്ഷം വർഷം അകലെയുള്ളതാണ്. പക്ഷേ, അടിസ്ഥാനപരമായി ഒരേ ഘടനയുള്ളതുമാണ്. വ്യത്യാസങ്ങൾ ബാഹ്യതലത്തിൽ മാത്രമാണ്. പക്ഷേ, അവ സൂക്ഷ്മമായി മൃഗങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി രൂപകൽപന ചെയ്തവയാണ്. (തുടരും)

# ഇസ്‌ലാമും അനാഥകളും

അനാഥ സംരക്ഷണത്തെപറ്റി ഇസ്‌ലാം ഏറ്റവും ഗൗരവത്തോടെയാണ് മുസ്‌ലിംകളെ ഉണർത്തിയിരിക്കുന്നത്. അനാഥകളെ സ്വന്തം വീട്ടിൽ കുടുംബാന്തരീക്ഷത്തിലാണ് വളർത്തേണ്ടത്. അവരുടെ അവകാശങ്ങൾ യാതൊരു കാരണവശാലും ഹനിക്കപ്പെടാൻ പാടില്ല. അനാഥകളെ പോറ്റി വളർത്തുക എന്നത് വളരെയേറെ സൂക്ഷ്മത പുലർത്തേണ്ട ഏറ്റവും പുണ്യകരമായ ഒരു സൽക്കർമമാണ്. അനാഥയായി വളർന്ന റസൂൽ(സ)തിരുമേനിയുടെ ഉദാത്ത ജീവിത മാതൃക അനാഥ സംരക്ഷണ കാര്യത്തിൽ ലോകത്തിന് വഴികാട്ടിയാണ്.

ഇബ്നു മഹ്ദി

അനാഥകളുടെ സംരക്ഷണം ഇസ്‌ലാമിൽ നിയമം മുഖേന പരിരക്ഷിക്കപ്പെട്ടിരിക്കുന്നു. സമൂഹത്തിന്റെ സുരക്ഷ മാത്രമല്ല അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അനാഥ സംരക്ഷണം മുഖേന സമൂഹത്തിന്റെ ധാർമികത കൂടി അഭിവൃദ്ധിപ്പെടുന്നു. അനാഥ സംരക്ഷണത്തിന്റെ പ്രാധാന്യത്തെ പറ്റി വിശുദ്ധ ബൈബിളിലും മഹത്തായ അദ്ധ്യാപനങ്ങൾ കാണാം. എല്ലാ വെളിപാട് മതങ്ങളും അനാഥകളെ പരിരക്ഷിക്കേണ്ട ഗൗരവമേറിയ ബാദ്ധ്യതയെപറ്റി മനുഷ്യനെ ഓർമിപ്പിക്കുന്നു.

### ബൈബിൾ പഴയ നിയമം

*'വിധവയെയോ അനാഥയേയോ നിങ്ങൾ പീഢിപ്പിക്കരുത്. നിങ്ങൾ അവരെ പീഢിപ്പിക്കുകയും അവർ എന്നോട് നിലവിളിക്കുകയും ചെയ്താൽ ഞാൻ തീർച്ചയായും അവരുടെ നിലവിളി കേൾക്കും. എന്റെ കോപം ജ്വലിക്കും. ഞാൻ നിങ്ങളെ വാളുകൊണ്ട് കൊല്ലും. നിങ്ങളുടെ ഭാര്യമാർ വിധവകളും കുട്ടികൾ അനാഥരുമാകും.' (പുറപ്പാട് 22: 22–24)*

*മോസസ് ഇസ്റായേലിനോട് പറഞ്ഞു:*

*'നിങ്ങളുടെ ദൈവമായ കർത്താവ്, ദേവന്മാരുടെ ദൈവം, പ്രഭുക്കന്മാരുടെ കർത്താവ്, പ്രബലനും ശക്തനും ഭീതിദായകനുമായ ദൈവം പക്ഷപാതിയല്ല അവൻ കൈക്കൂലി വാങ്ങുകയില്ല. അവൻ അനാഥർക്കും വിധവകൾക്കും വേണ്ടി നീതി നടത്തുന്നു. പ്രവാസിക്ക് ഭക്ഷണവും വസ്ത്രവും നൽകി അയാളെ സ്നേഹിക്കുന്നു.' (ആവർത്തനം. 10:1719)*

*'ദൈവം തന്റെ തിരു നിവാസത്തിൽ അനാഥക്ക് പിതാവും വിധവകൾക്ക് സംരക്ഷകനുമാകുന്നു.' (സങ്കീർത്തനം68:5)*

*'അവർ കൊഴുത്ത് മിനുങ്ങുന്നു. അവരുടെ ദുർവൃത്തികൾക്ക് അതിരില്ല. അവർ അനാഥരുടെ കാര്യം അനാഥർക്ക് ഗുണകരമായി നീതിപൂർവ്വം വിധിക്കുന്നില്ല. അവർ പാവപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നില്ല.' (യിരെമ്യ.5:28)*

### ബൈബിൾ പുതിയ നിയമത്തിൽ

*'പിതാവായ ദൈവത്തിന് മുമ്പിൽ ശുദ്ധവും നിഷ്ക്കളങ്കവുമായ ഭക്തി ഇതാകുന്നു. ദുരിതമനുഭവിക്കുന്ന അനാഥകളെയും വിധവകളെയും സന്ദർശിക്കുക, ലോകത്തിന്റെ കളങ്കങ്ങളിൽ നിന്ന് സ്വയം കാത്തു സൂക്ഷിക്കുക' (യാക്കോബ്:1:27)*

മേൽവിവരിച്ച സൂക്തങ്ങളിൽ ദൈവം വിശ്വാസികളോട് അനാഥകളെ പരിപാലിക്കേണ്ടതിനെ സംബന്ധിച്ച് ആജ്ഞകൾ നൽകിയത് കണ്ടുവല്ലോ. അവർക്ക് യാതൊരുവിധ വിഷമങ്ങളും ഉണ്ടാക്കരുതെന്നും അവർക്ക് ഹാനികരമായ രീതിയിൽ പ്രവർത്തിക്കരുതെന്നും അവരോട് നീതിപൂർവം വർത്തിക്കണമെന്നും ഈ വചനങ്ങൾ പറയുന്നു. അനാഥകളുടെ ക്ഷേമകാര്യത്തിൽ വിശുദ്ധ ഖുർആൻ അതീവ ശ്രദ്ധയും വ്യക്തമായ അദ്ധ്യാപനങ്ങളുമാണ് നൽകിയിരിക്കുന്നത്. അനാഥകൾക്കും വിധവകൾക്കും ഇസ്‌ലാം നൽകിയ സംരക്ഷണം വാസ്തവത്തിൽ മറ്റൊരിടത്തും നമുക്ക് കാണാൻ സാദ്ധ്യമല്ല.

### അനാഥകളും വിശുദ്ധഖുർആനും

യുദ്ധത്തെക്കുറിച്ചും മദ്യം, ചൂതാട്ടം എന്നിവയുടെ നിരോധനത്തെക്കുറിച്ചും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിനെ കുറിച്ചും ഖുർആനിൽ ഇങ്ങനെ പ്രസ്താവിക്കുന്നു:

*'അനാഥരെ സംബന്ധിച്ചും അവർ നിന്നോട് ചോദിക്കുന്നു. പറയുക, അവരുടെ ക്ഷേമത്തിന്*

*വേണ്ടി പ്രവർത്തിക്കുന്നത് വളരെ നല്ലതാണ്. അവരുമായി നിങ്ങൾ കൂടിക്കലർന്ന് ജീവിക്കുകയാണെ ങ്കിൽ, അവർ നിങ്ങളുടെ സഹോദര ന്മാരാണ്. കുഴപ്പമുണ്ടാക്കുന്നവരെ നന്മവരുത്തുന്നവരിൽ നിന്ന് അല്ലാഹു വേർതിരിച്ചറിയുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ നിങ്ങൾക്ക് ഞെരുക്ക മുണ്ടാക്കുമായിരുന്നു. നിശ്ചയമാ യും അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമത്രെ' (2:221)*

*'അനാഥർക്ക് അവരുടെ ധനം വിട്ടുകൊടുക്കുക. നിങ്ങൾ നല്ലതിന് പകരം ചീത്തയെ എടുക്ക രുത്. അവരുടെ ധനം നിങ്ങളുടെ ധനവുമായി കൂട്ടി ചേർത്ത് ഭക്ഷിക്കയുമരുത്. നിശ്ചയമായും അത് വലിയ പാപമാണ്. അനാഥ കളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് ഭയ പ്പെടുന്ന പക്ഷം നിങ്ങൾക്ക് നന്നാ യി തോന്നുന്ന(മറ്റു) സ്ത്രീകളിൽ നിന്ന് രണ്ടു വീതമോ മൂന്നു വീതമോ നാലു വീതമോ നിങ്ങൾ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലി ക്കാനാവില്ലെന്ന് നിങ്ങൾ ഭയപെടു ന്നുവെങ്കിൽ ഒരു സ്ത്രീയെ (മാത്രം വിവാഹം ചെയ്യുക.) അല്ലെങ്കിൽ നിങ്ങളുടെ ഉടമസ്ഥതയിലുള്ള അടിമ സ്ത്രീകളിൽ നിന്ന് (വിവാ ഹം ചെയ്യുക) നിങ്ങൾ അനീതി പ്രവർത്തിക്കാതിരിക്കാൻ ഏറ്റവും അടുത്ത മാർഗം അതാണ്.' (4:3-4)*

*'നിങ്ങളുടെ നിലനിൽപ്പിനാ യി അല്ലാഹു നിങ്ങൾക്ക് ആശ്രയമാ ക്കി തന്നിരിക്കുന്ന നിങ്ങളുടെ ധനത്തെ ബുദ്ധി പക്വതയില്ലാത്ത വർക്ക് നിങ്ങൾ വിട്ടുകൊടുക്കരുത്. നിങ്ങൾ അവർക്ക് അതിൽ നിന്ന് ആഹാരവും വസ്ത്രവും നൽകുക യും അവരോട് നല്ലവാക്ക് പറയുകയും ചെയ്യുക. (അനാഥരെ അവരുടെ കാര്യപ്രാപ്തി) പരീക്ഷി ച്ചുകൊണ്ടിരിക്കുക. അങ്ങനെ അവർ വിവാഹ പ്രായമെത്തിയാൽ അപ്പോൾ അവരിൽ നിങ്ങൾ പക്വത കണ്ടറിയുന്നുണ്ടെങ്കിൽ അവരുടെ മുതലുകൾ അവർക്ക് വിട്ടു കൊടു ക്കുക. അവർ വളർന്ന് വരുന്നത് (കണ്ടു ഭയന്ന്) അമിതമായി ധൃതിപ്പെട്ടും നിങ്ങൾ അത് തിന്നു കളയരുത്. വല്ലവനും സമ്പന്നനാ ണെങ്കിൽ (അനാഥരുടെ ധനത്തിൽ നിന്നെടുക്കാതെ) പൂർണമായും ഒഴിഞ്ഞു നിൽക്കട്ടെ. വല്ലവനും ദരിദ്രനാണെങ്കിൽ (അതിൽ നിന്ന്) ന്യായമായ നിലയിൽ ഭക്ഷിച്ചു കൊള്ളട്ടെ. പിന്നീട് നിങ്ങൾ അവരുടെ ധനം അവർക്ക് വിട്ടു കൊടുക്കുമ്പോൾ അവരുടെ മുമ്പാകെ സാക്ഷികളെ നിർത്തുക. കണക്കെടുക്കുന്നവനായി അല്ലാ ഹു മതിയായവനാകുന്നു.' (4: 6-7)*

*(അനന്തരാവകാശ സ്വത്ത്) ഓഹരിവെക്കുന്ന അവസരത്തിൽ (അവകാശികളല്ലാത്ത മറ്റു ബന്ധു ക്കളും അനാഥരും അഗതികളും അവിടെ ഹാജരുണ്ടെങ്കിൽ അവർ ക്കും അതിൽ നിന്ന് (വല്ലതും) കൊടുക്കുക. അവരോട് നല്ല വാക്കുകൾ പറയുകയും ചെയ്യുക.*

*'തങ്ങളുടെ പിന്നിൽ ബലഹീ നരായ സന്താനങ്ങളെ വിട്ടു പോകു ന്ന പക്ഷം (അവർക്ക് എന്തു സംഭ വിക്കുമെന്നോർത്ത്) ഉത്കണ്ഠാ കുലരാകുന്നവർ (മറ്റ് അനാഥരുടെ കാര്യത്തിലും അല്ലാഹുവിനെ) ഭയപ്പെടട്ടെ. അതിനാൽ അവർ അല്ലാഹുവിനെ സൂക്ഷിക്കുകയും ഋജുവായ വാക്ക് പറയുകയും ചെയ്യട്ടെ.*

*'അനാഥരുടെ ധനം അന്യാ യമായി അപഹരിച്ച് തിന്നുന്നവർ തീർച്ചയായും അവരുടെ വയറു കളിൽ തീ തിന്നു നിറക്കുക മാത്ര മാണ് ചെയ്യുന്നത്. തീർച്ചയായും അവർ ജ്വലിക്കുന്ന അഗ്നിയിൽ പ്രവേശിക്കുന്നതാണ്.'(4:9-11)*

*അവർ നിന്നോട് (ഒന്നിലധി കം) സ്ത്രീകളെ (വിവാഹം ചെയ്യു ന്ന) കാര്യത്തിൽ വിധി അന്വേഷി ക്കുന്നു. നീ (അവരോട്) പറയുക: 'അല്ലാഹു അവരെ സംബന്ധിച്ച് നിങ്ങൾക്ക് വിധി നൽകുന്നു. നിങ്ങൾക്ക് ഈ ഗ്രന്ഥത്തിൽ ഓതി കേൾപ്പിക്കപ്പെട്ട (വിധി) (44-ാം സൂക്തം) നിശ്ചയിക്കപ്പെട്ട അവകാ ശം കൊടുക്കാതിരിക്കയും നിങ്ങൾ വിവാഹം ചെയ്യാനാഗ്രഹിക്കുക യും ചെയ്യുന്ന അനാഥ സ്ത്രീകളെ സംബന്ധിച്ചും, അബലകളായ പെൺകുട്ടികളെ സംബന്ധിച്ചു മാണ്. അനാഥകളോട് നിങ്ങൾ നീതി പുർവം വർത്തിക്കണമെന്നും '(നിങ്ങൾക്ക് വിധി നൽകപ്പെട്ടിരി ക്കുന്നു) നിങ്ങൾ ഏതൊരു പ്രവർത്തി ചെയ്യുന്നുവോ തീർച്ച യായും അല്ലാഹു തൽസംബന്ധ മായി നല്ലപോലെ അറിയുന്നവനാ ണ്.' (4:128)*

പ്രവാചകനോട് കൽപ്പിച്ചു കൊണ്ട് അല്ലാഹു ഖുർആനിൽ പറയുന്നു:

*'അനാഥക്ക് കാര്യപ്രാപ്തി യെത്തുന്നത്വരെ ഏറ്റവും ഉത്തമ മായ വിധത്തിലല്ലാതെ അതിന്റെ (ആ കുട്ടിയുടെ) ധനത്തെ നിങ്ങൾ സമീപിക്കരുത്. നിങ്ങൾ അളവും തുക്കവും നീതി പൂർവം പൂർത്തി യാക്കുക. ഒരാളെയും അയാളുടെ കഴിവിൽ പെട്ടതിനല്ലാതെ നാം ഉത്തരവാദിയാക്കുകയില്ല. നിങ്ങൾ സംസാരിക്കുമ്പോൾ- (അതുമായി ബന്ധപ്പെട്ട) ആൾ നിങ്ങളുടെ അടുത്ത ബന്ധുവായാൽപോലും - നീതിപൂർവം സംസാരിക്കുക. അല്ലാഹുവിന്റെ കരാറിനെ നിങ്ങൾ പൂർത്തിയാക്കുക. അല്ലാഹു ഇതിനെ സംബന്ധിച്ച് താക്കീതായി നിങ്ങളോട് അനുശാസിക്കുന്നു. നിങ്ങൾ ഉപദേശം കരസ്ഥമാക്കു ന്നതിന് വേണ്ടി.'(6:153)*

മേൽ ഉദ്ധരിച്ച ആജ്ഞ സൂറ: 17:35 ലും ആവർത്തിക്കുന്നു. ഇവിടെ വധിച്ചവന്റെയും വധശി ക്ഷക്ക് വിധേയമായവന്റെയും അവശേഷിക്കുന്ന അനാഥമക്കളു ടെ സംരക്ഷണ വിഷയം പരാമർശി ച്ചു കൊണ്ടാണ് പ്രസ്തുത ആയത്ത് ആവർത്തിച്ച് പ്രതിപാദിക്കുന്നത്.

പ്രവചിതമായ മക്കാ വിജയ ത്തെക്കുറിച്ചുള്ള വിജയ സുവിശേ ഷം അറിയിച്ചുകൊണ്ട് മനുഷ്യ

നന്മയുടെയും തിന്മയുടെയും രണ്ട് വിശാല വീഥികൾ കാണിച്ച് കൊണ്ട് ഖുർആൻ പറയുന്നു:

*'എന്നാൽ അവൻ ആ ഗിരി മാർഗത്തിൽ സാഹസപ്പെട്ട് കടന്നില്ല. ഗിരിമാർഗം എന്തെന്ന് നിനക്കെന്തറിയാം (ആ ഗിരിമാർഗമെന്നാൽ) അടിമയെ മോചിപ്പിക്കുക.. അല്ലെങ്കിൽ അടുത്ത ബന്ധുത്വമുള്ള അനാഥനോ കടുത്ത ദുരിതമനുഭവിക്കുന്ന അഗതിക്കോ വിശപ്പിന്റെ നാളിൽ ഭക്ഷണം നൽകുക. എന്നിട്ട് അവൻ സത്യ വിശ്വാസം സ്വീകരിക്കുകയും പരസ്പരം സഹനം കൈകൊള്ളാൻ ഉപദേശിക്കുകയും അന്യോന്യം കരുണ കാണിക്കാൻ ഗുണദോഷിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവനുമാകണം.'(90: 12-21)*

അവസാനമായി റസൂൽ(സ) തിരുമേനിക്ക് ആദ്യ നാളുകളിൽ ഇറങ്ങിയ വെളിപാടുകളിലൊന്ന് ഇപ്രകാരമായിരുന്നു:

*'പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ*

*പൂർവാഹ്നത്തെ കൊണ്ടും, രാവിനെ കൊണ്ടും സത്യം, അത് സർവത്ര അന്ധകാരമാവുമ്പോൾ. നിന്റെ നാഥൻ നിന്നെ കൈവെടിഞ്ഞിട്ടില്ല. അവൻ വെറുത്തിട്ടുമില്ല. തീർച്ചയായും പിൽക്കാലം ആദ്യത്തേതിനേക്കാൾ നിനക്ക് ഉത്തമമാണ്. നിന്റെ നാഥൻ തീർച്ചയായും നിനക്ക് പല അനുഗ്രഹങ്ങളും നൽകും. അപ്പോൾ നീ തൃപ്തനായി തീരും. അവൻ നിന്നെ അനാഥനായി കണ്ടില്ലയോ? അപ്പോൾ അവൻ നിനക്ക് അഭയം നൽകിയല്ലോ. (തന്നെക്കുറിച്ചുള്ള) അന്വേഷണത്തിൽ അലയുന്നവനായി അവൻ നിന്നെ കണ്ടു. എന്നിട്ടവൻ (നിനക്ക്) വഴികാണിച്ചു. അവൻ നിന്നെ ദരിദ്രനായി കണ്ടെത്തി. എന്നിട്ടവൻ നിന്നെ സ്വായശ്രയനാക്കി. അതിനാൽ അനാഥനോട് പരുഷമായി പെരുമാറാതിരിക്കുക. യാചകനെ വിരട്ടരുത്. നിന്റെ നാഥന്റെ അനുഗ്രഹത്തെ എടുത്ത് പറയുക.' (93: 1-12)*

മേൽ പ്രതിപാദിച്ച ഖുർആൻ സൂക്തങ്ങളിൽ അനാഥകളുടെ അവകാശ സംരക്ഷണം ഏറ്റവും വ്യക്തവും വിശദവുമായി ഖുർആൻ വിവരിച്ചിരിക്കുന്നത് നാം കണ്ടു.

അന്യരുടെ കാര്യത്തിൽ യാതൊരു ശ്രദ്ധയും കൊടുക്കാതെ തന്റെ സ്വാർഥപരമായ ആവശ്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച മനുഷ്യൻ ധാർമികമായി അധഃപതിച്ചവനാണ്. ഇക്കാലത്ത് അനാഥകളോടും വിധവകളോടും ലോകത്തിന്റെ പല ഭാഗങ്ങളിലും വളരെ മോശമായും ദയാരഹിതമായുമാണ് പെരുമാറുന്നത്. ഈ വിമർശനം ഭരണകൂടങ്ങൾക്കും അവരുടെ വികലമായ നികുതി നയങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കുംകൂടി ബാധകമാണ്. അനാഥകൾക്കും ആശ്രിതരായ വിധവകൾക്കും വളരെ കുറഞ്ഞ പരിഗണനയേ സമൂഹം നൽകുന്നുള്ളൂ. ഇതിന്റെ ഫലമായി അനാഥ സംരക്ഷണത്തിന്റെ കുത്തക ജീവകാരുണ്യ പ്രവർത്തനം നടത്തുന്നവരുടെ ചുമലിലായി. അവരാകട്ടെ പണപ്പെരുപ്പം അധികരിച്ചു വരുന്ന ഇന്നത്തെ സമ്പദ് വ്യവസ്ഥയിൽ നിന്നും അതിനുള്ള വിഭവം കണ്ടെത്താൻ പാടുപെടുകയുമാണ്. അനാഥകളെ വളർത്താൻ പക്വമായ രക്ഷിതാക്കന്മാരുടെ ലഭ്യത കുറഞ്ഞു വരുന്നതിനാൽ അനാഥകൾ കുടുംബത്തിലെ ഊഷ്മളമായ അന്തരീക്ഷത്തിൽ വളരുന്നതിന് പകരം കൂടുതൽ സ്ഥാപന വത്കൃതമായ സാഹചര്യത്തിലേക്ക് വലിച്ചിഴക്കപ്പെടുന്നു. ക്ഷേമരാഷ്ട്രത്തിന് വേണ്ടി നിലകൊള്ളുന്ന പാശ്ചാത്യ നാടുകളിൽ അനാഥകളുടെ സംരക്ഷണം പോയിട്ട് സ്വന്തം കുട്ടികളുടെ സംരക്ഷണം പോലും അന്യന്റെ കൈകളിൽ ഏൽപ്പിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്.

അനാഥകളുടെ സംരക്ഷണം യോഗ്യമല്ലാത്ത കുടുംബങ്ങളിൽ വന്ന് ചേരുമ്പോൾ അനാഥകളുടെ ജീവിതം ദുരിതപൂർണമായി തീരുന്നു. അവർ വളരെയേറെ കഠിനതകൾക്ക് വിധേയരാകുന്നു. സ്നേഹം തിരയുന്ന അനാഥക്ക് ഇവിടെ വെറുപ്പാണ് ലഭിക്കുന്നത്. കുടുംബത്തിൽ ഒരംഗത്തെ പോലെ പരിചരിച്ച് വളർത്തേണ്ട അനാഥ, കുടുംബങ്ങൾക്ക് ഒരു ഭാരമായി തീരുന്നു. മറ്റൊന്ന് അനാഥരോട് തീരെ അയഞ്ഞ നിലപാടും അതിലാളനയും കാണിക്കുന്നത് കാരണം അനാഥ ബാലൻ ദുസ്വഭാവിയായി മാറുകയും അവസാനം കുഴപ്പക്കാരനും കുറ്റവാളിയുമായി തീരുകയും ചെയ്യുന്നു. അനാഥകളെ പരിരക്ഷിക്കുന്ന കാര്യത്തിൽ മധ്യസമീപനം കൈകാള്ളണമെന്നും അവരോട് സഹോദരന്മാരെ പോലെ പെരുമാറണമെന്നുമാണ് വിശുദ്ധ ഖുർആൻ വിശ്വാസികളെ ഉപദേശിക്കുന്നത്. മൂത്ത സഹോദരൻ അന്യരിൽ നിന്ന് സഹോദരിയേയും സഹോദരനേയും പരിരക്ഷിക്കുന്നത് പോലെ അനാഥയെ സംരക്ഷിക്കണമെന്ന് ഖുർആൻ ഉദ്ബോധിപ്പിക്കുന്നു. അനാഥരുടെ രക്ഷകർത്താവ് തനിക്ക് ലഭിക്കുന്നതിൽ നിന്ന് അവരുമായി പങ്കുവെക്കുകയും അവരുടെ സ്വത്ത് അവർ കാര്യശേഷിയെത്തുന്നത് വരെ സംരക്ഷിക്കുകയും വേണം. ഈ വിധത്തിലാണ് ഇസ്‌ലാം അനാഥകളോട് പെരുമാറാൻ ആഗ്രഹിക്കുന്നത്.

അനാഥ സംരക്ഷണം എന്നത് മനുഷ്യന് ഏൽപ്പിക്കപ്പെട്ട സുപ്രധാനമായ ഒരു കർത്തവ്യമാണ്. അനാഥകളെ അവശേഷിപ്പിച്ച് കൊണ്ട് ഒരാൾ മരണമടയുകയും ആ അനാഥ ജീവിക്കാനായി തെരുവിൽ ഭിക്ഷാപാത്രവുമായി അലയുകയും അവർ അടിമത്ത സമാനമായ അവസ്ഥയിൽ തുച്ഛമായ വേതനം നൽകപ്പെടുകയും ചെല്ലുന്നേടത്ത് നിന്നെല്ലാം തൊഴിക്കപ്പെടുകയും പീഢിപ്പിക്കപ്പെടുകയും വേദനാ ജനകമായ അവരുടെ നിലവിളി ഉയരുകയും

ചെയ്തിട്ടും ആരും അവരെ തിരിഞ്ഞു നോക്കുക പോലും ചെയ്യുന്നില്ലെങ്കിൽ, അവർക്ക് ഒരിറ്റ് സ്നേഹം നൽകി ആശ്വസിപ്പിക്കാൻ ആരും മുന്നോട്ട് വരുന്നില്ലെങ്കിൽ അത്തരം ആളുകൾ അവരുടെ മരണത്തെ ഭയപ്പെടേണ്ടിയിരിക്കുന്നു. അനാഥരുടെ കാര്യത്തിൽ അശ്രദ്ധ കാട്ടുന്നവർ ഓർക്കണം എല്ലാവരെയും ഒരുനാൾ മരണം കീഴടക്കുന്നതാണ്. അപ്പോൾ നല്ലത് പോലെ നാം പോറ്റി വളർത്തിയ നമ്മുടെ സ്വന്തം സന്താനങ്ങൾ നമ്മുടെ അഭാവത്തിൽ എങ്ങനെ യായിരിക്കും വളരുക? ആരാണ് അവരെ സംരക്ഷിക്കുക? ആ അനാഥയുടെ വിധി തന്നെയായിരിക്കുമോ നമ്മുടെ സന്താനങ്ങൾക്കും വന്നുചേരുക?

ആളുകൾ ഏകോദര സഹോദരന്മാരെ പോലെ എല്ലാവരേയും പരസ്പരം സ്നേഹിച്ചും സഹായിച്ചും വർത്തിക്കുന്ന സമൂഹങ്ങളിൽ ഒരാൾ മരണപ്പെട്ടാൽ അനാഥരാക്കപ്പെടുന്ന ആ കുട്ടികളെ സംരക്ഷിക്കാൻ ആളുകൾ മുന്നോട്ട് വരുന്നു. അങ്ങനെയുള്ള സമൂഹങ്ങളിൽ ഒരാൾക്ക് മരണത്തെ പേടിക്കേണ്ടതില്ല. തനിക്ക് മരണം സംഭവിക്കുകയാണെങ്കിൽ താൻ എപ്രകാരം മറ്റുള്ളവരെ സംരക്ഷിച്ചുവോ അത്പോലെ തന്റെ മക്കളും സംരക്ഷിക്കപ്പെടുമെന്ന് അയാൾക്ക് ആശ്വസിക്കാം.

ഒരു കാര്യം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അനാഥരെ സംരക്ഷിക്കുമ്പോൾ ഒരു സവിശേഷ രീതിയിലുള്ള ധൈര്യവും തന്റേടവും നമ്മിൽ ഉണ്ടായി വരുന്നു. യുദ്ധക്കളം വിട്ടോടുന്നതിന് പകരം യുദ്ധക്കളത്തിൽ നിന്ന് പോരാടാനുള്ള ഒരു ധീരത അത് പ്രദാനം ചെയ്യുന്നു. തന്റെ അസാന്നിദ്ധ്യത്തിൽ മറ്റുള്ളവർ തന്റെ ബാദ്ധ്യതകൾ നിറവേറ്റു മെന്ന് ഉറച്ച ബോധ്യമുള്ള ഒരാൾ മറ്റുള്ളവർക്ക് വേണ്ടി മരിക്കാൻ തയ്യാറാവുന്നു. ഈയൊരു കർമം സമൂഹത്തിന്റെ ക്ഷേമം ഉയർത്തുമെന്ന് മാത്രമല്ല ഭയം കൂടാതെ തന്റെ സ്രഷ്ടാവിനെ അഭിമുഖീകരിക്കാനുള്ള തയ്യാറെടുപ്പ് നടത്താനും തന്റെ മരണ ശേഷം സ്വന്തം സന്താനങ്ങൾ സംരക്ഷിക്കപ്പെടും എന്ന തൃപ്തിയോടെ മരിക്കാനും സാധിക്കും.

റസൂൽ തിരുമേനി(സ)യുടെ കാലത്ത് തന്റെ അനുചരന്മാർക്കിടയിൽ ഒരു അനാഥ ബാലനെ സംരക്ഷിക്കുന്ന വിഷയത്തിൽ ഒരു തർക്കം ഉടലെടുത്തു. ഓരോ അനുചരനും താൻ ആ കർത്തവ്യം നിറവേറ്റുമെന്ന് വാശി പിടിച്ചു. അങ്ങനെ പ്രശ്നം റസൂൽ (സ) തിരുമേനിയുടെ അരികിലെത്തി. അപ്പോൾ അവിടുന്ന്, ആരെയാണ് തന്റെ രക്ഷിതാവായി സ്വീകരിക്കുക എന്ന പ്രശ്നം അനാഥ ബാലന്റെ ഇഷ്ടത്തിന് വിടുകയാണ് ചെയ്തത്. അനാഥ സംരക്ഷണ കാര്യത്തിൽ റസൂൽ (സ) തിരുമേനിയുടെ കാലത്തുള്ള ആവേശം അത്രമാത്രമായിരുന്നു. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ ഇക്കാലത്ത് ധനവാന്മാരായ ആളുകൾ ഈ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറുകയാണ് ചെയ്യുന്നത്. ഒരോരുത്തരും കരുതുന്നത് ഇക്കാര്യം തന്റെ സാമ്പത്തിക ബാദ്ധ്യതക്കും കുടുംബ പശ്ചാത്തലത്തിനും അപ്പുറത്താണെന്നാണ്. ഒരോ വ്യക്തിയും ഈ ഭാരിച്ച ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറുകയാണ്. ഒരു നാൾ അവരും തങ്ങളുടെ സന്താനങ്ങളെ വിട്ടുകൊണ്ട് ഇങ്ങനെ ലോകത്തോട് വിടപറയേണ്ടവരാണെന്ന് ഓർക്കുന്നില്ല. വിശുദ്ധ ഖുർനിൽ പറയുന്നു: ***'തങ്ങളുടെ പിന്നിൽ ബലഹീനരായ സന്താനങ്ങളെ വിട്ടു പോകുന്ന പക്ഷം (അവർക്ക് എന്തു സംഭവിക്കുമെന്നോർത്ത്) ഉത്കണ്ഠാകുലരാകുന്നവർ (മറ്റ് അനാഥരുടെ കാര്യത്തിലും അല്ലാഹുവിനെ) ഭയപ്പെടട്ടെ. അതിനാൽ അവർ അല്ലാഹുവിനെ സൂക്ഷിക്കുകയും ഋജുവായ വാക്ക് പറയുകയും ചെയ്യട്ടെ.(4:10)'*** അതിനാൽ തങ്ങളുടെ ഭാവിതലമുറയുടെ സുരക്ഷിതത്വത്തിന് വേണ്ടി അനാഥകളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കേണ്ടതുണ്ട്.

അനാഥകളുടെ സ്വത്ത് അവർക്ക് നൽകുന്നില്ലെങ്കിൽ അവരുടെ ഉടമസ്ഥതയിലുള്ള ശുദ്ധമായ സ്വത്ത് പോലും കളങ്കിതമാവുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. അനാഥരുടെ സ്വത്ത് കൈക്കലാക്കാനുള്ള ഉദ്ദേശ്യത്തോടുകൂടി അത് സ്വന്തം സ്വത്തുമായി കൂട്ടിക്കലർത്തരുത്.

അനാഥയെ സംരക്ഷിക്കുന്ന രക്ഷിതാവിന് ജീവിക്കാനാവശ്യമായ വിഭവങ്ങളുണ്ടെങ്കിൽ അയാളുടെ കീഴിലുള്ള അനാഥയുടെ സ്വത്തിൽ നിന്നും രക്ഷകർത്തൃത്വത്തിനുള്ള പ്രതിഫലം എന്ന നിലക്ക് യാതൊന്നും എടുക്കരുത്. പക്ഷേ രക്ഷിതാവ് ദരിദ്രനാണെങ്കിൽ ന്യായമായ ഒരു വിഹിതം അനാഥയുടെ സ്വത്തിൽ നിന്ന് എടുക്കാവുന്നതാണ്. രക്ഷിതാവ് അനാഥയുടെ ഒരു ട്രസ്റ്റിയെ പോലെയാണ് വർത്തിക്കേണ്ടത്. ഖുർആൻ പറയുന്നു: ***'അനാഥർക്ക് കാര്യപ്രാപ്തി എത്തുന്നത് വരെ ഏറ്റവും ഉത്തമമായ വിധത്തിലല്ലാതെ അതിന്റെ ധനത്തെ നിങ്ങൾ സമീപിക്കരുത്. നിങ്ങൾ അളവും തൂക്കവും നീതിപൂർവം പൂർത്തിയാക്കുക.'(6:153)*** ഒരു രാജ്യം മറ്റൊരു ദരിദ്രരാജ്യത്തെ വിധിവശാൽ ഭരിക്കേണ്ടി വന്നാലും ഈ തത്ത്വമാണ് പാലിക്കേണ്ടത്

## ബഹുഭാര്യാത്വവും അനാഥ സംരക്ഷണവും

ബഹുഭാര്യാത്വത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ അനാഥകളുമായി ബന്ധപ്പെടുത്തികൊണ്ടാണ് നാല് സ്ത്രീകളെ വരെ വിവാഹം കഴിക്കാമെന്ന അനുവാദം നൽകുന്നത്. ആ അനുവാദം നൽകപ്പെട്ടിരിക്കുന്നത് സമൂഹത്തിലെ ഏറ്റവും കൂടുതൽ അവഗണിക്കപ്പെട്ട ഒരു വിഭാഗത്തിന്റെ സംരക്ഷണത്തെ അടിസ്ഥാനമാക്കിക്കൊണ്ടാണ് എന്ന കാര്യം ശ്രദ്ധേയമാണ്.

സാഹചര്യത്തിന്റെ സമ്മർദമനുസരിച്ച് അനാഥകളിൽ നിന്ന് ഒന്നോ അതിലധികമോ സ്ത്രീകളെ വിവാഹം കഴിച്ച് അവരെ ഭാര്യാ പദവി നൽകി ആദരിക്കുകയും ഉത്തരവാദിത്വത്തോടെയുള്ള ദാമ്പത്യ ജീവിതം നയിക്കുകയും ചെയ്യുമ്പോൾ അവരുടെ താൽപര്യങ്ങൾ വളരെ നന്നായി സംരക്ഷിക്കപ്പെടുന്നു. അനാഥകളെ വിവാഹം കഴിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്.

1. അനാഥകളുടെ ഒരു സംരക്ഷകന് അയാളുടെ സംരക്ഷണത്തിന് കീഴിൽ നിരവധി സ്ത്രീകളായ അനാഥകളുണ്ടെങ്കിൽ പ്രലോഭനങ്ങൾക്ക് അടിമപ്പെടുമോ എന്ന ഭയത്താലും പാപത്തിൽ നിന്ന് രക്ഷനേടാനുമായി അയാൾക്ക് അയാളുടെ അധീനതയിലുള്ള അനാഥകളിൽ നിന്ന് വിവാഹം കഴിക്കാവുന്നതാണ്. പക്ഷേ ദുർബലരായ അവരുടെ അവകാശങ്ങളും താൽപര്യങ്ങളും ഒരിക്കലും ഹനിക്കപ്പെടാൻ പാടില്ല.

2. വിവാഹിതനായ ഒരാളുടെ ഭാര്യ തന്റെ കീഴിലുള്ള അനാഥയോട് നല്ല നിലയിൽ പെരുമാറുന്നില്ലെങ്കിൽ അയാൾക്ക് അവളെ വിവാഹം കഴിക്കാവുന്നതാണ്. ആ വിട്ടിൽ അവൾക്ക് ഭാര്യ പദവി ലഭിക്കുകയും നല്ലനിലയിൽ കഴിയുകയും ചെയ്യാം.

3. റസൂൽ തിരുമേനി(സ)യുടെ ഒരു പ്രധാന സഹാബിയായിരുന്ന ജാബിർ (റ) മദ്ധ്യവയസ്കയായ ഒരു വിധവയെ വിവാഹം കഴിക്കുകയുണ്ടായി. റസൂൽ തിരുമേനി(സ) അദ്ദേഹത്തോട് എന്തുകൊണ്ട് താങ്കൾ ഒരു യുവതിയെ വിവാഹം കഴിച്ചില്ല എന്ന് ചോദിക്കുകയുണ്ടായി. ജാബിർ(റ) മറുപടി പറഞ്ഞു: ഞാൻ അങ്ങനെ ചെയ്യാനുള്ള കാരണം എന്റെ പിതാവ് മരണമടയുമ്പോൾ എന്റെ അനാഥയായ സഹോദരിമാരെയും സഹോദന്മാരെയും പോറ്റി വളർത്തിയത് എന്റെ ഇപ്പോഴത്തെ ഭാര്യയായിരുന്നു. റസൂൽ തിരുമേനി(സ) ജാബിർ (റ)വിന്റെ ഈ പ്രവർത്തിയിൽ വളരെ സന്തോഷം പ്രകടിപ്പിക്കുകയും അദ്ദേഹത്തിന് വേണ്ടി പ്രാർഥിക്കുകയും ചെയ്തു. (ബുഖാരി)

4. ഒരാൾ തന്റെ ചുമതലയിൽ അനാഥ പെൺകുട്ടികൾ വന്നുചേർന്നാൽ അവർ അപരിചിതരായത് കാരണം അയാൾക്ക് അവരെ ദയാപൂർവം പരിചരിക്കാൻ സാദ്ധ്യമാകുമോ എന്ന് ഭയപ്പെടുന്നുവെങ്കിൽ അവരെ വിവാഹം ചെയ്തുകൊണ്ട് അവരുമായി അയാൾക്ക് നേരിട്ട് ബന്ധം സ്ഥാപിക്കാം. അവർക്ക് മാന്യവും ആദരണീയവുമായ ഒരു ജീവിതം സമ്മാനിക്കുകയും ചെയ്യാം.

5. അപ്രകാരം ഒരാൾ തന്റെ കീഴിൽ ധാരാളം അനാഥ പെൺകുട്ടികളെ പരിപാലിക്കേണ്ടി വരികയും അവരെ വിവാഹം ചെയ്യാതെ അവരോട് നീതി പുലർത്താൻ കഴിയില്ല എന്ന് ബോദ്ധ്യപ്പെടുകയും ചെയ്താൽ അയാൾക്ക് അവരെ വിവാഹം കഴിച്ച് നല്ല ജീവിതം നൽകാം. പക്ഷേ നാല് വരെ അനാഥകളെ വിവാഹം കഴിക്കാൻ മാത്രമേ അനുവാദമുള്ളൂ. അങ്ങനെ വിവാഹം കഴിക്കുന്ന ആളിൽ നിന്ന് അവരുടെ അവകാശം ഹനിക്കപ്പെടുകയാണെങ്കിൽ അത്തരക്കാർക്ക് അനാഥപെൺകുട്ടിയെ വിവാഹം ചെയ്ത് കൊടുക്കുന്നത് നിരോധിച്ചിരിക്കുന്നു. (ഇസ്ലാം അനാഥയുടെ രക്ഷകർത്താവിനെ യഥാർഥ പിതാവായോ നിയമപരമായ പിതാവായോ അംഗീകരിക്കില്ല. അതിനാൽ അനുയോജ്യനാണെങ്കിൽ അവരുടെ രക്ഷകർത്താക്കൾക്ക് അവരെ വിവാഹം ചെയ്യാവുന്നതാണ്.)

രണ്ടാം ഖലീഫ ഹദ്റത്ത് ഉമർ സമ്പന്നയോ സുന്ദരിയോ ആയ അനാഥ പെൺകുട്ടിയെ അവരുടെ രക്ഷാകർത്താക്കളെ കൊണ്ട് വിവാഹം ചെയ്യാൻ അനുവദിച്ചിരുന്നില്ല. അവർക്ക് കൂടുതൽ അനുയോജ്യരായ മറ്റു ഭർത്താക്കന്മാരെ ലഭിക്കാൻ ശ്രമിക്കുകയും അതിന് നിർബന്ധിക്കുകയും ചെയ്യുമായിരുന്നു. അതേ സമയം അത്രയധികം സൗന്ദര്യമോ സമ്പന്നയോ അല്ലാത്ത സ്ത്രീകളെ അവരുടെ രക്ഷകർത്താവിനോട് തന്നെ വിവാഹം ചെയ്യാൻ ശുപാർശ ചെയ്യുമായിരുന്നു. കാരണം അവരെ നന്നായറിയാവുന്നയാൾ എന്ന നിലക്ക് ആ അനാഥ സ്ത്രീക്ക് കൂടുതൽ പരിരക്ഷ നൽകുകയും ദയാപൂർവം അവരോട് പെരുമാറുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്. ബഹുഭാര്യാത്വം ഈ ലേഖനത്തിന്റെ പരിധിയിൽ ഉൾക്കൊള്ളാൻ കഴിയാത്ത വളരെ വിശാലമായ ഒരു വിഷയമാണ്. വിശുദ്ധ ഖുർആനിലെ മറ്റു ചില വചനങ്ങളുടെ ആശയം നമുക്ക് പരിശോധിക്കാം.

ചില മുസ്ലിംകൾ അവരുടെ അധീനതയിലുള്ള അനാഥകൾ തങ്ങൾക്ക് അവകാശപ്പെട്ട പണം അവർ ആവശ്യപ്പെടുമ്പോൾ നൽകുന്നു. രക്ഷിതാക്കളുടെ കടമ നിറവേറ്റലായി അവരതിനെ കരുതുന്നു. എന്നാൽ വിശുദ്ധ ഖുർആൻ അത്തരത്തിൽ അയഞ്ഞ രീതിയിൽ അവർക്ക് പണം നൽകുന്നതിനെതിരെ രക്ഷിതാക്കളെ താക്കീത് ചെയ്യുന്നു. കാരണം അനാഥകൾ കൗമാരക്കാരോ ബാല്യ പ്രായത്തിലുള്ളവരോ ആണെങ്കിൽ അവർ തങ്ങളുടെ ധനം വൃഥാ വ്യയം ചെയ്യുകയും അവരുടെ സ്വഭാവം അതുവഴി ദുഷിക്കുകയും ചെയ്യും. ഈ ഉപദേശം ദുർബലരും കാര്യശേഷിയില്ലാത്തതുമായ എല്ലാ കുട്ടികൾക്കും ബാധകമാണ്. ഈ വചനം ഒരു രാഷ്ട്രവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുകയാണെങ്കിൽ പക്വത വരാത്ത അനാഥകളുടെ സ്വത്തിന് സംരക്ഷണം നൽകാൻ ആ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്ന കോടതികളും സ്ഥാപനങ്ങളും രാജ്യത്ത് സ്ഥാപിക്കണം. അനാഥകളുടെ എല്ലാ കാര്യങ്ങൾക്കും മറ്റൊരാളുടെ സാക്ഷ്യം വ്യവസ്ഥ ചെയ്യുന്നത് അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും എല്ലാ ദുരുപയോഗങ്ങളിൽ

നിന്നും തെറ്റിദ്ധാരണകളിൽ നിന്നും ദുർവ്യയങ്ങളിൽ നിന്നും സംരക്ഷണം നൽകാനും സഹായകമാണ്.

അടുത്ത ബന്ധുവല്ലാത്ത അനാഥർക്ക് നിയമപരമായി പിന്തുടർച്ചാവകാശം നൽകിയിട്ടില്ലെങ്കിലും എല്ലാ സത്യവിശ്വാസികളായ മുസ്‌ലിംകളോടും അവരുടെ സ്വത്തിന് ഒസ്യത്ത് എഴുതുമ്പോൾ സ്വത്തിൽ നിന്ന് ഒരു ഭാഗം നിയമപരമായി അവകാശമില്ലാത്ത അനാഥർക്കും പാവങ്ങൾക്കും അകന്ന ബന്ധുക്കൾക്കുമായി നീക്കി വെക്കണമെന്ന് ഖുർആൻ ഉപദേശിക്കുന്നു. വസിയത്ത് ചെയ്യുന്ന ആൾ തന്റെ സ്വത്തിന്റെ മൂന്നിൽ ഒരു ഭാഗത്തിലധികം അനന്തരാവകാശികളല്ലാത്തവർക്കായി വസിയത്ത്ചെയ്യാനും പാടുള്ളതല്ല. (ബുഖാരി അധ്യാ. വസിയത്ത്)

സംരക്ഷണം ലഭിക്കാത്ത ദരിദ്രനായ അനാഥർക്ക് സക്കാത്ത് ഫണ്ടിൽ നിന്ന് പണം ആവശ്യപ്പെടാവുന്നതാണ്. അനാഥകളെ സംരക്ഷിക്കാൻ ഇസ്‌ലാം എല്ലാ മുസ്‌ലികളെയും ബാദ്ധ്യതപ്പെടുത്തിയിരിക്കുന്നു. മനുഷ്യത്വപരമായ ഈ ശ്രേഷ്ഠ പ്രവൃത്തിയിൽ നിന്ന് അതിന്റെ നന്മ ലഭിക്കുന്നു. റസൂൽ (സ) തിരുമേനിക്ക് ഇക്കാര്യത്തിലുള്ള ഉറച്ച പ്രതിബദ്ധത വ്യക്തമാണ്.

## റസൂൽ തിരുമേനി(സ)യും അനാഥരും

റസൂൽ(സ)തിരുമേനി ജീവിതത്തിലുടനീളം ഏത് കഠിനമായ വിപദ് ഘട്ടത്തിലും സഹനശീലനായിരുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ അവിടുന്ന് ഒരിക്കലും തളർന്നു പോയിട്ടില്ല. അവിടന്ന് ഏതെങ്കിലും വ്യക്തിപരമായ ആഗ്രഹത്തിന് വശംവദനാകുമായിരുന്നില്ല. അവിടത്തെ പിതാവ് ജനനത്തിന് മുമ്പ്തന്നെ ദിവംഗതതനാകുകയുണ്ടായി. എട്ടു വയസ്സായ ഒരു ബാലനായിരിക്കുമ്പോഴാണ് മാതാവിന്റെ വിയോഗമുണ്ടായത്. അവിടന്ന് തന്റെ പിതാമഹന്റെ സംരക്ഷണയിലാണ് വളർന്നത്. പിതാമഹന്റെ മരണത്തിന് ശേഷം അമ്മാവൻ അബൂതാലിബിന്റെ സംരക്ഷണത്തിലായിരുന്നു. പിതാവിന്റെ അഭാവത്തിൽ അവിടുത്തോട് പ്രകൃത്യാതന്നെ അതീവ വാത്സല്യമായിരുന്നു അവർ രണ്ടു രക്ഷകർത്താക്കളും ആ അനാഥ ബാലനോടു പുലർത്തിയിരുന്നത്. അവരുടെ ശിക്ഷണത്തിലായിരുന്നു അവിടന്ന് വളർന്നത്. തന്റെ കൊച്ച് അനന്തരവനെ സദാസമയവും അതീവ ശ്രദ്ധയോടെയും പരിലാളനയോടെയുമായിരുന്നു അബൂതാലിബ് വളർത്തിയത്. പക്ഷേ അബൂത്താലിബിന്റെ ഭാര്യക്ക് അത്രകണ്ട് താൽപര്യം അവിടത്തോട് ഉണ്ടായിരുന്നില്ല. ചിലപ്പോൾ തന്റെ ഭർത്താവിന്റെ കൊച്ചനന്തരവന് നൽകാതെ ചില സാധനങ്ങൾ അവരുടെ മക്കൾക്ക് മാത്രമായി വിതരണം ചെയ്യുമായിരുന്നു. ഇത്തരം അവസരത്തിൽ അബൂത്താലിബ് വീട്ടിലേക്ക് വരുമ്പോൾ തന്റെ കൊച്ചനന്തരവൻ ഏകാന്തതയിൽ ഒറ്റക്കിരിക്കുന്നതായി കാണാറുണ്ട്. അപ്പോൾ ആ അനാഥ ബാലൻ യാതൊരു വിധ പരാതിയോ പരിഭവമോ പറഞ്ഞിരുന്നില്ല. അവിടത്തെ വദനത്തിൽ അണു അളവ് സങ്കടഭാവമോ മ്ലാനതയോ കാണുമായിരുന്നില്ല. ഉന്നതമായ കുലീന ഭാവമായിരുന്നു ആ കുഞ്ഞുബാലനിൽ അപ്പോഴും കളിയാടിയിരുന്നത്. തന്നിലർപ്പിതമായ ഉത്തരവാദിത്വത്തിന്റെ തിരിച്ചറിവിനാൽ സ്നേഹാതിരേകത്താൽ പ്രചോദിതനായി അബൂത്താലിബ് തന്റെ സഹോദരിപുത്രന്റെ അടുക്കലേക്ക് ഓടിച്ചെന്ന് മാറോടണച്ച് ചേർത്ത് ഉറക്കെ പറയും 'എന്റെ ഈ കുഞ്ഞിനെയും കൂടി ശ്രദ്ധിക്കുക.' ഇത്തരം സന്ദർഭങ്ങൾ പതിവായിരുന്നു. പക്ഷേ അവരുടെ ഇത്തരം ചെയ്തികൾ ഒരിക്കലും കൊച്ചു മുഹമ്മദിനെ യാതൊരു വിധത്തിലും ബാധിച്ചിരുന്നില്ല. താൻ അവഗണിക്കപ്പെടുന്നതിന്റെ യാതൊരു സൂചനയും അദ്ദേഹത്തിന്റെ പെരുമാറ്റത്തിലുമുണ്ടായിരുന്നില്ല എന്ന് അവരെല്ലം ഒരുപോലെ സാക്ഷ്യം വഹിക്കുന്നു. തന്റെ മച്ചുനന്മാരോട് ഒരു വിധത്തിലുള്ള പരിഭവവും അവിടന്ന് വെച്ച് പുലർത്തിയില്ല. പിൽക്കാലത്ത് അവിടന്ന് തന്റെ അമ്മാവന്റെ മക്കളായ അലിയേയും ജാഫറിനേയും വളർത്തി വലുതാക്കി തന്റെ കടമ ഏറ്റവും ഉത്തമമായ രീതിയിൽ അദ്ദേഹം തിരിച്ചു നൽകി.

ജീവിതത്തിലുടനീളം റസൂൽ തിരുമേനി(സ) കടുത്ത അഗ്നി പരീക്ഷണങ്ങളെയായിരുന്നു നേരിട്ടത്. അവിടന്ന് ഒരു അനാഥനായിട്ടായിരുന്നു ജനിച്ചത്. നന്നേ ചെറുപ്രായത്തിൽ മാതാവ് ദിവംഗതയായി. എട്ടു വയസ്സായപ്പോൾ പിതാമഹനും മരിച്ചു. വിവാഹത്തിന് ശേഷം ഒന്നിന് പിറകെ ഒന്നായി അവിടത്തെ സന്താനങ്ങളും വേർപിരിഞ്ഞു. പിന്നീട് അവിടത്തെ പ്രിയങ്കരിയായ പത്നി ഖദീജ(റ) അന്തരിച്ചു. ഖദീജയുടെ വേർപാടിന് ശേഷം അവിടന്ന് വിവാഹം കഴിച്ച ചില പത്നിമാരും തന്റെ ജീവിതകാലത്തും കാലഗതി പ്രാപിച്ചു. അവസാനകാലത്ത് ജനിച്ച മകൻ ഇബ്റാഹിം മരണപ്പെട്ടു. ഈ മഹാദുരന്തങ്ങളെല്ലാം അചഞ്ചലനും പ്രസന്നവദനനുമായി അദ്ദേഹം സഹിച്ചു. അദ്ദേഹത്തിന്റെ സൗശീലമാർന്ന സഹജഗുണത്തിന് അണുമണി തുക്കം ഗ്ലാനിയുണ്ടായില്ല. അവിടത്തെ സ്വകാര്യ ദുഃഖങ്ങളൊന്നും തന്നെ വെളിയിൽ കാണിച്ചില്ല. എപ്പോഴും പ്രസന്ന വദനനായി അവിടന്ന് കാണപ്പെടുകയും എല്ലാവരോടും ഒരുപോലെ പെരുമാറുകയും ചെയ്തു. ഒരിക്കൽ തന്റെ കുഞ്ഞ് മരിച്ച ഒരു സ്ത്രീയെ അവിടന്ന് കണ്ടുമുട്ടുകയുണ്ടായി. കുഞ്ഞിന്റെ കബറിടത്തിൽ ആ സ്ത്രീ അലമുറയിട്ട് കരയുന്നുണ്ടായിരുന്നു. അവിടന്ന് ആ സ്ത്രീയെ ദൈവത്തിന്റെ വിധി അംഗീകരിക്കാനും സഹനം കൈകൊള്ളാനും ഉപദേശിച്ചു. തന്നെ ഉപദേശിച്ച ആ

ശേഷം പേജ് 38 ൽ

ഭാഗം - 17

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

### മസ്അബ് ബിൻ ഉമൈർ ശുഹദാക്കളോടൊപ്പം ചേർന്നു

മുസ്ലീം സൈന്യത്തിന്റെ പതാക ഏന്തിയിരുന്നത് മസ്അബ് ബിൻ ഉമൈർ എന്ന ധീരനും വളരെ സാത്വികനുമായ ഒരു ചെറുപ്പക്കാരനായിരുന്നു എന്ന് ഞാൻ പറഞ്ഞുവല്ലോ? ഉമ്മയെ അങ്ങേയറ്റം സ്നേഹിച്ചിരുന്ന ഉമ്മാന്റെ പൊന്നുമോനായിരുന്നു അവൻ. ഇസ്ലാം മതം സ്വീകരിച്ച മകനെ പിന്തിരിപ്പിക്കുവാനായി, ഇസ്ലാമിന്റെ കഠിന വിരോധിയായിരുന്ന അദ്ദേഹത്തിന്റെ മാതാവ്, നീ ഇസ്ലാം ഉപേക്ഷിക്കുന്നത് വരെ ഞാൻ ഭക്ഷണം കഴിക്കുകയില്ല എന്ന് മകനോട് പറഞ്ഞു. അങ്ങനെ പറഞ്ഞാൽ മകൻ പിന്തിരിയുമെന്നാണ് ഉമ്മ ധരിച്ചത്. പക്ഷെ ഇസ്ലാമിനോടും റസൂൽ(സ) തിരുമേനിയോടും അങ്ങേയറ്റം സ്നേഹവും ആത്മാർഥതയും കാണിക്കുന്ന ആ മകൻ, വളരെ വിഷമത്തോടെയാണെങ്കിലും അർഥ ശങ്കക്കിടയില്ലാത്ത വിധം ഉമ്മയോട് പറഞ്ഞു, എന്റെ ഉമ്മാക്ക് ആയിരം ജീവൻ ലഭിക്കുകയും അതു ഓരോന്നായി ഉമ്മാനെ വിട്ട് പിരിയുകയാണെങ്കിൽ പോലും, ഇസ്ലാമിനേയും എന്റെ ഏറ്റവും പ്രിയപ്പെട്ട റസൂൽ തിരുമേനിയേയും വിട്ട് എനിക്ക് മറ്റൊരു ജീവിതം ഉണ്ടാവുകയില്ല. അപ്പോൾ ആ ഉമ്മാക്ക് മകന്റെ നിശ്ചയദാർഢ്യം മനസ്സിലായി. ഇന്ന് ആ മകൻ ഇസ്ലാമിന് വേണ്ടി ജീവത്യാഗം ചെയ്യാൻ ഉഹ്ദിൽ വന്നിരിക്കുകയാണ്. ഇവിടെ ഉമ്മ മുസ്ലിമീങ്ങൾക്കെതിരിൽ ശത്രുക്കളിൽ യുദ്ധാവേശം ജനിപ്പിക്കാൻ പാട്ടുപാടുകയാണ്.

പതാക ഏന്തിയിരുന്ന മസ്അബ് ബിൻ ഉമൈറിനെ ഒരു ശത്രുവെട്ടി. കൈ ഛേദിക്കപ്പെട്ടു. പതാക താഴെ വീണു. ധീരനായ മസ്അബ് മറ്റേ കൈകൊണ്ട് വീണ പതാക പൊക്കി എടുത്തുവെങ്കിലും മസ്അബിന്റെ ആ കൈയും വെട്ടിമാറ്റി. ഒരിക്കലും തല കുനിക്കാത്ത ഇസ്ലാമിന്റെ ആ ധീരയുവാവ് ഛേദിക്കപ്പെട്ട കരങ്ങളിൽ നിന്നു ചീറ്റുന്ന രക്തം വകവെക്കാതെ കൈയുടെ ബാക്കി ഭാഗം കൊണ്ട് നിലത്തു വീണ പതാക എടുത്തു നെഞ്ചോടു ചേർത്തുപിടിച്ചുവെങ്കിലും ശത്രുവിന്റെ അടുത്ത വെട്ടോടെ മസ്അബ് ബിൻ ഉമൈർ എന്നെന്നേക്കുമായി വീരമൃത്യു വരിച്ചു. മസ്അബ് ബിൻ ഉമൈറിനെക്കുറിച്ചു ഞാൻ മുൻപ് പറഞ്ഞതു നിങ്ങൾക്കു ഓർമ ഉണ്ടായിരിക്കാം. ഏറ്റവും ആദ്യത്തെ മുഹാജിറായിരുന്നു അദ്ദേഹം. റസൂലുല്ലായുടെ നിർദേശപ്രകാരം നവമുസ്ലീങ്ങൾക്ക് ദീൻ പഠിപ്പിക്കുവാനും തബ്ലീഗിനുമായി മക്കയിൽ നിന്ന് മദീനയിലേക്ക് പോയ ഒന്നാമത്തെ മുസ്ലിമാണദ്ദേഹം. വളരെ ഉയർന്ന സാമ്പത്തിക ശേഷിയുള്ള ഒരു കുടുംബത്തിലെ അംഗം. ഇസ്ലാം സ്വീകരിക്കുന്നതു വരെ ആഡംബരത്തിലും സുഖലോലുപതയിലും കഴിഞ്ഞിരുന്ന അദ്ദേഹം വിലകൂടിയ വസ്ത്രങ്ങൾ മാത്രമായിരുന്നു അണിഞ്ഞിരുന്നത്. വിഭവസമൃദ്ധമായ ഭക്ഷണമായിരുന്നു കഴിച്ചിരുന്നത്. ഇസ്ലാം സ്വീകരിച്ചതോടുകൂടി അദ്ദേഹം ദരിദ്രനിൽ ദരിദ്രനും പാവപെട്ടവനിൽ പാവപെട്ടവനുമായി മാറി. ഒരിക്കൽ മസ്അബ് ബിൻ ഉമൈറിന്റെ കീറി പഴകിയ വസ്ത്രത്തിൽ പലസ്ഥലങ്ങളിൽ കഷണം തുണി തുന്നി പിടിപ്പിച്ചത് അല്ലാഹുവിന്റെ റസൂൽ കാണുവാനിടയായി. ആ അവസരത്തിൽ മസ്അബിന്റെ ഐശ്വര്യ പൂർണമായ ആദ്യകാല ജീവിതം ഓർത്തു തിരുമേനിയുടെ കണ്ണുകൾ നിറഞ്ഞു. ഇന്ന് വീരചരമം പ്രാപിച്ച ഇസ്ലാമിന്റെ ഈ വില്ലാളി വീരനെ പുതപ്പിക്കാൻ മതിയായ തുണി പോലും (കഫൻ) മുസ്ലിമീങ്ങളുടെ പക്കൽ ലഭ്യമല്ലായിരുന്നു. മുഖം മറച്ചാൽ കാൽ പുറത്താകും, കാൽ മൂടിയാൽ മുഖം വെളിവാകും. അത്തരത്തിലുള്ള ഒരു ചെറിയ തുണി മാത്രമാണുള്ളത്. റസൂൽ തിരുമേനിയുടെ നിർദ്ദേശ പ്രകാരം തുണികൊണ്ട് മുഖം മറച്ചു കാലിന്റെ ഭാഗം പുല്ലിട്ട് മൂടി.

### ഹംസ ബിൻ അബ്ദിൽ മുത്തലിബും നിത്യജീവിതം നേടി

അല്ലാഹുവിന്റെ ഗർജിക്കുന്ന സിംഹമായ ഹംസ ബിൻ അബ്ദിൽ മുത്തലിബും ശുഹദാക്കളൊടൊപ്പം ചേർന്നു. ബദർ യുദ്ധത്തിൽ ഹംസയുടെ കൈകളാൽ ഖുറൈശി ഗോത്ര നേതാക്കളിൽ ചിലർ വധിക്കപ്പെട്ടിട്ടുണ്ടായിരുന്നു. അവരുടെ ബന്ധുക്കളിൽ ചിലർ ഈ യുദ്ധത്തിൽ ഹംസയെ വധിക്കുവാനായി തന്നെ ഒരുങ്ങി വന്നിട്ടുണ്ട്.

ത്വഗീമ ബിൻ അദി, ബദറിൽ ഹംസയുടെ വാളിനിരയായവരിൽ ഒരാളാണ്. അയാളുടെ ബന്ധുക്കൾ, ഹംസയെ വധിക്കുകയാണെങ്കിൽ നിന്നെ മോചിപ്പിക്കുന്നതായിരിക്കുമെന്ന വാഗ്ദാനത്തോടെ വഹശി എന്നു പേരുള്ള തങ്ങളുടെ നീഗ്രോ അടിമയേയും കൂടെ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ചാട്ടുളി എറിഞ്ഞു ശത്രുവിനെ നിഗ്രഹിക്കുന്നതിൽ അതീവ നിപുണനായ അവൻ, യജമാനന്മാർ നൽകിയ പ്രലോഭനം കാരണം ഹംസയെ കൊല്ലുന്നതിനുള്ള അവസരത്തിനായി ഒളിഞ്ഞും പാത്തും നടന്നു. ഒരു വേള ശത്രുക്കൾ നാലു ഭാഗത്ത് നിന്ന് ആഞ്ഞടിച്ചപ്പോൾ ഹംസയുടെ കാലിടറി. ഹംസ വീണു. ആ തക്കം നോക്കി അടുത്തു തന്നെ ഒളിഞ്ഞിരിപ്പുണ്ടായിരുന്ന വഹശി, ഹംസയെ ലക്ഷ്യം വെച്ചു തന്റെ ചാട്ടുളി തൊടുത്തു വിട്ടു. അതു കൃത്യമായി തന്നെ ഹംസയുടെ പൊക്കിളിന് താഴെ തുളച്ചു കയറുകയും ശരീരത്തിന്റെ പുറം ഭാഗത്തു കൂടി പുറത്ത് കടക്കുകയും ചെയ്തു. അതിദാരുണമായി മുറിവേറ്റ ഹംസ ആദ്യം എഴുന്നേറ്റു നിന്നു അവനെ നേരിടാൻ ശ്രമിച്ചെങ്കിലും അവിടെ തന്നെ വീഴുകയും വീരചരമം പ്രാപിക്കുകയും ചെയ്തു.

ഹംസയോട് പലർക്കും അടക്കാനാവാത്ത പകയുണ്ടായിരുന്നു. അബുസുഫിയാന്റെ ഭാര്യ ഹിന്ദ, ബദറിൽ തന്റെ പിതാവ് ഉത്ബാ ബിൻ റബീഅയെ വധിച്ചവന്റെ കരളെടുത്തു ചവക്കുമെന്ന് ശപഥം ചെയ്തിട്ടുണ്ടായിരുന്നു. ഹംസയായിരുന്നു അവളുടെ പിതാവിനെ കൊന്നത്. ഹംസയുടെ മരണ വാർത്തയറിഞ്ഞ് അവൾ, ഹിന്ദ, ഓടിവന്നു. തന്റെ ശപഥം പൂർത്തിയാക്കാൻ. പിന്നീട് ഹംസയുടെ ഭൗതീകശരീരത്തോട് അവൾ കാണിച്ച അനാദരവ് എതു ശിലാഹൃദയനേയും കരയിക്കുന്നതായിരുന്നു. അവൾ ഹംസയുടെ നെഞ്ച് വെട്ടിപ്പൊളിച്ചു, കരളെടുത്തു ചവച്ചു ചവച്ചു തുപ്പി. അങ്ങനെ അവൾ തന്റെ പിതാവിനെ വധിച്ചവനോടുള്ള ദ്വേഷ്യവും ശപഥവും പൂർത്തിയാക്കി. ശേഷം മൂക്കും ചെവിയും അരിഞ്ഞെടുത്തു കൊണ്ട് 'മുസ്‌ലാ' എന്ന പ്രാകൃത നടപടിക്ക് മൃതദേഹത്തെ വിധേയമാക്കി. അല്ലാഹുവിന്റെ റസൂൽ വിവരമറിഞ്ഞ് ഹംസയുടെ മൃതദേഹത്തിനരികിൽ ഓടി വന്നു. ഹംസയുടെ മൃതദേഹത്തോട് കാണിച്ച ക്രൂരത കണ്ട് തിരുറസൂലിന്റെ ഹൃദയം വിങ്ങി. കണ്ണുനീർ ധാരധാരയായി ഒഴുകാൻ തുടങ്ങി. അൽപ നേരത്തെ മൗനത്തിന് ശേഷം, പറഞ്ഞു ഓ, ഹംസ. അങ്ങയുടെ വേർപാടിലൂടെ എന്റെ മനസ്സിനേറ്റ മുറിവിന് സമാനമായത് എനിക്ക് മുമ്പുണ്ടായിട്ടില്ല. ഇതു പോലുള്ള ഹൃദയഭേദകമായ കാഴ്ചയും മുമ്പ് എനിക്ക് കാണേണ്ടിവന്നിട്ടില്ല. അങ്ങ് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും സിംഹമാണെന്ന് ഏഴാം ആകാശത്തിൽ എഴുതിവെച്ചിട്ടുള്ളതായി ജിബ്‌രീൽ എന്നെ അറിയിക്കുകയുണ്ടായി. അങ്ങയുടെ മേൽ അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും സമാധാനവും എന്നും വർഷിക്കുമാറാകട്ടെ. അങ്ങ് അന്ത്യനാളിൽ ശുഹദാക്കളുടെ നേതാവായിരിക്കും. പിന്നീട് മലക്കുകൾ ഹംസയെ കുളിപ്പിക്കുന്നത് കണ്ടതായി റസൂൽ തിരുമേനി ഞങ്ങളോട് പറഞ്ഞു. തന്റെ സഹോദരന്റെ മൃതദേഹം കാണുവാനായി ഹംസയുടെ സഹോദരി സഫിയ യുദ്ധമൈതാനത്തു ഓടിക്കിതച്ചു വന്നു. പക്ഷേ ഒരു സഹോദരിക്കു കാണുവാൻ പറ്റുന്ന അവസ്ഥയിലായിരുന്നില്ല സഹോദരന്റെ മൃതദേഹം. അതുകൊണ്ട് അവളെ തടയാൻ റസൂൽ തിരുമേനി കൽപിച്ചു. ഞങ്ങൾ അവളെ തടഞ്ഞു. അവൾ സമ്മതിച്ചില്ല. മാറി നിൽക്കൂ എന്റെ വഴിയിൽ നിന്ന്. ഇന്നെന്നെ ആരും തടയരുതെന്നവൾ ആക്രോശിച്ചു. ഇതു റസൂൽ തിരുമേനിയുടെ കൽപനയാണെന്നു പറയപ്പെട്ടപ്പോൾ, അവൾ അവിടെ നിന്നു. പിന്നെ തിരിച്ചു നടന്നു. അവൾ തന്റെ സഹോദരനു വേണ്ടി രണ്ട് തുണികൾ (കഫൻ) കൊണ്ടുവന്നിരുന്നു. അതിലൊന്നു ഹംസയുടെ അടുത്തു തന്നെ ഉണ്ടായിരുന്ന മറ്റൊരു മൃതദേഹത്തെ കൂടി പുതപ്പിക്കാമെന്നു കരുതി നോക്കിയപ്പോൾ ഒന്നു ചെറുതും മറ്റൊന്നു വലുതുമായിരുന്നു. അതുകൊണ്ട് ഞങ്ങൾ നറുക്കിട്ടു. ഹംസക്കു ചെറുതും മറ്റെ ആൾക്കു വലുതും നറുക്കു വീണു. അവസാനം റസൂൽ തിരുമേനിയുടെ നിർദേശ പ്രകാരം മസ്അബ് ബിൻ ഉമൈറിന്റെ കാര്യത്തിൽ ചെയ്തതു പോലെ തുണികൊണ്ട് മുഖം മറച്ചു കാലിന്റെ ഭാഗം പുല്ലിട്ട് മൂടി.

ഇപ്പോൾ യുദ്ധത്തിന്റെ ശക്തി കുറഞ്ഞിട്ടുണ്ട്. ശത്രുക്കൾ മെല്ലെ മെല്ലെ യുദ്ധക്കളം വിട്ട് പോയിത്തുടങ്ങി. റസൂൽതിരുമേനിയും യുദ്ധമൈതാനത്തിറങ്ങി. എഴുപതോളം മുസ്‌ലീങ്ങൾ ശത്രുക്കളുടെ കൈകളാൽ ശഹീദാക്കപ്പെട്ടിട്ടുണ്ട്. അതിദാരുണമായി മുറിവേറ്റവരും വളരെ കൂടുതലാണ്. മുറിവേറ്റവരെ പരിചരിക്കുകയും മുറിവിൽ മരുന്ന് വെച്ച് കെട്ടുകയും ചെയ്യുന്ന അവസരത്തിൽ ശത്രുക്കൾ, മുസ്‌ലീം ശുഹദാക്കളുടെ മൃതദേഹങ്ങളെ 'മുസ്‌ല' ചെയ്യുകയായിരുന്നു. അവർ മരിച്ചവരുടെ മൂക്കും ചെവിയും അരിഞ്ഞെടുത്തു ചരടിൽ കോർത്തു മാല ഉണ്ടാക്കി അണിഞ്ഞു. മൃതദേഹങ്ങളെ വികൃതമാക്കി. ഈ കാഴ്ച്ച കണ്ട് റസൂൽ കരീം (സ) ന്റെ മുഖം മനോവേദനയും ദ്വേഷ്യവും കൊണ്ട് വിവർണമായി. മുസ്‌ലീം സഹോദരങ്ങളുടെ മൃതദേഹങ്ങളോട് ശത്രുക്കൾ കാണിച്ച ക്രൂരത വിവരണാതീതമായിരുന്നു. പല സഹോദരന്മാരേയും കണ്ടെത്താനായില്ല. അവരെ യുദ്ധഭൂമിയിൽ അന്വേഷിച്ച് നടക്കുകയാണ്.

### സഅദ് ബിൻ റബീഅ് വീരചരമം പ്രാപിച്ചു

പെട്ടെന്നാണ് റസൂൽ തിരുമേനി (സ) അൻസ്വാറുകളുടെ

നേതാവായ സഅദ് ബിൻ റബീഅ് നെ ഓർത്തത്. അദ്ദേഹത്തെ ചെന്ന് അന്വേഷിക്കാൻ റസൂലുല്ലാഹ് നിർദേശിച്ചു. സഅദ് ജീവിച്ചിരിപ്പുണ്ടോ? അതോ അദ്ദേഹവും ശുഹദാക്കളോടൊപ്പം ചേർന്ന് കഴിഞ്ഞോ? കാരണം അതിഭയങ്കരമായ യുദ്ധം നടക്കുന്ന അവസരത്തിൽ ശത്രുക്കൾ അദ്ദേഹത്തെ വളഞ്ഞിട്ടുണ്ടായിരുന്നു. അബീയ്യ് ബിൻ കഅബ് യുദ്ധ മൈതാനത്തേക്കോടി. പല ഭാഗവും അന്വേഷിച്ചു. സഅദിനെ കണ്ടെത്താനായില്ല. കഅബ് ആകെ പരിഭ്രാന്തനായി. കഅബ്, സഅദിന്റെ പേരെടുത്ത് ആർത്ത് വിളിച്ച് യുദ്ധ മൈതാനത്തു ഓടി നടന്നു. എവിടെ നിന്നും ഒരു മറുപടിയും ലഭിച്ചില്ല. സഅദ് ബിൻ റബീഅയും വീരമൃത്യുവരിച്ചു കൊണ്ട് മറ്റ് ശുഹദാക്കളോടൊപ്പം അല്ലാഹുവിനെ പ്രാപിച്ചതായി അബീയ്യ് ബിൻ കഅബ് മനസ്സിലാക്കി. പക്ഷേ കഅബിന് പെട്ടെന്നൊരു കാര്യം ഓർമ വന്നു. റസൂൽ തിരുമേനിയുടെ പേരിൽ സഅദിനെ വിളിക്കുകയാണെങ്കിൽ സഅദിന്റെ ശരീരത്തിൽ ജീവന്റെ അംശം അൽപമെങ്കിലും ബാക്കിയുണ്ടെങ്കിൽ തീർച്ചയായും മറുപടി ലഭിച്ചേക്കുമെന്നു കഅബിന് തോന്നി. കഅബ്, സഅദിന്റെ പേരെടുത്തു വിളിച്ചു കൊണ്ട് പറഞ്ഞു ഓ, സഅദ് ബിൻ റബീഅ്; അല്ലാഹുവിന്റെ റസൂലാണ് എന്നെ താങ്കളുടെ അടുക്കലേക്കയച്ചത്. ഒന്നു പറയൂ, താങ്കളെവിടെയാണുള്ളത്. അല്ലാഹുവിന്റെ റസൂൽ താങ്കളെ അന്വേഷിക്കുന്നു. ആ ശബ്ദം, ജീവൻ അസ്തമിച്ചു കൊണ്ടിരുന്ന സഅദിന്റെ ശരീരത്തിൽ വൈദ്യുത തരംഗങ്ങൾ സൃഷ്ടിച്ചു. അല്പം അകലെ രക്തത്തിൽ കുളിച്ചു നിൽക്കുന്ന ഒരു കൂട്ടം ശവശരീരങ്ങൾക്കിടയിൽ അബീയ്യ് ബിൻ കഅബ് ഒരു അനക്കം കണ്ടു. കഅബ് അനക്കം കണ്ട ഭാഗത്തേക്കോടി. അവിടെ സഅദ് ബിൻ റബീഅ് ഉണ്ടായിരുന്നു. അതിദാരുണമായി മുറിവേറ്റ്, രക്തം വാർന്ന് ക്ഷീണിതനായി കിടപ്പുണ്ട് അദ്ദേഹം. വളരെ പതിഞ്ഞ സ്വരത്തിൽ വിക്കി വിക്കി അദ്ദേഹം ചോദിച്ചു, ആരാണ് എന്നെ വിളിച്ചന്വേഷിക്കുന്നത്. ഞാൻ ഇവിടെ ഉണ്ട്. സഅദ് അത്യാസന്ന നിലയിലാണുള്ളത്. അവസാന ശ്വാസം വലിക്കുകയാണ്. കഅബ് പറഞ്ഞു, താങ്കളെ കുറിച്ചന്വേഷി ക്കാൻ അല്ലാഹുവിന്റെ റസൂലാണ് എന്നെ അയച്ചത്. അപ്പോൾ സഅദ് പറഞ്ഞു, "റസൂൽ തിരുമേനിയോട് എന്റെ സലാം പറയണം. അല്ലാഹുവിന്റെ പ്രവാചകന്മാർക്ക് അവരുടെ അനുയായികളുടെ ആത്മാർഥമായ ത്യാഗങ്ങളാൽ നല്കപ്പെടുന്ന മന:സംതൃപ്തി ഏറ്റവും കൂടുതൽ റസൂലുല്ലാക്കു ലഭിച്ചതായി എന്റെ യജമാനനോടു പറയണം. ആ ത്യാഗങ്ങളാൽ അങ്ങയുടെ കണ്ണുകൾക്ക് എന്നും കുളിർമ ലഭിക്കുന്നതായിരിക്കുമെന്നും പറയണം. തുടർന്ന് പറഞ്ഞു, മുസ്‌ലീം സഹോദരങ്ങളോട് എന്റെ സലാം പറയണം. നിങ്ങളുടെ ശരീരത്തിൽ ജീവന്റെ തുടിപ്പുകൾ അല്പമെങ്കിലും ബാക്കി ഉണ്ടായിരിക്കുന്ന അവസ്ഥയിൽ, അല്ലാഹുവിന്റെ റസൂലിന് ചെറിയൊരു ബുദ്ധിമുട്ടുപോലും നേരിടുകയാണെങ്കിൽ, നാളെ അല്ലാഹുവിന്റെ മുമ്പിൽ നിങ്ങൾ ഉത്തരം പറയേണ്ടി വരുമെന്നും അവരെ ഓർമപ്പെടുത്തണം. അതോടെ സഅദ് ബിൻ റബീഅ് എന്ന ആ ത്യാഗിവര്യൻ അന്ത്യശ്വാസം വലിച്ചു. എന്തൊരാത്മാർഥ സ്നേഹം! ഇതാണ് അതിരുകളില്ലാത്ത, തുല്യതയില്ലാത്ത, ഉദാത്തമായ സ്നേഹം. അന്ത്യശ്വാസം വലിക്കുന്ന അവസരത്തിലും സ്വന്തം ഭാര്യാമക്കളെ, ബന്ധുമിത്രാദികളെ ഓർമയില്ല. പക്ഷേ അല്ലാഹുവിന്റെ റസൂലിനെ മറക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല.

## ജാബിർ ബിൻ അബ്ദുല്ലാഹ് യുടെ ദു:ഖവും റസൂലിന്റെ സാന്ത്വനവും

യുദ്ധം അവസാനിച്ചു. എല്ലാവരും മദീനയിലേക്ക് മടങ്ങി. അല്ലാഹുവിന്റെ റസൂൽ തിരിച്ചെത്തിയതിൽ മദീനയിലെ മുസ്ലീങ്ങൾ എല്ലാവരും അങ്ങേയറ്റം സന്തോഷിച്ചു. വലിയ ജീവഹാനി ഉണ്ടായെങ്കിലും യുദ്ധം വിജയിക്കുക തന്നെ ചെയ്തു. ഈ യുദ്ധത്തിൽ ശഹീദായ (*കുറിപ്പ്) അബ്ദുല്ലാഹ് ബിൻ ഉമറിന്റെ മകൻ ജാബിർ ബിൻ അബ്ദുല്ലാഹ് തന്റെ പിതാവിന്റെ മരണത്തിൽ അതീവ ദുഃഖിതനായി കാണപെട്ടു. അല്ലാഹുവിന്റെ റസൂൽ ആ യുവാവിനെ വിളിച്ചിട്ട് പറഞ്ഞു, നീ ദുഃഖിക്കരുത്. നിനക്ക് ഞാൻ നിന്റെ പിതാവിന്റെ വളരെ സന്തോഷകരമായ ഒരു കാര്യം പറഞ്ഞുതരാം. നിന്റെ പിതാവ് ശഹീദായി അല്ലാഹുവിന്റെ സന്നിധിയിൽ എത്തിയപ്പോൾ അല്ലാഹു നിന്റെ പിതാവിനോട് യാതൊരു മറയുമില്ലാതെയാണ് സംസാരിച്ചത്. അല്ലാഹു പറഞ്ഞു, ഞാൻ നിന്റെ പ്രവൃത്തിയിൽ അതീവ സന്തുഷ്ടനാണ്. ചോദിച്ചോളു, നിനക്കെന്താണ് വേണ്ടത്. നിന്റെ പിതാവു പറഞ്ഞു. എനിക്കു ലഭിച്ചതെല്ലാം നിന്റെ അനുഗ്രഹങ്ങൾ തന്നെയാണു. ആ അനുഗ്രഹങ്ങളെ മുൻനിർത്തി ഞാൻ ചോദിക്കുന്നു, എനിക്ക് വീണ്ടും ഞാൻ വന്ന ലോകത്തേക്ക് തിരിച്ചു ചെല്ലണം. ശേഷം നിന്റെ ദീനിന്റെ മാർഗത്തിൽ എനിക്ക് വീണ്ടും അറുക്കപ്പെടണം. ഇനിയും രക്തസാക്ഷിയാകണം. അല്ലാഹു പറഞ്ഞു, 'നിന്റെ ഈ ആഗ്രഹം ഞാൻ തീർച്ചയായും പൂർത്തിയാക്കുമായിരുന്നു. പക്ഷേ 'ഇന്നഹും ലാ യർജി ഊൻ' മരിച്ചവർ ഒരിക്കലും തിരിച്ച് ഈ ലോകത്തേക്ക് മടങ്ങുകയില്ല എന്നതു എന്റെ നിയമമാണ്.' നിന്റെ പിതാവ് പറഞ്ഞു, എങ്കിൽ മുസ്ലീം സഹോദരന്മാരിൽ ദീനിന് വേണ്ടി ജീവത്യാഗം ചെയ്യുവാനുള്ള അഭിവാഞ്ഛ അവരുടെ ഹൃദയങ്ങളിൽ വർധിക്കുന്നതിനായി എന്റെ സ്ഥിതി അവരെ നീ അറിയിച്ചാലും. അതിനെ തുടർന്നാണ് ഈ ആയത്ത് ഇറങ്ങിയത്. അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപെട്ടവർ മരിച്ച

വരാണെന്ന് നീ ഒരിക്കലും ധരിക്ക രുത്. അല്ല, അവർ തങ്ങളുടെ രക്ഷിതാവിങ്കൽ ജീവിച്ചിരിപ്പുള്ള വരാണ്. അവർക്ക് ആത്മീയാഹാരം നല്കപെടുകയും ചെയ്യുന്നു. (ഖുർആൻ 3: 170)

## ഗസ്വാ ഹംറഉൽ അസദ്

ഉഹ്ദ് യുദ്ധത്തിൽ എഴുപ തോളം മുസ്ലിമീങ്ങളെ വധിക്കുക യും ശവശരീരങ്ങളെ വികൃത മാക്കുകയും ചെയ്തതിലൂടെ അവർ ബദർയുദ്ധത്തിന് പ്രതികാരം ചെയ്തതായി കൊട്ടിഘോഷിച്ചു. യഥാർഥത്തിൽ ബദർ യുദ്ധത്തിൽ അവർ നേരിട്ട നഷ്ടത്തിനും കോട്ടത്തിനും ഇതൊരിക്കലും പകരമാവുകയില്ല. ബദർ യുദ്ധ ത്തിൽ അബൂജഹലിനെയും, ഉമയ്യത്തിബ്നു ഖലഫിനെയും ഉത്ബാ ബിൻ റബീഅ്നേയും പോലുള്ള ഇരുപത്തിനാല് പ്രതാപ ശാലികളായ ഗോത്രനേതാക്കളാണ് ഖുറൈശികൾക്ക് നഷ്ടമായത്. അവർ മക്കയുടെ കണ്ണും കരളു മായിരുന്നു. ഒരിക്കലും പരിഹരിക്ക പ്പെടാനാവാത്ത, നികത്താനാവാ ത്ത നഷ്ടമാണു ഖുറൈശികൾക്കു ബദർ യുദ്ധത്തിൽ നേരിടേണ്ടി വന്നത്. ഇപ്പോൾ ഉഹ്ദ് യുദ്ധ ത്തിനുശേഷം മക്കയിലേക്ക് തിരിച്ചു പോകുന്ന അവസരത്തിൽ ഖുറൈ ശികൾ പരസ്പരം ആരോപണവും പ്രത്യാരോപണവും നടത്താൻ തുടങ്ങി. ഈ യുദ്ധം കൊണ്ട് എന്ത് പ്രയോജനമാണുണ്ടായതെന്നു ചിലർ ചോദിച്ചു. മുസ്ലിമീങ്ങൾ വളരെ ബലഹീനരായിട്ടും മുഹമ്മദ് (സ) നെ കൊല്ലുവാനോ മദീന ആക്രമിക്കുവാനോ നിങ്ങൾ മുതിർ ന്നില്ലല്ലോ എന്നൊരു കൂട്ടർ ആരോപണമുന്നയിച്ചു. നിങ്ങൾ വാദിച്ചതുപോലെ മുസ്ലിമീങ്ങളുടെ ധനം കൊള്ളയടിക്കുവാനോ അവരുടെ സ്ത്രീകളേയും കുട്ടി കളേയും ബന്ധനസ്ഥരാക്കുവാനോ നിങ്ങൾ ശ്രമിച്ചില്ലല്ലോ എന്നു വേറൊരു കൂട്ടർ. അങ്ങനെ പരസ്പ രമുള്ള കുറ്റാരോപണം നിമിത്തം അവർ മക്കയുടെ വഴിയിൽ വെച്ചു വീണ്ടും ഒരുമിക്കാനും മദീന ആക്രമിക്കുവാനും പെട്ടെന്നു തന്നെ തീരുമാനമെടുത്തു.

റസൂൽ തിരുമേനിക്ക് ഈ കാര്യത്തിൽ ഇവരെ നേരത്തെ തന്നെ സംശയമുണ്ടായിരുന്നു. അവർ മക്കയിലേക്ക് തിരിച്ചുപോകു ന്നതിന് പകരം മദീന ആക്രമിച്ചേ ക്കുമെന്ന് റസൂൽ സംശയിച്ചിരുന്നു. കാരണം ഉഹ്ദിൽ നിന്നു മദീനയി ലേക്കു മൂന്നു നാഴിക ദൂരമേ ഉള്ളൂ. തിരുമേനിയുടെ ഊഹം തെറ്റിയില്ല. അവർ തിരിച്ചു വരുന്നുണ്ടെന്നറി ഞ്ഞപ്പോൾ റസൂൽ തിരുമേനി, ഖുറൈശി സൈന്യത്തിന്റെ നീക്ക ങ്ങളറിയാൻ ചിലരെ അവരുടെ പുറകിലേക്ക് അയക്കുകയും മദീനയിൽ കനത്ത പാറാവ് ഏർപ്പെടുത്തുകയും ചെയ്തു. വിവരമറിയാൻ പോയവർ പുലർച്ച ക്ക് മുമ്പ് തന്നെ തിരിച്ചെത്തി. ഖുറൈശി സൈന്യം മദീന ആക്രമിക്കുവാനായി തിരിച്ച് വരുന്നതായി അവർ തിരുമേനിക്ക് വിവരം നൽകി.

ഉടൻ തന്നെ അല്ലാഹുവിന്റെ റസൂൽ ഉഹ്ദ് യുദ്ധത്തിൽ പങ്കെടുത്തവരെ മാത്രം ഉൾകൊ ള്ളിച്ചു കൊണ്ട് ഒരു സൈന്യത്തിന് രൂപം നൽകുകയും ഖുറൈശികളെ നേരിടുന്നതിനായി പുറപ്പെടുകയും ചെയ്തു. സംഘത്തിലുള്ള മിക്ക വരും മുറിവേറ്റവരും അങ്ങേയറ്റം ക്ഷീണിതരും അവശരുമായിരുന്നു. ഒരു യുദ്ധം അവസാനിച്ചതേയുള്ളൂ, അടുത്ത യുദ്ധത്തിനുള്ള കൽപന ലഭിച്ചു. റസൂലുല്ലാഹ് നിർദേശം നൽകിയപ്പോൾ എല്ലാവരും ഊർജ സ്വലരായി, ആവേശപൂർവം വീണ്ടും മറ്റൊരു യുദ്ധത്തിനായി പുറപ്പെട്ടു. വൈകുന്നേരത്തോടെ മദീനയിൽ നിന്ന് എട്ട് മൈൽ അകലെ “ഹംറഉൽ അസദ്” എന്ന സ്ഥലത്തെത്തി. രാത്രിയായതോടെ അവിടെ തന്നെ തമ്പടിക്കുകുകയും ചെയ്തു. പിന്നീട് റസൂൽ തിരുമേനിയുടെ നിർദേശമനുസരിച്ച് ആ പ്രദേശത്ത് അടുത്തടുത്ത സ്ഥലങ്ങളിൽ വിളക്ക് കത്തിച്ചു വെച്ചു. അങ്ങനെ ധാരാളം വിളക്കു കൾ കത്തിച്ചുവെച്ചു. ഇത് കണ്ട ഒരവിശ്വാസി ഈ പ്രദേശം മുഴുവനും മുസ്ലിമീങ്ങളുടെ സൈന്യം തമ്പടിച്ചിരിക്കുന്നതായി ധരിക്കുകയും ആ വിവരം ഖുറൈശി തലവന്മാരോട് ചെന്നു പറയുകയും ചെയ്തു. ഞാൻ മുസ്ലിമീങ്ങളുടെ വളരെ വലിയ ഒരു സൈന്യത്തെ കണ്ട് കൊണ്ടാ ണ് വന്നിരിക്കുന്നതെന്നും അവരോ ട് ഏറ്റുമുട്ടുന്നത് ആത്മഹത്യാപര മായിരിക്കുമെന്നും അയാൾ ഖുറൈശികളോട് പറഞ്ഞു. അല്ലാ ഹു സ്വയം തന്നെ അയാളിൽ ഭീതിയും അമ്പരപ്പും ഉണ്ടാക്കിയ തായിരിക്കാം. ഇത് കേട്ട അബൂ സുഫിയാനും കൂട്ടരും മദീന ആക്രമിക്കാനുള്ള ഉദ്ദേശ്യം ഉപേക്ഷിക്കുകയും മക്കയിലേക്ക് തിരിക്കുകയും ചെയ്തു. ഈ പടയോട്ടത്തെ ‘ഗസ്വാ ഹംറഉൽ അസദ്’ എന്ന് വിളിക്കപ്പെടുന്നു.

## ചതി പ്രയോഗവും എൺപത് ശഹാദത്തും

ഉഹ്ദ് യുദ്ധത്തിൽ നേടിയ മേൽക്കോയ്മ അവിശ്വാസികൾക്ക് മുസ്ലിമീങ്ങൾക്കെതിരിൽ അണിനി രക്കാൻ പ്രചോദനവും ധൈര്യവും പ്രദാനം ചെയ്തു. അവർ മുസ്ലിമീങ്ങൾക്കെതിരിൽ പല പല പദ്ധതികളും ആസൂത്രണം ചെയ്തു കൊണ്ടിരുന്നു. ഹിജ്റത്തിന്റെ 4-ാം വർഷം മുഹർറം മാസത്തിൽ അസൽ, ഖാർറ എന്നീ ഗോത്ര ങ്ങളിലെ ചിലർ റസൂൽ തിരുമേനി യെ സമീപിച്ചുകൊണ്ട് തങ്ങളുടെ ഗോത്രത്തിലെ ധാരാളം പേർ ഇസ്ലാമിൽ താൽപര്യമുള്ളവരും ഇസ്ലാമിനെ കുറിച്ച് പഠിക്കുവാൻ ആഗ്രഹിക്കുന്നവരുമാണെന്നും അതുകൊണ്ട് തങ്ങളോടൊപ്പം കുറച്ചു പേരെ അയച്ചുതരണമെ ന്നും അഭ്യർഥിച്ചു. അല്ലാഹുവിന്റെ റസൂൽ ഇത് കേട്ടപ്പോൾ വളരെയധികം സന്തോഷിക്കുക യും ആസിം ബിൻ സാബിത്തിന്റെ നേതൃത്വത്തിൽ പത്ത് പേരെ അവരുടെ ഗോത്രങ്ങളിൽ മതപ്രചര

ണാർഥം അയക്കുകയും ചെയ്തു. യഥാർഥത്തിൽ ഇത് ബനൂലഹിയാൻ ഗോത്ര ക്കാരുടെ കുടില തന്ത്രമായിരുന്നു. റജീഅ് എന്ന സ്ഥലത്തെത്തിയപ്പോൾ അമ്പും വില്ലുമായി 200 പേരുടെ ഒരു സംഘം ഇവരെ വളഞ്ഞു. ശരിക്കും ഇക്കൂട്ടർ മുസ്‌ലിമീങ്ങളെ ചതിക്കുകയായിരുന്നു. മുസ്‌ലിമീങ്ങളായ പത്ത് പേർ ഇരുന്നൂറ് പേരെ എങ്ങനെ നേരിടാനാണ്. എന്നിരുന്നാലും മുസ്‌ലിമീങ്ങൾ ചെറുത്ത് നിൽക്കുകയും ഒരു കുന്നിൻ മുകളിലേക്ക് കയറി പോവുകയും ചെയ്തു. അവസാനം ഖുബൈബ് ഇബ്നു അദി, സൈദ് ബിൻ വസ്ന, അബ്ദുല്ലാഹ് ബിൻ ത്വാരിഖ് എന്നീ മൂന്ന് പേരെ പിടികൂടുകയും മറ്റ് ഏഴ് പേരെ ശഹീദാക്കുകയും ചെയ്തു.

കുറെ ദിവസം ഇവരെ ബന്ധനസ്ഥരാക്കിയ ശേഷം ഖുറൈശി നേതാക്കൾ ഖുബൈബ് ബിൻ അദിയെ വളരെ ആഘോഷപൂർവം വധിക്കുവാനായി ഒരു തുറന്ന മൈതാനത്തേക്ക് കൊണ്ടു പോയി. അന്ത്യാഭിലാഷമെന്ന നിലക്ക്, വധിക്കുന്നതിന് മുമ്പ് എന്നെ രണ്ട് റക്കഅത്ത് നഫൽ നമസ്ക്കരിക്കുവാൻ അനുവദിക്കണമെന്ന് അദ്ദേഹം ഘാതകരോട് അപേക്ഷിച്ചു. ഒരു പക്ഷേ ഇസ്‌ലാമിക നമസ്ക്കാരത്തേയും പരിഹാസ പാത്രമാക്കാമെന്ന നിലക്കായിരിക്കാം അവരതിന് അനുവാദം നൽകി. ഖുബൈബ് ബിൻ അദി വളരെ ഭയഭക്തിയോടും ശ്രദ്ധയോടും കൂടി നമസ്ക്കരിക്കുകയും അധികം ദീർഘിപ്പിക്കാതെ നമസ്കാരം പൂർത്തിയാക്കുകയും ചെയ്തു. അനന്തരം, തന്നെ വധിക്കുവാനായി കാത്ത് നിൽക്കുന്ന ഖുറൈശി നേതാക്കളോട് പറഞ്ഞു, "നമസ്ക്കാരം ഇനിയും ദീർഘിപ്പിക്കേണമെന്ന് എന്റെ ഹൃദയം വല്ലാതെ ആഗ്രഹിക്കുന്നുണ്ടായിരുന്നു. നമസ്കരിച്ച് കൊതി തീർന്നില്ല. പക്ഷേ, ഞാൻ വധം നീട്ടി കൊണ്ടുപോകുന്നതിന് വേണ്ടിയാണ് നമസ്കാരം ദീർഘിപ്പിക്കുന്നതെന്ന് നിങ്ങൾ സംശയിച്ചേക്കുമെന്നു കരുതിയതുകൊണ്ടാണു നമസ്കാരം ഞാൻ വേഗം തന്നെ അവസാനിപ്പിച്ചത്. അതിന് ശേഷം ഖുബൈബ് ബിൻ അദി ഒരു കവിത ചൊല്ലി.

എന്നാത്മനാഥനാം എൻ ജീവചാലകാ

നിന്മാർഗം പൂകിയ സത്യവിശ്വാസി ഞാൻ.

മമ ഗളഛേദത്താൽ ജീവനെടുക്കുവാൻ

നിർമത ശത്രുതൻ വാളിന്റെ ഗർജനം

കരവാളുയർന്നാലെൻ ശിരസ്സറ്റു വീണിടും;

വീഴുന്നതിടതോ വലതോയെന്നറിയില്ല.

എന്മനം നോവില്ലതോർത്തിന്ന ശേഷവും

നിനക്കുള്ള ബലിയല്ലോ ഞാനെന്ന സർവവും

നിഗ്രഹത്താൽ ഞാൻ മാംസത്തുണ്ടുകളാകിലും

നിന്നിച്ഛയല്ലാതൊരാശയില്ലെന്നിലും

നിണമാർന്നു വീഴുമെൻ മാംസതുണ്ടങ്ങളിൽ

നിറവോടെ ചേരും നിന്നനുഗ്രഹം നിശ്ചയം.

ദേഹി പറന്നു പറന്നങ്ങു പോയിടും, മമ-

ദാഹം ശമിക്കും നിനക്കുള്ള സ്തുതികളാൽ

(ജീവചാലകൻ=ജീവനെ ചലിപ്പിക്കുന്നവൻ, അല്ലാഹു. മമ ഗളം=എന്റെ കഴുത്ത്, നിണം=രക്തം, ദേഹി=ആത്മാവ്)

''ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ മുസ്‌ലിമാകുന്ന അവസ്ഥയിൽ ഇപ്പോൾ വധിക്കപ്പെടാൻ പോവുകയാണ്. എന്റെ കഴുത്തിൽ നിന്ന് വെട്ടി മാറ്റപ്പെടുന്ന എന്റെ തല, അതു ഇടത് ഭാഗത്ത് വീഴുമോ വലത് ഭാഗത്ത് വീഴുമോ എന്ന കാര്യം ഞാൻ ഗൗനിക്കുന്നേ ഇല്ല. കാരണം ഇതെല്ലാം തന്നെ അല്ലാഹുവിനാകുന്നു. എന്റെ നാഥൻ ഇഛിക്കുകയാണെങ്കിൽ തുണ്ടം തുണ്ടമാക്കപ്പെടുന്ന എന്റെ ശരീരത്തിന്റെ ഓരോ കഷ്ണത്തിലും അവൻ അനുഗ്രഹം ചൊരിയുന്നതായിരിക്കും."

കവിതയുടെ അവസാന വാക്കുകൾ ഖുബൈബിന്റെ നാവിലൂടെ മുഴങ്ങുമ്പോഴേക്കും അഖബ ബിൻ ഹാരിസ് എന്ന അധമൻ മുന്നോട്ട് വരികയും അദ്ദേഹത്തിന്റെ കഴുത്തിൽ വാൾ വീശുകയും ചെയ്തു. അതോടെ സാത്വികനും റസൂലുല്ലായുടെ പ്രേമിയുമായ ആ ഭക്തദാസന്റെ ഉടലും തലയും വേറിട്ട് നിലത്തു വീണു. ഈ സംഭവങ്ങൾ കണ്ട് നിന്നവരിൽ സഈദ് ബിൻ ആമിർ എന്നു പേരുള്ള ഒരാൾ ഉണ്ടായിരുന്നു. അദ്ദേഹത്തെ ഈ സംഭവം വല്ലാതെ സ്വാധീനിച്ചു. പിന്നീട് കുറച്ചു കാലങ്ങൾക്ക് ശേഷം അദ്ദേഹം ഇസ്‌ലാംമതം സ്വീകരിച്ചു. ഖുബൈബ് ബിൻ അദിയുടെ ശഹാദത്ത് സംഭവം ആരെങ്കിലും ഇദ്ദേഹത്തെ ഓർമപ്പെടുത്തിയാൽ ദു:ഖാധിക്യം നിമിത്തം അദ്ദേഹം മോഹാലസ്യപ്പെട്ട് വീഴുമായിരുന്നു.

മറ്റൊരു ദിവസം അബൂസുഫിയാനും കൂട്ടരും സൈദ് ബിൻ ദസ്നയേയും ആഘോഷപൂർവം വധിക്കുന്നതിന് ഒരു മൈതാനത്ത് കൊണ്ടുവന്നു. എല്ലാവരും വധം കാണുന്നതിനായി വട്ടം കൂടി നിന്നിട്ടുണ്ട്. അബൂസുഫിയാൻ സൈദിന്റെ അടുക്കൽ വന്നിട്ട് പറഞ്ഞു, സൈദ് നീ സത്യം പറയണം. നിന്നെ വധിക്കാൻ പോവുകയാണ്. ഇപ്പോൾ നിന്റെ സ്ഥാനത്ത് മുഹമ്മദ് ബിൻ അബ്ദുല്ല (സ)യും നീ നിന്റെ ഭാര്യാമക്കളോടൊത്ത് നിന്റെ വീട്ടിലും ആയിരുന്നുവെങ്കിൽ എത്ര നന്നായേനെ അല്ലേ? ഇത് കേൾക്കേണ്ട താമസം ദേഷ്യവും സങ്കടവും കൊണ്ട്

സൈദിന്റെ കണ്ണുകൾ ചുവന്നു. ദു:ഖം സഹിക്കാനാവാതെ വിറയാർന്ന ചുണ്ടുകളോടെ സൈദ് പറഞ്ഞു: അബൂസുഫിയാൻ, നീ എന്താണു പുലമ്പുന്നത്. നീ എന്തൊരു തോന്ന്യവാസമാണ് പറഞ്ഞത്. അല്ലാഹുവാണെസത്യം, ഞാൻ രക്ഷപ്പെടുന്നതിനായി എന്റെ എല്ലാമായ യജമാനന്റെ കാലിൽ ഒരു ചെറിയ മുള്ളുപോലും തറക്കുന്നത് എനിക്ക് സഹിക്കാനാവുകയില്ല. ആ പുണ്യാത്മാവിന്റെ ജീവന് മുന്നിൽ എന്റെ ജീവന് ഒരു പുൽകൊടിയുടെ വിലപോലും ഇല്ല. ഇത് കേട്ട അബൂസുഫിയാൻ പറഞ്ഞു, അല്ലാഹുവാണെ സത്യം, മുഹമ്മദിബ്നു അബ്ദുല്ലാ (സ) യുടെ അനുയായികൾ അയാളോട് കാണിക്കുന്നതു പോലുള്ള സ്നേഹം ലോകത്ത് ആരും തന്നെ മറ്റാരോടും കാണിച്ചിട്ടുണ്ടാവില്ല, കാണിക്കുകയുമില്ല. കാണിക്കാൻ സാദ്ധ്യവുമല്ല. അതിന് ശേഷം സൈദിന്റെ തല വെട്ടി മാറ്റി. ഇതേപോലെ മൂന്നാമത്തെ ആളായ അബ്ദുല്ലാ ബിൻ ത്വാരിഖിനേയും ഖുറൈശികൾ വധിക്കുകയുണ്ടായി.

ഈ സംഭവത്തെ കുറിച്ചുള്ള വിവരങ്ങൾ അല്ലാഹുവിന്റെ റസൂലിന് ലഭിക്കുന്നതിന് മുമ്പ് അതേ വർഷം സഫർ മാസം അറേബ്യയിലെ പ്രധാന നഗരങ്ങളിൽ ഒന്നായ നജദിന്റെ തലവൻ അബൂ ബറാഅ് അൽ ആമിരി റസൂൽ കരീം(സ)നെ സമീപിച്ചുകൊണ്ട്, നജദിലെ ജനങ്ങൾ ഇസ്‌ലാമിൽ വളരെ തൽപരരാണെന്നും കുറച്ച് പണ്ഡിതന്മാരെ അയക്കുകയാണെങ്കിൽ നജദിൽ ഇസ്‌ലാം കൂടുതലായി പ്രചരിക്കാൻ സാദ്ധ്യതയുള്ളതായും അറിയിക്കുകയുണ്ടായി. നജദ് വാസികൾ എന്നും ഇസ്‌ലാമിനോട് കടുത്ത ശത്രുത മാത്രമേ പുലർത്തിയിട്ടുള്ളൂ എന്നും അതുകൊണ്ട് നജദ് വാസികളെ വിശ്വസിക്കാൻ തനിക്ക് പ്രയാസമുണ്ടെന്നും നബി(സ) തിരുമേനി അയാളോട് പറഞ്ഞു. അബൂ ബറാഅ് അൽ ആമിരി തന്റെ ഗോത്രത്തിൽ വളരെ സ്വാധീനമുള്ള ഒരു നേതാവാണ്. അയാൾ പറഞ്ഞു, താങ്കൾ നജദ് വാസികളെ ഒരിക്കലും സംശയിക്കുകയോ ഭയപ്പെടുകയോ അരുത്. എന്റെ കൂടെ വരുന്നവരുടെ സംരക്ഷണ ചുമതല ഞാൻ ഏറ്റെടുക്കുന്നു. അങ്ങനെ അല്ലാഹുവിന്റെ റസൂൽ ഖുർആൻ ഹൃദിസ്ഥമാക്കിയ എഴുപത് പേരെ മത പ്രചരണത്തിനായി, അയാളോടൊപ്പം അയച്ചു. ഇതും ഒരു വലിയ ചതിയായിരുന്നു. ബിഅ്റുൽ മഊന എന്ന സ്ഥലത്ത് വെച്ച് നേരത്തെ തയ്യാറാക്കി നിർത്തിയിരുന്ന അക്രമി സംഘം ഈ എഴുപത് പേരേയും ശഹീദാക്കുകയുണ്ടായി.

ഈ രണ്ട് സംഭവങ്ങളുടേയും വിവരം അല്ലാഹുവിന്റെ റസൂലിന് ഒന്നിച്ചാണ് ലഭിച്ചത്. അത് തിരുമേനിയെ മാനസികമായി അങ്ങേയറ്റം തളർത്തി. ഇത്തരത്തിലുള്ള ദു:ഖം തിരുമേനിക്ക് ഇതിന് മുമ്പോ ശേഷമോ ഉണ്ടായിരുന്നില്ല. ഒരു ആത്മീയ പിതാവിന് ആത്മീയ ബന്ധം ശാരീരിക ബന്ധത്തേക്കാളും വലുതാണ്. ആ നിലക്ക് 80 മക്കളുടെ ഒന്നിച്ചുള്ള മരണം ഒരു പിതാവിന് താങ്ങാവുന്നതിലും എത്രയോ എത്രയോ വലിയൊരു അത്യാഹിതമാണ്. ഈ ആകസ്മിക മരണം കേട്ട ഉടനെ അല്ലാഹുവിന്റെ റസൂൽ, ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ എന്ന് ചൊല്ലി. ശേഷം പറഞ്ഞു, 'ഹാദ അമലു അബീ ബറാഅ, വഖദ് കുൻതു കാരിഹൻ മുതഖവ്വിഫൻ.' ഇത് അബൂ ബറാഅ അൽ ആമിരിയുടെ കുതന്ത്രവും അവന്റെ കൗശലവുമാണ്. ഞാൻ നേരത്തെ തന്നെ നജദ് വാസികളുടെ അടുക്കൽ നമ്മുടെ ആളുകളെ അയക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല. മാത്രവുമല്ല ഇത്തരത്തിലുള്ള കുതന്ത്രങ്ങൾ പ്രയോഗിക്കുമോ എന്ന് കരുതി അവരെ ഭയപ്പെട്ടിരുന്നു. ഇതിന് ശേഷം റസൂലുല്ലാഹ് തുടർച്ചയായി മുപ്പത് ദിവസം ഫജർ നമസ്ക്കാരത്തിൽ ഈ ചതി പ്രയോഗം നടത്തിയ നാല് ഗോത്രങ്ങൾക്കെതിരിൽ അങ്ങേയറ്റം വേദനയോടെ അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടിരുന്നു. (തുടരും)

*കുറിപ്പ് : നുബുവത്തിന്റെ 13-ാം വർഷം ഹജ്ജിന്റെ അവസരത്തിൽ മദീനയിൽ നിന്ന് വന്ന എഴുപത് പേർ അർധരാത്രി രഹസ്യമായി റസൂൽ തിരുമേനിയുടെ കൈയിൽ ബൈഅത്ത് ചെയ്ത കാര്യം ഞാൻ നിങ്ങളോട് മുമ്പ് പറഞ്ഞിട്ടുണ്ടായിരുന്നു. ഇത് ബൈഅത്ത് അഖബസാനിയ (രണ്ടാം അഖബ ബൈഅത്ത്) എന്ന പേരിലാണ് അറിയപ്പെടുന്നത്. അബ്ദുല്ലാഹ് ബിൻ ഉമർ (റ) വും അതിൽ പങ്കെടുത്ത് റസൂൽ തിരുമേനിയുടെ കൈയിൽ ബൈഅത്ത് ചെയ്തിരുന്നു. മാത്രവുമല്ല ബൈഅത്തിന് ശേഷം തിരുമേനി അവരിൽ നിന്ന് തെരഞ്ഞെടുത്ത 12 നഖീബു (മേൽനോട്ടക്കാർ) മാരിൽ ഒരാളുമായിരുന്നു അബ്ദുല്ലാഹ് ബിൻ ഉമർ(റ). ഉഹ്ദ് യുദ്ധത്തിൽ ശഹീദായ അദ്ദേഹത്തെ ആ പ്രദേശത്തു തന്നെയായിരുന്നു സംസ്കരിച്ചിരുന്നത്. അദ്ദേഹത്തെക്കുറിച്ച് അത്ഭുതകരമായ ഒരു കാര്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഖബറടക്കം കഴിഞ്ഞ് 46 വർഷങ്ങൾക്ക് ശേഷം ആ ഭാഗത്ത് വലിയൊരു വെള്ളപൊക്കമുണ്ടായപ്പോൾ, അബ്ദുല്ലാഹ് ബിൻ ഉമർ(റ) ന്റെ ഖബർ അലങ്കോലപെട്ട് പോകുമോ, ഒലിച്ചു പോകുമോ എന്ന ഭയം നിമിത്തം അദ്ദേഹ ത്തിന്റെ ഖബർ മാറ്റി സ്ഥാപിക്കാൻ അന്നു തീരുമാനിക്കപെട്ടു. അങ്ങനെ അതിനായി ഖബർ കുഴിച്ചപ്പോൾ കണ്ട കാഴ്ച എല്ലാവരേയും അത്ഭുതപരതന്ത്രരാക്കി. നാല്പത്താറ് വർഷം മുമ്പ് ഏതൊരു അവസ്ഥയിലാണോ മയ്യത്ത് കബറടക്കം ചെയ്യപ്പെട്ടത് അതേ അവസ്ഥയിൽ യാതൊരു മാറ്റവും കൂടാതെ മയ്യത്ത് ഇരിപ്പുള്ളതായി കാണുകയുണ്ടായി.

ഇതിന് സമാനമായിട്ടുള്ള ചില ദിവ്യാത്ഭുങ്ങൾ ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ കാലത്ത് അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ പേരിൽ 1903 ജൂലായ് 14ന് ശഹീദാക്കപെട്ട ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലതീഫ് സാഹിബ്(റ) മുഖേന വെളിപെടുകയുണ്ടായി. അദ്ദേഹത്തിന്റെ മയ്യത്ത് വലിയൊരു കൽ കൂമ്പാരത്തിൽ ശഹീദാക്കപ്പെട്ട അതേ അവസ്ഥയിൽ നാൽപതു നാൽപത്തിയഞ്ചു ദിവസം കിടന്നിരുന്നു. ദുഷ്ടനും ക്രൂരനുമായ രാജാവ്, അമീർ ഹബീബുല്ലാഹ് നോടുള്ള ഭയം നിമിത്തം മയ്യത്ത് മറവ്

ചെയ്യുന്ന കാര്യം ആരുടേയും ചിന്തയിൽ പോലും വന്നില്ല. അവസാനം ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലതീഫ് സാഹിബ് (റ)ന്റെ പ്രധാന ശിഷ്യരിൽ ഒരാളായ ഹദ്റത്ത് സയ്യിദ് അഹ്മദ് നൂർ സാഹിബ് (റ) തന്റെ ചില സ്നേഹിതരോടൊപ്പം ചേർന്ന് ഒരു അർധരാത്രി രാജകിങ്കരന്മാരുടെ കണ്ണ് വെട്ടിച്ച് മയ്യത്ത് പുറത്തെടുത്ത് മറവു ചെയ്യാൻ തീരുമാനിച്ചു. ഇത്രയും ദിവസങ്ങൾ കൊണ്ട് മയ്യത്ത് ജീർണിച്ചിട്ടുണ്ടാകുമെന്നും ദുർഗന്ധം വമിക്കുന്നുണ്ടാകുമെന്നും കരുതി, കഫൻ ചെയ്യാനുള്ള തുണിക്കും ശവപ്പെട്ടിക്കും പുറമെ അദ്ദേഹം നല്ല സുഗന്ധമുള്ള അത്തറും കൂടെ കരുതിയിരുന്നു. എന്നാൽ കല്ലുകൾ നീക്കി മയ്യത്ത് പുറത്തെടുത്തപ്പോൾ മയ്യത്തിൽ നിന്ന് വളരെ ശക്തവും മോഹിപ്പിക്കുന്നതുമായ കസ്തൂരിയുടെ സുഗന്ധം വന്നു കൊണ്ടിരുന്നു. മരണപ്പെട്ട അന്നത്തെ അതേ അവസ്ഥയിൽ തന്നെയാണ് മയ്യത്ത് ഉണ്ടായിരുന്നത്. മയ്യത്തിന് യാതൊരു മാറ്റവും കോട്ടവും സംഭവിച്ചിരുന്നില്ല. ഇതേ പോലെ കഫൻ ചെയ്തു പെട്ടിയിലാക്കിയപ്പോൾ എല്ലാവരും ചേർന്നിട്ട് പോലും മയ്യത്ത് അനക്കാനോ പൊക്കാനോ സാധിക്കാത്ത തരത്തിൽ മയ്യത്തിന് അതിഭാരമുള്ളതായി അനുഭവപ്പെട്ടു. ആ അവസരത്തിൽ ഹദ്റത്ത് അഹ്മദ് നൂർ സാഹിബ് (റ) മയ്യത്തിനെ നോക്കി ഇങ്ങനെ പറഞ്ഞു: "ജനാബ് ഇത് ഭാരം വർധിപ്പിക്കേണ്ട സമയമല്ല, ഭാരം കുറക്കൂ, ഭാരം കുറക്കൂ". അതോടെ മയ്യത്തിന്റെ ഭാരം കുറഞ്ഞു. പിന്നീട് എല്ലാവരും ചേർന്നു പൊക്കാൻ സാധിക്കാത്ത ആ മയ്യത്ത് അഹ്മദ് നൂർ സാഹിബ് (റ) വളരെ എളുപ്പത്തിൽ തനിച്ചെടുത്ത് തോളിൽ വെച്ച് പെട്ടെന്ന് തന്നെ അവിടെ നിന്ന് രക്ഷപെടുകയാണു ചെയ്തത്. ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലതീഫ് സാഹിബ് (റ) ന്റെ ദീർഘമായ ചരിത്ര സംഭവങ്ങളിൽ നിന്നുള്ള ഒരു ചെറിയ ഭാഗമാണിത്.

കടപ്പാട് & അവലംബം


1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)

2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ.അ) By മൗലാനാ മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്വ

3 ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്വ.

4 ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്വ.

5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.

6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലാനാ അബ്ദുസ്സമീഅ് ഖാൻ സാഹിബ് റബ്വ.

7. ദീപാച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ)

8. ഹദ്റത്ത് അസ്മ ബിൻത് അബീബക്കർ By താഹിറാ രിയാസ് സാഹിബ, കറാച്ചി

9. മസാമീൻ ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മയീൽ സാഹിബ് (റ) വാള്യം 5

10. സീറത്ത് റസൂൽ നുബുവ്വത്ത് സെ ഹിജ്റത്ത് തക് By ബുശ്റ ദാവൂദ് സാഹിബ, റബ്വ.

11. സീറത്ത് റസൂൽ ഹിജ്റത്ത് സെ വിസാൽ തക് By അമതുൽ ബാരി നാസ്സിർ സാഹിബ, കറാച്ചി

12. ഹമാരാ ആക്കാ By ശേഖ് മുഹമ്മദ് ഇസ്മായീൽ സാഹിബ് പാനിപതി

13. ഉസ് വയെ ഇൻസാനെ കാമിൽ By മൗലാനാ മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്വ

14. മീഡിയ ലൈബ്രറിഅൽ ഇസ്ലാം ഡോട് ഓർഗ്

15. അൽ ഫസൽ, ഉറുദു ദിന പത്രങ്ങൾ – റബ്വ


---

**പേജ് 31 ൽ നിന്ന് തുടർച്ച**

മനുഷ്യൻ പ്രവാചകനാണെന്ന് ആ സ്ത്രീ അറിഞ്ഞിരുന്നില്ല. എന്നെ പോലെ താങ്കൾ ഒരിക്കലും ഒരു കുഞ്ഞിന്റെ വേർപാട് അനുഭവിച്ചിട്ടുണ്ടാവില്ല. താങ്കൾക്ക് അത്തരത്തിലൊരു ദുഖം വന്നാലറിയാം അതിന്റെ വേദന. അവരോട് പ്രവാചകൻ ഇങ്ങനെ പ്രതിവചിച്ചു: 'ഒരു കുട്ടി മരിച്ചതിന്റെ സങ്കടമല്ല ഏഴു കുട്ടികൾ മരിച്ചതിന്റെ വേദന ഞാൻ അനുഭവിച്ചിട്ടുണ്ട്.' ഈ വിധത്തിൽ തന്റെ ദുഖം പരോക്ഷമായി അവിടന്ന് സൂചിപ്പിക്കുകയായിരുന്നു. അവിടന്ന് ദുഃഖത്തെപറ്റി മാത്രം ചിന്തിച്ചിരിക്കില്ലായിരുന്നു. മാനവരാശിയുടെ സേവനത്തിനുള്ള തന്റെ ദൗത്യത്തിന് ആ ദുഃഖങ്ങളൊന്നും അദ്ദേഹത്തിന് വിലങ്ങു തടിയായിരുന്നില്ല. മനുഷ്യരുടെ സങ്കടങ്ങൾ പങ്കിടുന്നതിൽ നിന്ന് അതൊന്നും യാതൊരു വിധത്തിലും അദ്ദേഹത്തെ തടഞ്ഞില്ല.

(The Life of Muhammad- By Hadrath Mirza Bashiruddin Mahmood Ahmad Kahalifathul Masih II P. 193-195)

വാസ്തവത്തിൽ റസൂൽ തിരുമേനി(സ) എല്ലാ അർഥത്തിലും ഒരു അനാഥനായിരുന്നു. അവിടത്തെ അനാഥത്വം തീവ്രമായിരുന്നു. അവിടന്ന് ജനിക്കുന്നതിന് മുമ്പ് തന്നെ പിതാവ് മരിച്ചു. ആറു വയസ്സാകുമ്പോഴേക്കും മാതാവും മരിച്ചു. പിതാമഹനായ അബ്ദുൽ മുത്തലിബായിരുന്നു മാതാവിന്റെ വിയോഗത്തിന് ശേഷം പിന്നീട് അദ്ദേഹത്തിന്റെ സംരക്ഷണം ഏറ്റെടുത്തത്. രണ്ട് വർഷത്തിന് ശേഷം അബ്ദുൾമുത്തലിബും ദിവംഗതനായി. പിന്നീട് ദരിദ്രനായ അമ്മാവനായിരുന്നു അവിടത്തെ സംരക്ഷകൻ. അങ്ങനെ റസൂൽ (സ) തിരുമേനിക്ക് ചെറുപ്രായത്തിൽ തന്നെ മാതാപിതാക്കന്മാരുടെ ലാളനയേൽക്കാനോ സ്നേഹം അനുഭവിക്കാനോ സാദ്ധ്യമായില്ല. എങ്കിലും റസൂൽ(സ) തിരുമേനിക്ക് തന്റെ താഴെയുള്ളവരിൽ നിന്നും മുകളിലുള്ളവരിൽ നിന്നും തന്റെ അനുചരന്മാരിൽ നിന്നും നാട്ടുകാരിൽനിന്നും ലോകത്ത് ഒരു സ്ത്രീ പ്രസവിച്ച മനുഷ്യനും ലഭിക്കാത്തയത്ര സ്നേഹവും സൗഹൃദവും ലഭിച്ചു. അതിന് മുമ്പോ പിമ്പോ ഭാവികാലത്തോ അത്തരം സ്നേഹവും സൗഹൃദവും ആർക്കും ലഭിക്കുകയില്ല.

(Commentary on the Holy Quran -by Hadrath Mirza Bashiruddin Mahmood Ahmad Kahalifathul Masih II)

കുറിപ്പുകൾ

# സ്വന്തം കുട്ടികൾക്ക് മുമ്പിൽ മുട്ടുവിറക്കുന്ന അമേരിക്ക

## മുസാഫിർ

കൗമാരക്കാരായ സ്കൂൾ വിദ്യാർഥികളുടെ തോക്കു കൊണ്ടുള്ള കൊലപാതക പരമ്പര നിയന്ത്രിക്കാനാകാതെ അമേരിക്ക അന്തം വിട്ട് നിൽക്കുകയാണ്. ഫ്ളോറിഡയിൽ പാർക്ക്‌ലാന്റ് മർജറി സ്റ്റോൺമാൻ ഡഗ്ലസ് ഹൈസ്കൂളിൽ 2018 ഫെബ്രുവരി 14 ന് നിക്കളസ് ക്രൂസ് എന്ന പത്തൊമ്പത്കാരൻ, വിദ്യാർഥികളുടെ നേർക്ക് നടത്തിയ വെടിവെപ്പിൽ 17 പേരാണ് മരിച്ചത്. ഈ വർഷം തോക്കുകൊണ്ടുള്ള കുട്ടികളുടെ മനുഷ്യവേട്ട 18-ാമത്തെ തവണയാണ് അമേരിക്കയിൽ നടക്കുന്നത്. പുതുവർഷം പിറന്ന് ഒന്നര മാസം പിന്നിട്ടപ്പോഴുള്ള കണക്കാണിത്. അച്ചടക്കരാഹിത്യത്തിന് നേരത്തെ സ്കൂളിൽ നിന്ന് പുറത്താക്കിയ ആളാണ് നിക്കളസ് ക്രൂസ്. ലോകം മുഴുവൻ ആയുധം കയറ്റി അയക്കുകയും ഭീകര പ്രവർത്തനം അടിച്ചമർത്താൻ ലോക പോലീസ് ചമഞ്ഞ് ലോകത്തെ വിറപ്പിക്കുകയും ചെയ്യുന്ന അമേരിക്ക കൗമാരക്കാരായ സ്കൂൾ വിദ്യാർഥികൾ നിരപരാധികളായ സഹപാഠികളെയും അധ്യാപകരെയും വകവരുത്തുന്നത് കണ്ട് നടുങ്ങുകയാണ്. അവിടെ കഴിഞ്ഞ ഒക്ടോബർ മൂന്നിന്ന് ലാസ് വെഗാസിൽ 58 പേർ മരണപ്പെട്ട ഗൺ വയലൻസിന് ശേഷം നടന്ന ഏറ്റവും വലിയ തോക്കുകൊണ്ടുള്ള കൂട്ടക്കുരുതിയാണ് ഫ്ളോറിഡയിൽ നടന്നത്. മക്കളെ സ്കൂളിലയക്കുന്ന ഓരോ അമേരിക്കൻ പൗരനും തങ്ങളുടെ കുട്ടികൾ തിരിച്ച് വരുന്നത് വരെ നെഞ്ചിൽ തീയുമായി കഴിയുന്ന ദുരിതകാലമാണ് അമേരിക്കക്ക് വന്ന്ചേർന്നിരിക്കുന്നത്. The Guardian പത്രത്തിന്റെ ഫെബ്രുവരി 15 എഡിറ്റോറിയലിൽ 1999ലെ കൊളംബിയൻ സ്കൂൾ വെടിവെപ്പിന് ശേഷം അമേരിക്കയിൽ ഇത്വരെ ഒന്നരലക്ഷം കുട്ടികൾ കാമ്പസ് ഷൂട്ടിങ്ങിന് സാക്ഷ്യം വഹിച്ചിട്ടുണ്ട് എന്നാണ് പറയുന്നത്.




അമേരിക്കയിൽ തോക്കുകൊണ്ടുള്ള മനുഷ്യവേട്ട അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഗൺ കൺട്രോൾ നിയമം നടപ്പാക്കാൻ വേണ്ടി വിദ്യാർഥികൾ വൈറ്റ് ഹൗസിന് മുമ്പിൽ പ്രതിഷേധ ധർണ സംഘടിപ്പിക്കുകയും അമേരിക്കയിലുടനീളം പ്രതിഷേധ കൊടുങ്കാറ്റ് ഉയരുകയുമാണ്. കൈകൾ നെഞ്ചോട് ചേർത്ത് അമേരിക്കൻ പതാക പുതച്ച് ‘അടുത്തതാര്?’ എന്ന പ്ലക്കാർഡുമായാണ് സമരം ചെയ്യുന്ന വിദ്യാർഥികൾ ധർണയിൽ പങ്കെടുത്തത്.

ലോകത്ത് തോക്ക് സാന്ദ്രത ഏറ്റവും കൂടുതലുള്ള രാജ്യമാണ് അമേരിക്ക. യുദ്ധ ഭരിതമായ യമനിൽ നൂറു പേരിൽ 55 പേർക്കാണ് തോക്കുള്ളതെങ്കിൽ, Congressional Research Serviceന്റെ കണക്കനുസരിച്ച് അമേരിക്കയിൽ 100 പേർക്ക് 101 തോക്കാണുള്ളത്. ലോകത്തിലെ സ്വകാര്യ തോക്കു ധാരികളിൽ 48 ശതമാനവും അമേരിക്കയിലാണ് എന്നതാണ് ഞെട്ടിപ്പിക്കുന്ന കണക്ക്. നമ്മുടെ നാട്ടിൽ എല്ലാവർക്കും മൊബൈൽ ഉള്ളത്പോലെയാണ് അമേരിക്കക്കാർ തോക്ക് ഉപയോഗിക്കുന്നത്. അമേരിക്കൻ കുട്ടികൾ വയലന്റായ വീഡീയോ ഗെയിമുകൾ കളിക്കുന്നതും സിനിമ കാണുന്നതുമാണ് പ്രശ്നത്തിന് കാരണമെന്നാണ് ട്രംപിന്റെ പക്ഷം. CNN June 20, 2017 നടത്തിയ ഒരു പഠനത്തിൽ 2012 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ ഓരോ വർഷവും 1297 കുട്ടികൾ തോക്ക് കൊണ്ടുള്ള ആക്രമണമേറ്റ് മരിക്കുന്നുവെന്ന് പറയുന്നു. ഈ വർഷങ്ങളിൽ ഓരോ വർഷവും തോക്ക് സംബന്ധമായ ആക്രമണങ്ങളിൽ 5,790 കുട്ടികൾ ചികിത്സ തേടിയിട്ടുണ്ട്. അമേരിക്കയിലെ ശിശു രോഗ മാഗസിനിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനം ഉദ്ധരിച്ച് CNN പ്രസിദ്ധീകരിച്ചതാണ് ഈ വിവരം.

അമേരിക്കയിൽ ഏറ്റവും ശക്തമായ ലോബിയിങ്ങ് ഗ്രൂപ്പാണ് National Rifle Association (NRA).

ആയുധ വ്യാപാരികൾക്ക് മുൻ തൂക്കമുള്ളവരുടെ ഒരു സംഘടന യാണിത്. NRA തോക്ക് ഉപയോഗി ക്കുന്നതിൽ പ്രായോഗിക പരിശീനം നൽകുകയും പ്രോത്സാഹിപ്പിക്കുക യും ചെയ്യുന്നു. അമേരിക്കയുടെ മുൻ പ്രസിഡന്റ് ഒബാമ തോക്ക് നിയന്ത്രണ നിയമത്തിന് അനുകൂല മായിരുന്നു. യുദ്ധത്തേയും ആയുധ ത്തേയും വാഴ്ത്തി പറയുന്ന ഡൊണാൾഡ് ട്രംപ് തോക്ക് നിയന്ത്രണ നിയമത്തെ രൂക്ഷമായി വിമർശിച്ചുകൊണ്ടാണ് തെരഞ്ഞെ ടുപ്പ് വിജയിച്ചത്. തോക്ക് നിയന്ത്ര ണത്തെ എതിർക്കുന്ന NRA യിൽ നിന്ന് 30 ദശലക്ഷം ഡോളറാണ് ട്രംപ് തിരഞ്ഞെടുപ്പ് സംഭാവന സ്വീകരിച്ചത്. തോക്ക് നിയന്ത്രണ ത്തെ അനുകൂലിക്കുന്ന സ്ഥാനാർ ഥികളെ വ്യക്തി സുരക്ഷയുടെ പേര് പറഞ്ഞ് എതിർക്കുകയും അത്തരം സ്ഥാനാർഥികളെ പരാജയപ്പെടുത്തുകയുമാണ് NRA ചെയ്യുന്നത്.

ഫ്ളോറിഡയിൽ കൂട്ടക്കൊല നടത്തിയ നികളസ് ക്രൂസ് എന്ന പത്തൊമ്പത്കാരൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപി ന്റെ ഒരു ആരാധകനായിരുന്നു. The Guardian- Muslims are seen as a threat in the US – but the Florida shooter wasn't. Why? _Trita Parsi (The Guardian- 25 FEB 2018). എന്ന ലേഖനത്തിൽ കൊലയാളിയു ടെ ഈ ട്രംപ് ഭ്രമം വിവരിക്കുന്നു ണ്ട്. അയാൾ ട്രംപിനെ അനുകരിച്ച് കൊണ്ട് ഒരു മുസ്‌ലിം വിരുദ്ധനും വിദ്വേഷിയുമായിരുന്നു. മുസ്‌ലിം കൾ ഭീകരരും ബോംബർമാരാ ണെന്നും നിക്കളസ് ക്രൂസ് കരുതി. ട്രംപിന്റെ അനുയായികൾ ധരിക്കു ന്ന ട്രംപ് ഹാറ്റ് കൊലയാളി ധരിക്കുമായിരുന്നു. സോഷ്യൽ മീഡിയയിൽ താനൊരു പ്രൊഫഷണൽ സ്കൂൾ ഷൂട്ടർ ആവാൻ പോവുകയാണെന്ന് നിക്കളസ് ക്രൂസ് എഴുതിയിയിട്ടുണ്ട്. മൃഗങ്ങളെ ഷൂട്ട് ചെയ്ത് കൊലയാളി പരിശീലനം നേടിയതായും പറയു ന്നു. കറുത്ത വർഗക്കാരോടും ലാറ്റിൻ അമേരിക്കക്കാരോടും വംശീയ വെറിയും അയാൾ വെച്ചു പുലർത്തിയിരുന്നതായി സഹപാഠി കൾ പറഞ്ഞുവെന്ന് ലേഖനം പറയുന്നു. കഴിഞ്ഞ കുറച്ച് നാളുകൾക്കിടയിയിൽ തീവ്ര വലത് പക്ഷ ബന്ധമുള്ള ഭീകരവാദികൾ അമേരിക്കയിൽ 106 മുതൽ 109 വരെ ആളുകൾ കൊല്ലപ്പെട്ട 62 ഭീകര പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അതേസമയം ഇസ്‌ലാമിക തീവ്ര വാദികൾ 23 അക്രമപ്രവർത്തന ങ്ങൾ മാത്രമാണ് നടത്തിയത്. അമേരിക്കയിലെ സ്വന്തം പൗരന്മാർ നടത്തുന്ന ഈ അഭ്യന്തര ഭീകര പ്രവർത്തനത്തിൽ നിന്നും ശ്രദ്ധമാറ്റാനാണ് ട്രംപ് മുസ്‌ലിം ഭീകരതയെക്കുറിച്ച് സംസാരിക്കുന്ന തെന്നും ലേഖനം കുറ്റപ്പെടുത്തു ന്നു. ഈ അഭ്യന്തര തോക്കുധാരി കളായ സ്കൂൾകുട്ടികളുടെ അക്രമണം തടയാൻ ട്രംപ് നിർദേശിച്ച പരിഹാരം സ്കൂൾ അധ്യാപകരും ആയുധം ധരിക്കണ മെന്നാണ്. അതായത് വിമാനത്തിലെ പൈലറ്റുമാർ ധരിക്കുന്നത് പോലെ ആയുധം ഒളിപ്പിച്ച് വെച്ച് ക്ലാസ്സിൽ പഠിപ്പിക്കാൻ വരണമെന്നും ആക്രമ ണമുണ്ടായാൽ ഉടൻ ഇടപെട്ട് അക്രമിയെ അദ്ധ്യാപകൻ കീഴ്പ്പെ ടുത്തണമെന്നുമാണ് ട്രംപിന്റെ ഉപദേശം. ട്രംപിന്റെ ഈ അഭി പ്രായവും അമേരിക്കയിലുടനീളം വിമർശന വിധേയമായിട്ടുണ്ട്. രൂക്ഷമായ ജനരോഷത്തെ തുടർന്ന് ട്രംപ് തോക്കുകളുടെ ഉപയോഗ ത്തിൽ ചില നിയന്ത്രണങ്ങൾ വരുത്താൻ നിർബന്ധിതനായി രിക്കുകയാണ്. സെമി ഓട്ടോമാറ്റിക് തോക്കുകളെ ഓട്ടോമാറ്റിക്ക് തോക്കു കളാക്കി മാറ്റാൻ ഉപയോഗിക്കുന്ന ബംമ്പ് സ്റ്റോക്ക് ഉപകരണം ഉൾപ്പെടെയുള്ള നിർമാണ സാമ ഗ്രികൾക്ക് വിലക്കേർപ്പെടുത്താൻ പ്രസിഡന്റ് ട്രംപ് നീതിന്യായ വകുപ്പിന് നിർദേശങ്ങൾ നൽകിയി ട്ടുണ്ട്.

അമേരിക്കയിൽ വളരുന്ന ആൺ കുട്ടികൾ പലപ്പോഴും തകർന്ന ദാമ്പത്യ ബന്ധത്തിന്റെ പശ്ചാത്തലത്തിൽ വളരുന്നവരാ ണ്. കുട്ടികൾക്ക് രക്ഷിതാക്കളിൽ നിന്ന് ശരിയായ പരിചരണവും ലാളനയും ധാർമികാദ്ധ്യാപനങ്ങളും കിട്ടുന്നില്ല. അത് അവരുടെ സ്വഭാവരൂപീകരണത്തെ സാരമായ തോതിൽ ബാധിക്കുന്നു. അതു പോലെ ഫെമിനിസത്തിന്റെ പറുദീസയായ അമേരിക്കയിൽ ആൺ കുട്ടികളുടെ പുരുഷത്വം പ്രകടിപ്പിക്കാൻ ഇത്തരം വയലൻ സുകളുടെ രീതി തിരഞ്ഞെടുത്ത താകാം കാരണമെന്ന് ചില പഠന

ശേഷം പേജ് 42 ൽ

അനുസ്മരണം:-

# നാസിർ പി റസാഖ് സാഹിബ്




കോഴിക്കോട് ജമാഅത്തിലെ നാസിർ പി റസാഖ് സാഹിബ് (63) 23.01.2018ന് വഫാത്തായി. ഇന്നാലി ല്ലാഹി വ ഇന്നാ ഇലൈഹി റാജി ഊൻ. കണ്ണൂർ സിറ്റി ജമാഅത്തിലെ മർഹൂം പുൾസാരകത്ത് അബ്ദുൾ റസാഖ് സാഹിബിന്റെയും റൗളബി സാഹിബയുടെയും മകനാണ്. ദീർഘനാൾ വിദേശത്ത് ജോലി ചെയ്തിരുന്ന അദ്ദേഹം കോഴിക്കോ ടാണ് സ്ഥിരതാമസമാക്കിയിരുന്നത്. സൗമ്യമായ വ്യക്തിത്വത്തിനുടമയാ യിരുന്നു. ജമാഅത്ത് പ്രവർത്തന ങ്ങളിൽ സജീവ സാന്നിധ്യമായി രുന്ന അദ്ദേഹം അബൂദാബിയിലെ മുസഫ്ഫ ജമാഅത്ത് സദറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ: താഹിറ സാഹിബ, മക്കൾ: റിദ്‌വാൻ, ഷഫഖ്, ഹിബ. മരുമക്കൾ: രഹ്ന, ഷാഹിന്ദ, യാസിർ

അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

# മർഹൂം സാഹിബ് സാദാ മിർസാ ഗുലാം അഹ്മദ് സാഹിബ്



പാക്കിസ്താൻ നാസിർ അ അ്ലാ ആയിരുന്ന സാഹിബ് സാദാ മിർസാ ഗുലാം അഹ്മദ് സാഹിബ് (78) ഫെബ്രുവരി 6-ാം തീയതി പാക്കിസ്താനിലെ അഹ്മദിയ്യാ ആസ്ഥാനമായ റബ്വയിൽ നിര്യാതനായി. ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ മൂത്ത പുത്രൻ ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ് സാഹിബിന്റെ പൗത്രനും ഇപ്പോഴത്തെ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) സാഹിബിന്റെ സഹോദരീ ഭർത്താവുമായിരുന്നു പരേതൻ. മൂന്ന് ആൺ മക്കളും രണ്ട് പെൺ മക്കളും ഉണ്ട്. രണ്ട് ആൺ മക്കൾ ജീവിതം വഖ്ഫ് ചെയ്തവർ ആണ്.

ദീനീ സേവനത്തിനായി ജീവിതം വഖ്ഫ് ചെയ്ത വ്യക്തിയായിരുന്നു മർഹൂം. സ്വന്തം സഹോദരൻ ആയിരുന്ന മുൻ നാദിർ അ്ലാ യുടെ നിര്യാണത്തിനു ശേഷം ഖലീഫാ തിരുമനസ്സ് നാദിർ അ്ലാ സ്ഥാനം ഏല്പ്പിച്ചപ്പോൾ വാർധക്യത്തിന്റെ അവശതകളും അനാരോഗ്യാവസ്ഥയും സ്വന്തം സഹോദരന്റെ വേർപാട് വരുത്തിയ അഘാതവും അവഗണിച്ചുകൊണ്ട് ആ സ്ഥാനം സർവാത്മനാ അദ്ദേഹം ഏറ്റെടുക്കുകയായിരുന്നു.

1962ൽ ആണ് സാഹിബ് സാദാ മിർസാ ഗുലാം അഹ്മദ് സാഹിബ് ജീവിതം വഖ്ഫ് ചെയ്തത്. പിന്നീട് റിവ്യൂ ഓഫ് റിലീജ്യന്റെ റബ്വയുടെ മാനേജിങ്ങ് എഡിറ്റർ ആയി അദ്ദേഹം നിയമിക്കപ്പെട്ടു. 'നീ ആർജിച്ച ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം മതപരമായ അറിവ് കൂടി കരസ്ഥമാക്കണം' എന്ന ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ നിർദേശത്തെ തുടർന്ന് അദ്ദേഹം സയ്യിദ് മീർ ദാവൂദ് അഹ്മദ് സാഹിബിൽ നിന്ന് ഹദീസും മറ്റു ദീനീപരമായ വിജ്ഞാനങ്ങളും കരസ്ഥമാക്കി.

നാസിർ അ്ലാ സ്ഥാനം ഏറ്റെടുക്കുന്നതിനു മുമ്പ് നാസിർ തഅ്ലീം, അഡിഷനൽ നാസിർ ഇസ്ലാഹ് വ ഇർശാദ്, നാസിർ ദീവാൻ തുടങ്ങി വിവിധ തസ്തികകളിൽ ജമാഅത്തിന് സേവനമനുഷ്ഠിക്കാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഖലീഫത്തുൽ മസീഹ് സാലിസ് (റ) ന്റെ പ്രൈവറ്റ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഇതിനു പുറമേ നിരവധി കമ്മിറ്റികളിൽ അംഗമായിരുന്നു അദ്ദേഹം. തബർറുകാത്ത് കമ്മിറ്റിയുടെ സദ്ർ ആയിരുന്നു. 1989ൽ ഇദ്ദേഹത്തിനും മിർസാ ഖുർശിദ് അഹ്മദ് സാഹിബിനും മറ്റു രണ്ട് ജമാഅത്തീ ഉദ്യോഗസ്ഥന്മാർക്കും അല്ലാഹുവിന്റെ മാർഗത്തിൽ തടവറയിൽ കഴിയാനും ഭാഗ്യം സിദ്ധിച്ചു. 2010 മെയ് 28 ന് ലാഹോറിൽ ധാരാളം ശഹാദത്തുകൾ നടന്നപ്പോൾ ലാഹോർ ജമാഅത്തിനെ സമാശ്വസിപ്പിക്കുന്നതിനും ശുഹദാക്കളുടെ കുടുംബങ്ങളേയും പരിക്കേറ്റവരേയും കാണാനും നാദിർ അ്ലാ അയച്ച സംഘത്തിന്റെ അമീർ മിർസാ ഗുലാം അഹ്മദ് സാഹിബ് ആയിരുന്നു. അല്ലാഹു പരേതന് ആഖിറത്തിൽ അത്യുന്നതമായ പദവികൾ നൽകി അനുഗ്രഹിക്കുമാറാകട്ടെ.

പേജ് 14 ൽ നിന്ന് തുടർച്ച

ത്തിൽ മാത്രം ഞാൻ അഭിപ്രായം രേഖപ്പെടുത്താം, ഞാൻ ദൈവത്തിൽ ആണയിട്ട് പറയുന്നു, നബി(സ) തിരുമേനി ആഗതനാകാതിരിക്കുകയും വിശുദ്ധ ഖുർആൻ ഇറങ്ങാതിരിക്കുകയും നാം ദർശിച്ചിട്ടുള്ള ആ ദിവ്യാനുഗ്രഹങ്ങൾ സ്വന്തം നഗ്നനേത്രങ്ങൾ കൊണ്ട് ദർശിക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ മുൻകടന്ന എല്ലാ പ്രവാചകരുടെയും സത്യത നമ്മിൽ സന്ദേഹാസ്പദമായി മാത്രം അവശേഷിക്കുമായിരുന്നു. എന്തെന്നാൽ കഥകളിൽനിന്ന് ഒരുവിധ യാഥാർഥ്യവും ലഭ്യമാകുന്നില്ല. തന്നെയുമല്ല ആ കഥകൾ സത്യസന്ധമല്ലാതിരിക്കാനും, ആ പ്രവാചകരുമായി ചേർത്ത് പറയപ്പെടുന്ന മുഴുവൻ ദിവ്യദൃഷ്ടാന്തങ്ങളും അതിശയോക്തികളായിരിക്കാനും സാധ്യതകളേറെയാണ്. എന്തെന്നാൽ അവയൊന്നിന്റെയും ഒരടയാളം പോലും ഇന്നവശേഷിക്കുന്നില്ല. മാത്രമല്ല ആ മുൻകടന്ന ഗ്രന്ഥങ്ങളിൽനിന്ന് ദൈവത്തിന്റെ ഒരു വിലാസവും ലഭിക്കുന്നില്ല. നിശ്ചയമായും ദൈവവും മനുഷ്യരോട് സംസാരിക്കുന്നവനാണെന്ന് മനസ്സിലാക്കാനും സാധ്യമല്ല. എന്നാൽ നബി(സ) തിരുമേനിയുടെ ആഗമനത്തോടുകൂടി ആ വൃത്താന്തങ്ങൾക്കെല്ലാം യാഥാർഥ്യത്തിന്റെ നിറം ചാർത്തപ്പെട്ടു. ഇന്ന് നാം കേട്ടുകേൾവിയാലല്ല മറിച്ച് അനുഭവസാക്ഷ്യത്തിലൂടെ തന്നെ ദൈവീക ഭാഷണമെന്താണെന്നും ദൈവത്തിന്റെ അടയാളം എങ്ങനെ വെളിപ്പെടുന്നുവെന്നും പ്രാർഥനകൾ എപ്രകാരം സ്വീകരിക്കപ്പെടുന്നുവെന്നും നല്ലപോലെ തിരിച്ചറിഞ്ഞിരിക്കുന്നു. ഇവയൊക്കെത്തന്നെ നാം നബിതിരുമേനി(സ) യെ അനുധാവനം ചെയ്തതിലൂടെ നേടിയതാകുന്നു. ഇതരസമുദായങ്ങൾ കഥാകഥനത്തിലൂടെ പറഞ്ഞിരുന്ന കാര്യങ്ങളഖിലവും നാം കണ്ടിരിക്കുന്നു. തികച്ചും ദൈവവിഭൂഷിതനായ ഒരു പ്രവാചകന്റെ മടിശീലയാണ് നാം മുറുകെപ്പിടിച്ചിരിക്കുന്നത്. (ചശ്മയെ മഅ്രിഫ)

# യു. കെ. മുഹമ്മദ് യൂസുഫ് സാഹിബ്



കൊടുങ്ങലൂർ സ്വദേശിയും കോഴിക്കോട് ജമാഅത്തംഗവുമായ ജനാബ് യു. കെ മുഹമ്മദ് യൂസുഫ് സാഹിബ് (59) 6-2-2018ന് വൈകുന്നേരം 4:15 ന് കോഴിക്കോട് വെച്ച് വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ

അദ്ദേഹം എന്റെ ആത്മമിത്രമായിരുന്നു. 1989 സെപ്തംബർ 30 ന് ഈ വിനീതൻ ബൈഅത്ത് ചെയ്തതിന് ശേഷം ജനാബ് യൂസുഫ് സാഹിബിന് അഹ്മദിയ്യാ സന്ദേശമെത്തിക്കാൻ എനിക്ക് തൗഫീഖ് ലഭിക്കുകയുണ്ടായി. അദ്ദേഹം അപ്പോൾ ജമാഅത്തെ ഇസ്‌ലാമിയുടെ നിയന്ത്രണത്തിലുള്ള മഹല്ല് പള്ളിയിൽ ഇമാമുസ്സലാത്തും മുഅല്ലിമും ആയി സേവനമനുഷ്ഠിക്കുകയായിരുന്നു. സത്യസന്ദേശം യാതൊരു എതിർപ്പുമില്ലാതെ സ്വീകരിക്കാൻ അദ്ദേഹം തയ്യാറായി. അങ്ങനെ 1989 ഒക്ടോബർ അവസാന വാരം അദ്ദേഹം ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ഭാര്യ 8 മാസം പ്രായമായ കുഞ്ഞുമായി അദ്ദേഹത്തെ ഉപേക്ഷിച്ചു കൊണ്ട് അവരുടെ സ്വന്തം ഭവനത്തിലേക്ക് പോയി. തുടർന്ന് അദ്ദേഹത്തെ ഫസ്ഖ് ചൊല്ലി മാധ്യമം പത്രത്തിൽ പരസ്യം കൊടുക്കുകയുണ്ടായി. എതിർപ്പിന്റെ കൊടുങ്കാറ്റ് ആഞ്ഞു വീശിയിട്ടും അദ്ദേഹം പതറിയില്ല. പിന്നീട് അദ്ദേഹം കോഴിക്കോട് ലോക്കൽ ജമാഅത്തിൽ ലോക്കൽ മുഅല്ലിമായി സേവനം ചെയ്തു. അതിന് ശേഷം കോഴിക്കോട് ജമാഅത്തംഗം ജമീലാ സാഹിബയെ വിവാഹം കഴിച്ച് കോഴിക്കോട് സ്ഥിരതാമസമാക്കുകയാണുണ്ടായത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മകൻ ഹഫീഫ് ചെറുപ്രായത്തിൽ തന്നെ പിതാവിനെ തേടി കോഴിക്കോട്ട് വരികയും അദ്ദേഹത്തോടൊപ്പം സ്ഥിര താമസമാക്കുകയും തുടർന്ന് ബൈഅത്ത് ചെയ്യുകയും ചെയ്തു. തിരുവിഴാംകുന്ന് സ്വദേശി ജനാബ് ഇഫ്തിഖാർ സാഹിബിന്റെ മകൾ ജന്നത്ത് സാഹിബയാണ് മരുമകൾ. ജമാഅത്തിൽ വന്നത് മുതൽ വഫാത്ത്വരെ സ്തുത്യർഹമായ നിലയിൽ ഒരു പാട് സേവനങ്ങൾ ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് ലഭിച്ചു. കൊടുങ്ങല്ലൂർ ജമാഅത്ത് രൂപീകരിച്ചപ്പോൾ ഖാഇദും പിന്നീട് പ്രസിഡന്റുമായി. കോഴിക്കോട് സെക്രട്ടറി ഇസ്‌ലാഹ് വ ഇർഷാദ്, സെക്രട്ടറി തഅ്ലീമുൽ ഖുർആൻ, വർഷങ്ങളോളം ബുക്ക് സ്റ്റാൾ ഇൻചാർജ് എന്നീനിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു. വഫാത്താവുന്നത് വരെ കോഴിക്കോട് ജമാഅത്ത് ഖാദിം മസ്ജിദും ഇമാമുസ്സലാത്തും അദ്ദേഹമായിരുന്നു. പലപ്പോഴും വെള്ളിയാഴ്ച്ച ഖുത്ബയും നിർവഹിച്ചു. ഹോമിയോപ്പതി ചികിത്സയിൽ പ്രത്യേക കഴിവുണ്ടായിരുന്ന യൂസുഫ് സാഹിബിന്റെ സേവനം രോഗികൾക്ക് എപ്പോഴും ലഭ്യമായിരുന്നു. തബ്‌ലീഗ് അദ്ദേഹത്തിന് എന്നും പ്രിയപ്പെട്ട വിഷയമായിരുന്നു. കേരളത്തിലെ ടോൾ ഫ്രീ തബ്‌ലീഗ് മിക്കവാറും കൈകാര്യം ചെയ്തിരുന്നത് യൂസുഫ് സാഹിബ് ആയിരുന്നു.

കൊടിയത്തൂർ മുബാഹലക്ക് ശേഷം കേരളത്തിൽ ആറു മാസത്തിനുള്ളിൽ ബൈഅത്ത് ചെയ്യാൻ മർഹൂം യൂസുഫ് സാഹിബിനും കെ. എം. റഫീഖ് സാഹിബിനും ഈ വിനീതനും അവസരം ലഭിച്ചു. ഇത് സംബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് 17 -11- 1989 ന് തന്റെ ഖുത്ബയിൽ ഇപ്രകാരം പറയുകയുണ്ടായി. കേരളത്തിൽ തന്നെ ഈ മുബാഹലാ പ്രഖ്യാപനത്തിന് ശേഷം മുന്ന് മാന്യ വ്യക്തികൾ അഹ്മദിയ്യാ ജമാഅത്തിലേക്ക് പ്രവേശിക്കുകയുണ്ടായി. ജമാഅത്തിന്റെ കഠിന വിരോധികളായിരുന്ന പ്രസ്ഥാനങ്ങളുമായിട്ടായിരുന്നു ഇവരുടെ ബന്ധം. ഇവരുടെ പരിവർത്തനം തങ്ങൾക്ക് അപമാനകരമാണെന്ന് കരുതി ഇതിൽ നിന്ന് ഇവരെ അകറ്റാൻ കഴിവ് മുഴുവനും പ്രയോഗിച്ചു നോക്കുകയും ചെയ്തു. (ഇത് യൂസുഫ് സാഹിബിനെ കുറിച്ചായിരുന്നു.) വളരെ സമ്മർദം ചെലുത്തിനോക്കി. ചർച്ചകൾ നടത്തി. പക്ഷേ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരെല്ലാം അടിയുറച്ചു നിന്നു.

പിതാവ് കുഞ്ഞുമുഹമ്മദ്, മാതാവ് ആമിന. നാല് സഹോദരിമാരും രണ്ട് സഹോദരന്മാരുമാണ് ഉണ്ടായിരുന്നത്. ഒരു സഹോദരി വഫാത്തായി. അദ്ദേഹം കൃത്യമായി തഹജ്ജുദ് നമസ്ക്കാരം നിർവഹിച്ചുപോന്നു. ദുആയിൽ പ്രത്യേകം ആനന്ദം കണ്ടെത്തിയ വ്യക്തിയായിരുന്നു. പരേതന്റെ നിര്യാണം മൂലം കുടുംബത്തിനും ജമാഅത്തിനും ഉണ്ടായ നഷ്ടം അല്ലാഹു നികത്തിത്തരട്ടെ. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും പ്രദാനം ചെയ്യട്ടെ.

**മുഹമ്മദ് സലീം, കൊടുങ്ങല്ലൂർ**

---

**പേജ് 40 ൽ നിന്ന് തുടർച്ച**

ങ്ങളിൽ പറയുന്നു. അവർ ദിനേന ടെലിവിഷനിലൂടെയും മൾട്ടീമീഡിയയിലൂടെയും ലക്ഷക്കണക്കിന് കൊലപാതകങ്ങൾക്കും വയലൻസിനും ദൃക്സാക്ഷികളാവുകയാണ്. അതാണ് അവർക്ക് കിട്ടുന്ന ധാർമിക വിദ്യാഭ്യാസം. ഏതായാലും ലോകത്ത് ഭീകരപ്രവർത്തനങ്ങൾ തടയാൻ ഇറങ്ങിപ്പുറപ്പെട്ട അമേരിക്ക, കൊലയാളികളായി മാറുന്ന സ്വന്തം കുട്ടികളെ കൊണ്ട് പൊറുതിമുട്ടുകയാണ്. അമേരിക്ക ലോകത്ത് നടത്തുന്ന പാപകൃത്യങ്ങൾക്കുള്ള തിരിച്ചടിയായും ഈ ദുരവസ്ഥ വ്യാഖ്യാനിക്കപ്പെടുന്നു.

# കേരള സാഹിത്യ അക്കാദമി പുത്സകോത്സവത്തിൽ രണ്ടാം സമ്മാനം ലഭിച്ചു

അഹ്മദിയ്യാ ജമാഅത്ത് ചേലക്കരയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂരിലെ കേരള സാഹിത്യ അക്കാദമിയിൽ വെച്ച് നടന്ന ദേശീയ പുസ്തകോത്സവത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ (ചേലക്കര) ബുക്ക്സ്റ്റാളിന് രണ്ടാം സ്ഥാനം (ട്രോഫിയും - പ്രശസ്തി ഫലകവും - ക്യാഷ് അവാർഡ്) ലഭിച്ചു. ഒന്നാം സ്ഥാനം മാതൃഭൂമി കരസ്ഥമാക്കി. സമ്മാനം കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് വൈശാഖനിൽ നിന്ന് മൗലവി മുഹമ്മദ് റാഫി, നദീം അഹ്മദ് എന്നിവർ ഏറ്റുവാങ്ങി.



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പബ്ലിക്കേഷൻ കമ്മിറ്റി പ്രസിദ്ധീകരിച്ച World Crisis and Pathway to Peace, ഇസ്‌ലാമിലെ സ്ത്രീ, മൈത്രീ സന്ദേശം എന്നീ മൂന്ന് പുസ്തകങ്ങൾ കേരളാ സാഹിത്യ അക്കാദമി പുസ്തകോത്സവത്തിൽ വെച്ച് സത്യദൂതൻ എഡിറ്റർ മുഹമ്മദ് സലീം സാഹിബ്, ഫോക്ക്‌ലോർ അക്കാദമി മുൻ ചെയർമാൻ പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബിന് നൽകികൊണ്ട് പ്രകാശനം ചെയ്യുന്നു. വേദിയിൽ മൗലവി ഇർഷാദ് സാഹിബ്, മുനീർ അഹ്മദ് സാഹിബ് (പ്രസിഡന്റ് ചേലക്കര ജമാഅത്ത്), ശമീം സാഹിബ് (സെക്രട്ടി പബ്ലിക്കേഷൻസ്, കേരള), മൗലവി ഗുലാം അഹ്മദ് സാഹിബ്. താജുദ്ദീൻ സാഹിബ് (നാഇബ് അമീർ, പാലക്കാട്), മൗലവി ശാഹിൻ സാഹിബ്

---

അനുസ്മരണം:-

# ആലിക്കോയ സാഹിബ്



കോഴിക്കോട് ജമാഅത്തിലെ അംഗവും ദാറുസ്സലാം ഹൽഖാ സദറുമായ പി. ആലിക്കോയ സാഹിബ് (65) 23.02.2018ന് വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജി ഊൻ. കോഴിക്കോട് ജമാഅത്തിലെ ആദ്യകാല അഹ്മദിയായ പി. മമ്മദ് കോയയാണ് പിതാവ്.

കോഴിക്കോട് ജമാഅത്തിൽ ഏറ്റവും ഉദാരമായി സാമ്പത്തിക ത്യാഗം ചെയ്യുന്ന വ്യക്തികളിലൊരാളായിരുന്നു ആലിക്കോയ സാഹിബ്. വാക്കും പ്രവൃത്തിയും ഒരുമിപ്പിച്ച് അദ്ദേഹം നിശ്ശബ്ദമായി ജമാഅത്തിനെ സേവിച്ചു. നിരവധി രോഗങ്ങൾ ചെറുപ്പത്തിൽ തന്നെ ഗ്രസിച്ചിട്ടും അല്ലഹു അദ്ദേഹത്തിന് ആയുസ്സ് നീട്ടി നൽകുകയായിരുന്നു. ജമാഅത്തിന്റെ എല്ലാ സാമ്പത്തിക പദ്ധതികളിലും അദ്ദേഹം ഉദാരമായി സഹകരിച്ചു. കഷ്ടപ്പെടുന്നവർക്ക് സാമ്പത്തിക സഹായവും നൽകിയിരുന്നു. എല്ലാ വർഷവും മുടക്കം കൂടാതെ അദ്ദേഹം ഖാദിയാൻ സന്ദർശിച്ചിരുന്നു. കോഴിക്കോട് ജമാഅത്തിന്റെ ആദ്യമസ്ജിദും അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ പേരിൽ പീഢിതരായവർക്ക് അഭയം കേന്ദ്രവുമായിരുന്ന സിൽക്ക് സ്ട്രീറ്റിലെ ചരിത്ര പ്രാധാന്യമുള്ള ദാറുസ്സലാം മസ്ജിദ് പുനർനിർമാണത്തിന്റെ മുഖ്യ ചെലവ് വഹിച്ചത് അദ്ദേഹമായിരുന്നു. ദാറുസ്സലാമിനോടനുബന്ധിച്ചുള്ള അന്യാധീനപ്പെട്ട വഖഫ് ഭൂമി വിണ്ടെടുക്കുന്നതിന് ജമാഅത്ത് നടത്തുന്ന കേസിന് നേതൃത്വം നൽകുകയും അതിനുള്ള താൽക്കാലിക സാമ്പത്തിക ചെലവ് വഹിക്കുകയും ചെയ്തത് അദ്ദേഹമായിരുന്നു. കോഴിക്കോട് ജമാഅത്തിലെ പുത്തൂർമഠം ഹൽഖക്ക് പുതിയ പള്ളി നിർമിച്ചു കൊടുക്കുക എന്നത് അദ്ദേഹത്തിന്റെ തീവ്രമായ അഭിലാഷമായിരുന്നു. പള്ളി നിർമിക്കാനാവശ്യമായ സ്ഥലം പോയി നോക്കി വന്നതിന് ശേഷമാണ് അദ്ദേഹത്തിന്റെ വഫാത്തുണ്ടായത്. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**ഭാര്യ**: പരേതനായ കോയമോൻ സാഹിബിന്റെ മകൾ കെ. എം. മറിയംബി. **മക്കൾ**: അഫ്സത്ത്, അഫ്സിയ അൽത്താഫ്, ഐഫ, അനഫി, മുഹമ്മദ് ആരിഫ്. **മരുമക്കൾ**: അൽത്താഫ് പി. വി., നാസർ അഹ്മദ് വി. പി., ഫെഹ്മിദ, മുഹമ്മദ് ഇർശാദ്, ഇർഫാന.

***ടി. വി. മൊയ്തീൻ കോയ, കോഴിക്കോട്***

Published on 7.03.2018 Pages 44 Vol: 90 Issue. 3
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com